## എഡിറ്റോറിയൽ

# പാപത്തെ ജയിക്കുന്ന ജീവിതം



ഭക്തസിംഗ് എന്ന ദൈവഭൃത്യനോട് ആരോ ഒരിക്കൽ ചോദിച്ചു:"മിസ്റ്റർ ഭക്തസിംഗ്, താങ്കൾ ബൈബിളിലെ യോനയുടെ കഥ വിശ്വസിക്കുന്നുണ്ടോ? ഒരു വലിയ തിമിംഗലം യോന എന്ന മനുഷ്യനെ വിഴുങ്ങിയെന്നും അയാൾ മൂന്നു ദിവസം തിമിംഗലത്തിന്റെ വയറ്റിൽ ജീവനോടെ കിടന്നെന്നും ഒടുവിൽ തിമിംഗലം യോനയെ കരയിലേക്കു ഛർദ്ദിച്ചിട്ടപ്പോൾ യോന ജീവനോടെ എഴുന്നേറ്റു നടന്നുപോയെന്നും ഒക്കെ?".

ഭക്തസിംഗിന്റെ മറുപടി ഇങ്ങനെ:"വലിയ ഒരു തിമിംഗലം യോന എന്ന കൊച്ചു മനുഷ്യനെ വിഴുങ്ങി എന്നല്ല, മറിച്ചു യോന എന്ന കൊച്ചുമനുഷ്യൻ വലിയ ഒരു തിമിംഗലത്തെ വിഴുങ്ങി എന്നാണു ദൈവവചനത്തിൽ രേഖപ്പെടുത്തിയിരുന്നതെങ്കിൽ അതും ഞാൻ പൂർണമായി വിശ്വസിക്കുമായിരുന്നു."

നോക്കുക: വിശ്വാസം എന്നു പറയുന്നതിതാണ്. ബൈബിളിൽ അങ്ങനെയുണ്ട്. അതുകൊണ്ട് ഞാൻ അതു വിശ്വസിക്കുന്നു! ആകാശവും ഭൂമിയും മാറിപ്പോയെന്നു വരാം. എന്നാൽ ദൈവവചനത്തിലെ ഒരു വള്ളിക്കോപുള്ളിക്കോ മാറ്റം വരികയില്ല.

പക്ഷേ ബൈബിൾ ദൈവശ്വാസീയമാണെന്നും അത് അക്ഷരാർത്ഥത്തിൽ തന്നെ വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യാനുള്ളതാണെന്നും പറയുന്ന സുവിശേഷവിഹിതരായ ക്രിസ്ത്യാനികൾതന്നെ ചില ആത്മീയസത്യങ്ങളുടെ നേരേ കണ്ണടയ്ക്കാറില്ലേ? ഉദാഹരണത്തിന് 'നിങ്ങൾ കൃപയ്ക്കധീനരാകയാൽ പാപം നിങ്ങളുടെ മേൽ കർത്തൃത്വം നടത്തുകയില്ല' എന്ന വചനം (റോമർ 6:14) ശ്രദ്ധിക്കുക. സംശയത്തിനു നേരിയ ഇടപോലും ശേഷിപ്പിക്കാത്ത എത്ര വ്യക്തവും ശക്തവുമായ ഒരു വചനം! എന്നിട്ടും ഈ സത്യം ഇന്നു മിക്കവിശ്വാസികളെ സംബന്ധിച്ചിടത്തോളം പ്രാവർത്തികമായിട്ടില്ല. എന്തുകൊണ്ടാണ്?

പ്രധാനകാരണം ഇതേപ്പറ്റിയുള്ള പ്രസംഗങ്ങളും എഴുത്തുകളും ഇന്നു നന്നേ വിരളമാണ് എന്നതുതന്നെ. 'ആരും പ്രസംഗിക്കാതെ എങ്ങനെ കേൾക്കും? കേൾക്കാതെ എങ്ങനെ വിശ്വസിക്കും?'

പാപത്തിന്മേൽ ജയമുള്ള ഒരു ജീവിതം-ഒരു ദൈവമകന്/മകൾക്ക് ഈ ഭൂമിയിൽ തന്നെ ദൈവം വച്ചിരിക്കുന്ന ഒരു സാധ്യതയാണ്. പക്ഷേ ഈ അവകാശത്തിലേക്ക് പലർക്കും ഇന്നു നടന്നുകയറാനുള്ള തടസ്സം എന്താണ്? അവിശ്വാസം തന്നെ.

പഴയനിയമസഭയായ യിസ്രായേലും ഈ നിലയിൽ ദൈവം അവർക്കായി വച്ചിരുന്ന ഒരു അവകാശം അവിശ്വാസംമൂലം നഷ്ടപ്പെടുത്തിയതിനെക്കുറിച്ച് എബ്രായർ മൂന്ന്, നാല് അധ്യായങ്ങളിൽ വിവരിച്ചിട്ടുണ്ട്. ദൈവിക സ്വസ്ഥതയായ കനാൻ നാട്ടിലേക്കു പ്രവേശിക്കാനുള്ള സാധ്യതയായിരുന്നു അവർ നഷ്ടമാക്കിയത്.

കനാൻനാട് സ്വർഗ്ഗത്തിന്റെ നിഴലാണെന്നാണ് ഇന്നു മിക്ക വിശ്വാസികളും കരുതുന്നത്. 'സ്വർഗ്ഗീയകനാൻ' തുടങ്ങിയ പ്രയോഗങ്ങളും പാട്ടുകളും ഓർക്കുക. എന്നാൽ വാസ്തവത്തിൽ കനാൻ സ്വർഗ്ഗത്തിന്റെ നിഴലല്ല. കനാനിൽ യിസ്രായേലിന് മല്ലന്മാരോട് യുദ്ധം ചെയ്യേണ്ടിവന്നു. എന്നാൽ സ്വർഗ്ഗത്തിൽ നമുക്ക് ഒന്നിനോടും-പാപത്തോടും-യുദ്ധം ചെയ്യേണ്ടിവരികയില്ലല്ലോ. അങ്ങനെയെങ്കിൽ കനാൻ എന്താണ്?


കനാനെ ശബ്ബത്തനുഭവം, സ്വസ്ഥത എന്നെല്ലാമാണു എബ്രായലേഖനകാരൻ വിശേഷിപ്പിച്ചിരിക്കുന്നത്. പാപവും സ്വയത്തിന്റെ പ്രവൃത്തികളുമല്ലേ വാസ്തവത്തിൽ നമ്മുടെ സ്വസ്ഥത നശിപ്പിക്കുന്നത്? പാപം നമ്മെ അസ്വസ്ഥരാക്കുന്നു. അതുകൊണ്ട് പാപത്തിന്മേൽ ജയമുള്ള ഒരു ജീവിതമാണ് സ്വസ്ഥത, ശബ്ബത്തനുഭവം, കനാൻ. ചുരുക്കത്തിൽ ദൈവജനത്തിന് ഈ ഭൂമിയിൽ തന്നെ ദൈവം വച്ചിരിക്കുന്ന ഒരു സാധ്യതയാണു വിജയകരമായ ഒരു ജീവിതം.

കനാനിൽ പ്രവേശിക്കാൻ കഴിയാതെ മരുഭൂമിക്കു വളമായിത്തീർന്ന യിസ്രായേൽമക്കൾ സാധാരണക്കാരായിരുന്നോ? അല്ല. അവരുടെ പ്രത്യേകത ശ്രദ്ധിക്കുക:"സഹോദരന്മാരേ, നമ്മുടെ പിതാക്കന്മാർ എല്ലാവരും മേഘത്തിൻകീഴിൽ ആയിരുന്നു. എല്ലാവരും സമുദ്രത്തൂടെ കടന്നു എല്ലാവരും മേഘത്തിലും സമുദ്രത്തിലും സ്നാനം ഏറ്റു മോശെയോടു ചേർന്നു....എങ്കിലും അവരിൽ മിക്കപേരിലും ദൈവം പ്രസാദിച്ചില്ല. അവരെ മരുഭൂമിയിൽ തള്ളിയിട്ടുകളഞ്ഞു...ഇതു നമുക്കു ദൃഷ്ടാന്തമായി സംഭവിച്ചു." (1 കൊരിന്ത്യർ 10:1-5).

ഇന്നത്തെ വിശ്വാസസമൂഹത്തിന്റെ ഒരു പ്രതീകമാണ് ഇവരെന്നു കാണാം. അവർ പെസഹയും ചോരത്തളിയും ആചരിച്ചു മിസ്രയേമിൽ നിന്ന് ഇറങ്ങിപ്പുറപ്പെട്ടവരാണ്. ഇതു വീണ്ടുംജനനത്തിന്റെ നിഴലാണ്. അവർ സമുദ്രത്തിലൂടെ കടന്നു മോശെയോടു ചേർന്നു. ഇതു വിശ്വാസസ്നാനത്തിന്റെ പ്രതീകം. മേഘത്തിലൂടെ കടന്നത് ആത്മസ്നാനത്തിന്റെ മുൻകുറി. എങ്കിലും അവർ വിജയകരമായ ജീവിതത്തിന്റെ നിഴലായ കനാനിൽ പ്രവേശിക്കാഞ്ഞതുമൂലം മരുഭൂമിയിൽ നശിച്ചുപോയി. യിസ്രായേൽ പ്രതീകാത്മകമായി പിന്നിട്ട ആത്മീയമുന്നേറ്റത്തിന്റെ ഒരോ നാഴികക്കല്ലിനും ചുറ്റും ഒരോ സഭകൾ തീർത്തവരാണ് ഇന്നു ക്രിസ്തീയഗോളത്തിൽ ഉള്ളവരെന്നു കാണാം. ചിലർ വീണ്ടും ജനനവും രക്ഷാനുഭവവും-അവിടെ വരെമാത്രമേ വന്നിട്ടുള്ളൂ. ആ അനുഭവത്തിനുചുറ്റും അവർ തങ്ങളുടെ സഭ പണിതിരിക്കുന്നു. രക്ഷയിൽനിന്ന് ഒരു പടികൂടി മുന്നോട്ടു വന്നു വിശ്വാസസ്നാനവും കൂടി അംഗീകരിക്കുന്നവരാണു മറ്റുചില 'സഹോദരന്മാർ' അതിനുചുറ്റുമാണ് അവരുടെ സഭ. അവിടെനിന്നും മുന്നോട്ടു വന്നു പരിശുദ്ധാത്മസ്നാനം കൂടി അംഗീകരിക്കുന്ന പെന്തക്കോസ്തു വിശ്വാസികളാകട്ടെ അവിടെ വച്ചു 'ഫ്രീസു ചചെയ്യപ്പെട്ട്' ആ അനുഭവത്തിനു ചുറ്റും തങ്ങളുടെ സഭ സ്ഥാപിച്ചിരിക്കുന്നു. പക്ഷേ ഒന്നോർക്കുക: പഴയനിയമയിസ്രായേൽ ഈ അനുഭവങ്ങളിലൂടെയെല്ലാം കടന്നുവന്നിട്ടും അടുത്ത പടിയായ പാപത്തിന്മേൽ ജയമുള്ള വിജയകരമായ ജീവിതത്തിന്റെ നിഴലായ കനാന്റെ സ്വസ്ഥതയിൽ പ്രവേശിക്കാഞ്ഞതു മൂലം മരുഭൂമിയിൽ പട്ടുപോയി.

എത്ര ഗൗരവത്തോടെ നാം ഈ കാര്യം കാണേണ്ടിയിരിക്കുന്നു! അതുകൊണ്ട് പരിശുദ്ധാത്മാവു നൽകുന്ന ഈ മുന്നറിയിപ്പു ശ്രദ്ധിക്കുക: "അവരെപ്പോലെ ( യിസ്രായേലിനെപ്പോലെ) നാമും ഒരു സദ്വർത്തമാനം (വാഗ്ദത്ത കനാനിലേക്കുള്ള പ്രവേശനം അഥവാ പാപത്തിന്മേൽ ജയമുള്ള സ്വസ്ഥതയുള്ള ജീവിതത്തിലേക്കുള്ള പ്രവേശനം സംബന്ധിച്ച സുവാർത്ത) കേട്ടവർ ആകുന്നു. എങ്കിലും കേട്ടവരിൽ വിശ്വാസമായി പരിണമിക്കായ്കൊണ്ട് കേട്ടവചനം അവർക്ക് (യിസ്രായേലിന്) ഉപകാരമായി വന്നില്ല. വിശ്വസിച്ചവരായ നാമല്ലോ സ്വസ്ഥതയിൽ പ്രവേശിക്കുന്നു" (എബ്രായർ 3:2,3).

നിങ്ങൾ ഇതു വിശ്വസിക്കുമോ? എങ്കിൽ 'നിങ്ങളുടെ വിശ്വാസം പോലെ നിങ്ങൾക്കു ഭവിക്കും' (മത്തായി 9:29).
ശബ്ബത്തനുഭവം നമ്മുടെ ജന്മാവകാശമാണ്.



സന്ദേശം

# പാപത്തിന്മേലുള്ള ജയം

**ഡേവിഡ് വിൽക്കേഴ്സൺ**

**പാ**പത്തിൽ ബോധപൂർവ്വം തുടരുന്ന ഒരുവന് എങ്ങനെയാണ് യേശുവിനെ സ്നേഹിക്കുന്ന ഒരുവനെന്നു സ്വയം വിശേഷിപ്പിക്കാൻ കഴിയുന്നത്? ക്രിസ്തുവിന്റെ അനുയായി എന്ന നിലയിൽ പാപത്തിന്റെ ശക്തിയിൽ നിന്ന് വിടുതൽ നേടിയെന്നു നാം അവകാശപ്പെടാറുണ്ട്. അകൃത്യത്തിന്റെ ബന്ധനത്തിൽ നിന്ന് ക്രൂശ് നമ്മെ പൂർണ്ണമായി രക്ഷിച്ചുവെന്ന് നാം സാക്ഷിക്കുന്നു. എന്നാൽ ധാരാളം വിശ്വാസികൾ ഇന്ന് ദുർമോഹം, തെറ്റായ സ്വഭാവങ്ങൾ, പക, കൈപ്പ് (അഥവാ വിദ്വേഷം) തുടങ്ങിയവയിൽ തുടരുന്നു. എവിടെയാണ് ഇത്തരം ക്രിസ്ത്യാനികൾ എന്ന് നിങ്ങൾ ചോദിച്ചേക്കാം. അവർ നിങ്ങൾക്കുചുറ്റും ഉണ്ട്. എല്ലാ ഞായറാഴ്ചയും അവർ സഭകളിൽ ആരാധിക്കുന്നു. തങ്ങളെ വിടുവിച്ച ദൈവത്തെ അവർ കരങ്ങൾ ഉയർത്തി സ്തുതിക്കുന്നു. എല്ലാ ബന്ധനങ്ങളെയും തകർക്കുന്ന ക്രിസ്തുവിന്റെ ശക്തിയെക്കുറിച്ച് അവർ മറ്റുള്ളവരോട് സാക്ഷിക്കുന്നു. പക്ഷേ തങ്ങളെ മുറുകെപ്പറ്റുന്ന പാപങ്ങളെ വിട്ടുകളയുവാൻ അവർക്കു കഴിയുന്നില്ല.




**മുറുകെപറ്റുന്ന പാപത്തിൽ നാം എത്രനാൾ മുഴുകുമോ നമ്മുടെ മേലുള്ള അതിന്റെ പിടി അത്രയേറെ ശക്തമായിരിക്കും.**

പാപത്തിന്റെ പിടിയിൽ നിന്ന് തങ്ങൾക്കു മോചനം നേടാൻ കഴിയും എന്ന് അത്തരം പല ക്രിസ്ത്യാനികളും വിശ്വസിക്കുന്നില്ലെന്നതാണ് ഖേദകരം. തങ്ങളുടെ പാപബന്ധനത്തിൽ നിന്നു മോചിതരാകാൻ അവർ അറിയാവുന്ന എല്ലാ രീതികളും അവലംബിക്കാറുണ്ട്. പക്ഷേ പ്രാർത്ഥനയോ, ഉപദേശങ്ങളോ, കുറ്റപ്പെടുത്തുന്ന സന്ദേശങ്ങളോ അവർക്കു സഹായകരമാകുന്നതായി ത്തോന്നുന്നില്ല. ഒരു വിഷപ്പാമ്പ് ഹൃദയത്തെ ചുറ്റിയിരിക്കുന്നതുപോലെ അവരുടെ പാപം അവരെ വരിഞ്ഞു കെട്ടിയിരിക്കുന്നു. അത് അവരെ നിയന്ത്രിക്കുന്നു. വലിയ കുറ്റബോധവും പാപത്തിന്റെ വേദനാജനകമായ ഭാരവും നിരന്തരം പേറുന്നവരായി അവർ തീർന്നിരിക്കുന്നു.

പൗലോസ് ചോദിക്കുന്നു " അതുകൊണ്ട് നാം എന്തു പറയേണ്ടു? കൃപ പെരുകേണ്ടതിനു നാം പാപം ചെയ്തുകൊണ്ടിരിക്കുകയെന്നോ? ഒരു നാളും അരുത്. പാപത്തെ സംബന്ധിച്ചിടത്തോളം മരിച്ചവരായ നാം ഇനി അതിൽ ജീവിക്കുന്നതെങ്ങനെ? (റോമ. 6:1-2). പൗലോസിനെ അത്ഭുതപ്പെടുത്തുന്നത് ഇതാണ്: "ക്രിസ്തുവിൽ നമ്മൾ എത്രയോ അവിശ്വസനീയമായ അനുഗ്രഹം നേടിയിരിക്കുന്നു! നമ്മൾ അവനിൽ സ്നാനമേറ്റും അവിടുത്തെ മരണത്തോട് ഏകീഭവിച്ചും അടക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റും ഇരിക്കെ നമുക്കെങ്ങനെ പാപത്തിൽ തുടരുവാൻ കഴിയും?

മുറുകെപ്പറ്റുന്ന പാപത്തിൽ നാം എത്രനാൾ മുഴുകുമോ അത്രമേൽ നമ്മുടെ മേലുള്ള അതിന്റെ പിടി അത്രയേറെ ശക്തമായിരിക്കും. നമ്മെ മുഴുവൻ ബാധിക്കുന്ന, നമ്മുടെ ചിന്തകളേയും, പ്രവൃത്തിയെയും മലിനപ്പെടുത്തുന്ന, ഒരർബുദ വ്യാധിയാണത്. അതിന്റെ ജീർണ്ണിപ്പിക്കുന്ന ശക്തി നമ്മുടെ ജീവിതത്തിന്റെ സമസ്തമേഖലകളെയും-

**പാപത്തിന്റെ പിടിയിൽ നിന്ന് തങ്ങൾക്കു മോചനം നേടാൻ കഴിയും എന്ന് പല ക്രിസ്ത്യാനികളും വിശ്വസിക്കുന്നില്ലെന്നതാണ് ഖേദകരം. തങ്ങളുടെ പാപബന്ധനത്തിൽ നിന്നു മോചിതരാകാൻ അവർ അറിയാവുന്ന എല്ലാ രീതികളും അവലംബിക്കാറുണ്ട്. പക്ഷേ പ്രാർത്ഥനയോ, ഉപദേശങ്ങളോ, കുറ്റപ്പെടുത്തുന്ന സന്ദേശങ്ങളോ അവർക്കു സഹായകരമാകുന്നതായി തോന്നുന്നില്ല. ഒരു വിഷപ്പാമ്പ് ഹൃദയത്തെ ചുറ്റിയിരിക്കുന്നതുപോലെ അവരുടെ പാപം അവരെ വരിഞ്ഞുകെട്ടിയിരിക്കുന്നു.**

ക്രിസ്തുവിനോടൊത്തുള്ള നമ്മുടെ നടപ്പിനെയും നമ്മുടെ ബന്ധങ്ങളെയും നാം സ്പർശിക്കുന്ന എല്ലാറ്റിനെയും - കാർന്നുതിന്നുന്നു.

പാപം ഒരിക്കലും സ്വയം ഇല്ലാതാവുകയില്ല. അതിനെ വേരോടെ പിഴുതു നശിപ്പിച്ചില്ലെങ്കിൽ അതു നിങ്ങളുടെ ജീവിതത്തിന്റെ സിംഹാസനത്തെത്തന്നെ പിടിച്ചടക്കിക്കളയും. ആദ്യം അതു നിങ്ങളുടെ മനസ്സാക്ഷിയെ ബാധിച്ച് അതിന്റെ എല്ലാ വിവേചനാബോധവും നഷ്ടപ്പെടുത്തും. തെറ്റും ശരിയും തമ്മിലുള്ള വ്യത്യാസം ക്രമേണ മങ്ങി ആകെ ഇരുളടഞ്ഞ ഒരുനിലയിൽ നിങ്ങൾ എത്തുന്നു. പിന്നെ പാപം അതിന്റെ സ്വരം നമ്മുടെ ചെവിയിൽ കേൾപ്പിക്കാൻ തുടങ്ങും. പതുക്കെ ആ ശബ്ദം നിങ്ങളുടെ ദുർമ്മോഹങ്ങളെ ന്യായീകരിച്ചു തുടങ്ങും - അതിനെ പിന്തുണയ്ക്കാൻ തിരുവെഴുത്തിൽ നിന്നുള്ള വാദഗതികൾ പോലും അതു നിരത്തിവയ്ക്കും. ഒടുവിൽ ക്രിസ്തീയപ്രസംഗങ്ങൾ നിങ്ങളെ സ്പർശിക്കാതാകും. നിങ്ങൾ പ്രസംഗങ്ങൾക്ക് അതീതനാകും (Sermon proof) - അർത്ഥം: പരിശുദ്ധാത്മാവു നൽകുന്ന ബോധ്യങ്ങളോടു





പ്രതികരിക്കാനുള്ള കഴിവ് നിങ്ങൾക്ക് നഷ്ടമാകും.

ഈ ഭയാനകമായ അവസ്ഥയിൽ എത്തിച്ചേർന്ന ക്രിസ്ത്യാനികളെ ഒരുപക്ഷേ നിങ്ങൾക്ക് അറിയാമായിരിക്കും. മുറുകെപ്പറ്റുന്ന പാപത്തെക്കുറിച്ച് ബോധ്യം നൽകാൻ ശ്രമിച്ചാൽ അവർ തങ്ങളെ ന്യായീകരിക്കാൻ തുടങ്ങും. "ഞാൻ ചെയ്യുന്നത് തെറ്റല്ല. ഞാൻ അതിനെക്കുറിച്ച് പ്രാർത്ഥിച്ചുനോക്കി. പരിശുദ്ധാത്മാവ് എന്നോട് പറഞ്ഞു ഞാൻ പാപമല്ല ചെയ്യുന്നതെന്ന്." ഇങ്ങനെയാവും അവർ പറയുന്നത്. എന്നാൽ ആ വ്യക്തിയുടെ പെരുമാറ്റം ദൈവവചനത്തിനുവിരുദ്ധമാണെന്ന് നിങ്ങൾക്കു വ്യക്തമായിരിക്കും.

ദൈവത്തിന്റെ ഉടമ്പടിയുടെ കഴിവനുസരിച്ച്, പിശാചിന്റെ മേൽ ജയാളിയായി ജീവിക്കുവാനുള്ള ശക്തി പരിശുദ്ധാത്മാവു നമ്മെ ധരിപ്പിക്കുന്നു. നമ്മുടെ ജീവിതത്തിന്മേലുള്ള അവന്റെ അധികാരത്തെ കുടഞ്ഞു കളയുവാൻ ആവശ്യമായതെല്ലാം അവിടുന്നു നമുക്കു തരുന്നു. കർത്താവിന്റെ കല്പനകൾ അനുസരിക്കാനുള്ള ഇച്ഛ പോലും പരിശുദ്ധാത്മാവു നമുക്കു സമ്മാനിക്കുന്നുണ്ട്.

എന്നാൽ എല്ലാ ബന്ധനത്തിൽ നിന്നും മോചനം നൽകുവാനും എല്ലാ ബദ്ധന്മാരേയും സ്വതന്ത്രരായി വിട്ടയയ്ക്കുവാനുമുള്ള ദൈവത്തിന്റെ പുതിയ ഉടമ്പടിയുടെ വാഗ്ദാനം തങ്ങളുടെ പാപങ്ങളെച്ചൊല്ലി മനംമടുത്തവർക്കു മാത്രമേ പ്രസക്തമായിരിക്കുന്നുള്ളൂ. തന്റെ പാപം ഗൗരവമായിക്കാണാത്ത ഒരുവന്റെ മേൽ പരിശുദ്ധാത്മാവ് വിമോചനശക്തി പകരാത്തതെന്തുകൊണ്ടാണ്? നിങ്ങളുടെ പൂർണ സഹകരണം ഇല്ലാതെ പരിശുദ്ധാത്മാവു പാപത്തിന്റെ പിടിയിൽ നിന്നു നിങ്ങളെ മോചിപ്പിക്കുമെന്നാണു കരുതുന്നതെങ്കിൽ നിങ്ങൾക്കു തെറ്റി. പരിശുദ്ധാത്മാവു ദുർമ്മോഹങ്ങളെ പിഴുതെടുത്തു കളയുമെന്നു, വൃഥാ ചിന്തിച്ച് അതിൽ മുഴുകി ജീവിക്കുന്ന ഏതെങ്കിലും ക്രിസ്ത്യാനികളുണ്ടെങ്കിൽ അവരോടു ദൈവം ക്ഷമിക്കട്ടെ. പരിശുദ്ധാത്മാവിന്റെ ശക്തിയെക്കുറിച്ചുള്ള അത്തരം പഠിപ്പിക്കലുകൾ പാപത്തിൽ മുഴുകി ജീവിക്കുന്ന ക്രിസ്ത്യാനികൾക്ക് ഒരു വ്യർത്ഥസമാധാനം നൽകുന്നെന്നു മാത്രമല്ല, ദൈവത്തിന്റെ പുതിയ ഉടമ്പടിയെ അതുതെറ്റായി ചിത്രീകരിക്കുകയും ചെയ്യുന്നു.

**എല്ലാ ബന്ധനത്തിൽ നിന്നും മോചനം നൽകുവാനും എല്ലാ ബദ്ധന്മാരേയും സ്വതന്ത്രരായി വിട്ടയയ്ക്കുവാനുമുള്ള ദൈവത്തിന്റെ പുതിയ ഉടമ്പടിയുടെ വാഗ്ദാനം തങ്ങളുടെ പാപങ്ങളെച്ചൊല്ലി മനം മടുത്തവർക്കു മാത്രമേ പ്രസക്തമായിരിക്കുന്നുള്ളൂ. തന്റെ പാപം ഗൗരവമായി കാണാത്ത ഒരുവന്റെ മേൽ പരിശുദ്ധാത്മാവ് വിമോചനശക്തി പകരാത്തതെന്തുകൊണ്ടാണ്? നിങ്ങളുടെ പൂർണസഹകരണം ഇല്ലാതെ പരിശുദ്ധാത്മാവു പാപത്തിന്റെ പിടിയിൽ നിന്നു നിങ്ങളെ മോചിപ്പിക്കുമെന്നാണു കരുതുന്നതെങ്കിൽ തെറ്റി.**

**എന്തുകൊണ്ടാണ് വിശ്വാസികൾ ഇപ്രകാരം പാപജീവിതത്തിൽ തുടരുന്നത്?**

ഈ ചോദ്യത്തിന് ഉത്തരം നൽകാൻ എനിക്കെന്റെ ഹൃദയത്തിലേക്കു മാത്രം നോക്കിയാൽ മതി. നാൾ സമീപിക്കുന്തോറും എന്റെ കർത്താവിന്റെ ന്യായാസനത്തിനു മുൻപാകെ ഞാൻ നില്ക്കുന്നതും അവിടുത്തെ സ്നേഹാർദ്രമായ കണ്ണുകൾ എന്നെ ഉഴിയുന്നതും ഞാൻ കൂടുതൽ സങ്കല്പിക്കാറുണ്ട്. ആ നിമിഷം എല്ലാ പ്രവൃത്തിക്കും ചിന്തയ്ക്കും ഞാൻ അവിടുത്തോട് കണക്കു ബോധിപ്പിക്കേണ്ടതുണ്ട്. ഒരു സുവിശേഷകനെന്ന നിലയിൽ ഞാൻ മറ്റുള്ളവരോട് പ്രസംഗിച്ച സന്ദേ

ശങ്ങളെക്കുറിച്ചും അവയ്ക്കൊപ്പം ജീവിക്കാതിരുന്നതിനെക്കുറിച്ചും ഞാൻ പ്രത്യേകം കണക്കു നൽകേണ്ടിവരും. പൗലോസ് എഴുതുന്നത് "മറ്റുള്ളവരോടു സുവിശേഷം പ്രസംഗിച്ച ഞാൻ തന്നെ തിരസ്കൃതനാകാതിരിക്കേണ്ടതിന് എന്റെ ശരീരത്തെ ഞാൻ കർശനമായി നിയന്ത്രിച്ചു കീഴടക്കുന്നു" എന്നാണല്ലോ (1 കൊരി. 9:27).

ഈ രംഗത്തെക്കുറിച്ചുള്ള ചിന്ത തന്നെ എന്റെ ഹൃദയത്തിൽ ഒരു വിശുദ്ധഭയം ജനിപ്പിക്കുന്നു. അതുകൊണ്ട് "കർത്താവേ, എന്നിൽ എന്തെങ്കിലും പാപം ഉണ്ടെങ്കിൽ ദയവായി അതിനോട് ഇടപെടണമേ. ഹൃദയത്തെ ചുറ്റിവരിഞ്ഞിരിക്കുന്ന ഒരു ദുർമ്മോഹവുമായി കാഹളശബ്ദം കേൾക്കുവാനോ അവിടുത്തെ മുൻപാകെ നില്ക്കുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല" എന്നു ഞാൻ ദിവസന്തോറും നിലവിളിക്കുന്നു.

യേശുവിനു മുൻപിൽ നില്ക്കുമ്പോൾ നിങ്ങൾക്ക് അവിടുത്തോട് എന്തുപറയാനാകും? കയ്പുള്ള ഒരു വേര് മനസ്സിൽ സൂക്ഷിച്ചതിന് നിങ്ങൾ എന്തു ന്യായീകരണമാണു നൽകുക? ഒരു പക, ദുർമ്മോഹം, ഒരു പാപസ്വഭാവം എന്നിവയോട് ഒട്ടി നിന്നതിന് എന്തു സമാധാനം പറയും? "കർത്താവേ, ഈ പാപം അവിടുന്നു ഗൗരവമായി എടുക്കുമെന്നു ഞാൻ കരുതിയില്ല. അവിടുന്നെന്നോട് ക്ഷമയുള്ളവനായിരിക്കുമെന്നാണു ഞാൻ ചിന്തിച്ചത്. ഇക്കാര്യത്തിൽ അവിടുത്തെ കൃപ എന്നോടു സമൃദ്ധമായി ഉണ്ടാകുമെന്നാണു ഞാൻ കരുതിയത്. ഞാൻ എന്നും അവിടുത്തെ ഉടമ്പടിയുടെ വാഗ്ദാനങ്ങളിൽ വിശ്വസിച്ചിരുന്നു. അവിടുത്തെ ആത്മാവ് എന്നിൽ നിന്ന് ആ പാപസ്വഭാവത്തെ എടുത്തുകളയുന്നതിനായി ഞാൻ കാത്തിരിക്കുകയായിരുന്നു" എന്നിങ്ങനെ നിങ്ങൾക്കു പറഞ്ഞൊഴിയുവാനാകുമോ?

> **യേശുവിനു മുൻപിൽ നില്ക്കുമ്പോൾ നിങ്ങൾക്ക് അവിടുത്തോട് എന്തുപറയാനാകും? കയ്പു ള്ള ഒരു വേര് മനസ്സിൽ സൂക്ഷിച്ചതിന് നിങ്ങൾ എന്തു ന്യായീകരണമാണു നൽകുക? ഒരു പക, ദുർമ്മോഹം, ഒരു പാപസ്വഭാവം എന്നിവയോട് ഒട്ടിനിന്നതിന് എന്തു സമാധാനം പറയും? "കർത്താവേ, ഈ പാപം അവിടുന്നു ഗൗരവമായി എടുക്കുമെന്നു ഞാൻ കരുതിയില്ല. അ വിടുന്നെന്നോട് ക്ഷമയുള്ളവനായിരിക്കുമെന്നാണു ഞാൻ ചിന്തിച്ചത്" എന്നിങ്ങനെ നിങ്ങൾക്കു പറഞ്ഞൊഴിയുവാനാകുമോ?**

പ്രിയരേ, നമ്മുടെ കർത്താവു വേഗം വരുന്നു. അതുകൊണ്ട് നിങ്ങളുടെ പാപത്തെ കളിയായി എടുക്കുവാനുള്ള സമയം ഇതല്ല. വളരെ നല്ല ചില വിശ്വാസികളെ എനിക്കറിയാം. അവർ ഏതോ ഒരു ഘട്ടത്തിൽ ജീവിതത്തെക്കുറിച്ചു ശ്രദ്ധയില്ലാത്തവരായിത്തീർന്നു. ഫലം ദുർമ്മോഹങ്ങൾ അവരെ കീഴടക്കി. അതുകൊണ്ട് നിങ്ങൾക്ക് ഇതു സംഭവിക്കുകയില്ലെന്ന് കരുതരുത്. "എല്ലാവരും പാപം ചെയ്തു ദൈവതേജസ്സില്ലാത്തവരായിത്തീർന്നു" (റോമർ 3:23).

നിങ്ങൾ ഈ ചോദ്യങ്ങൾ നിങ്ങളോടുതന്നെ ചോദിക്കുക: "ഞാൻ എന്തിനു പാപത്തിൽ തുടരണം? ഈ ദുഷ്ടബന്ധനം എന്നെ ഇപ്പോഴും ചുറ്റിവരിഞ്ഞിരിക്കുന്നതെന്തിന്? ഞാൻ എന്തുകൊണ്ടു സ്വതന്ത്രനാകുന്നില്ല?"

ഈ വിഷയത്തെക്കുറിച്ച് നിരവധി കാര്യങ്ങൾ പരിശുദ്ധാത്മാവ് എനിക്കു വെളിപ്പെടുത്തിത്തന്നിട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു.

**നാം പാപത്തിൽ തുടരുന്നതിനുള്ള കാരണം ദൈവഭയമില്ലായ്മയാണ്.**

ഇന്നത്തെ പല ക്രിസ്ത്യാനികളുടെയും ഹൃദയത്തിൽ പരിശുദ്ധാത്മാവിൽ നിന്ന് ഉടലെടുത്ത ഒരു ദൈവ





ഭയം കണികാണാൻ പോലുമില്ല. സദൃശവാക്യകാരൻ സുഭാഷിതത്തിൽ ഇങ്ങനെയാണു പറയുന്നത് "ആത്മാർത്ഥതയും വിശ്വസ്തതയുമാണ് അധർമ്മത്തിനു പരിഹാരം. ദൈവഭയം തിന്മയിൽ നിന്ന് അകറ്റി നിർത്തുന്നു" (സദൃശ 16:6). "ജ്ഞാനിയെന്നു സ്വയം ഭാവിക്കരുത്. കർത്താവിനെ ഭയപ്പെട്ട് തിന്മയിൽ നിന്ന് അകന്നു മാറുക" (3:7) "ദൈവഭക്തി ജീവന്റെ ഉറവയാണ്. മരണത്തിന്റെ കെണികളിൽ നിന്നു രക്ഷപ്പെടാൻ അതു സഹായിക്കുന്നു" (14:27).

ഇവിടെ പറഞ്ഞിരിക്കുന്ന ദൈവഭയം കേവലബഹുമാനം, ആദരപൂർവമായ ഭയം എന്നിവയെക്കാൾ വലിയ ഒരു കാര്യമാണ്. സങ്കീർത്തനക്കാരൻ നമ്മോടു പറയുന്നത് ദൈവഭയം നമ്മിൽ ആഴത്തിൽ വേരൂന്നിയിട്ടില്ലെങ്കിൽ ദൈവികഉടമ്പടിയുടെ പൂർണമായ വെളിപ്പാട് നമുക്കു പ്രാപിപ്പാൻ കഴയുകയില്ലെന്നാണ്. "കർത്താവിന്റെ സൗഹൃദം അവിടുത്തെ ഭയപ്പെടുന്നവർക്കുള്ളതാണ്. അവിടുന്ന് തന്റെ ഉടമ്പടി അവരെ അറിയിക്കും." (സങ്കീ.25:14). ദൈവികഉടമ്പടിയുടെ അറിവും ദൈവഭയവും തമ്മിലുള്ള ബന്ധത്തിലേക്കാണ് ഈ വാക്യം വിരൽ ചൂണ്ടുന്നത്. സത്യത്തിൽ എല്ലാ വെളിപ്പാടും അവിടുത്തോടുള്ള വിശുദ്ധഭയത്തിലാണ് ബന്ധിപ്പിച്ചിരിക്കുന്നത്.

ദൈവഭയമില്ലെങ്കിൽ പാപത്തിൽ നിന്നുള്ള നിലനിൽക്കുന്ന വിടുതൽ നമുക്ക് അനുഭവിക്കാൻ കഴിയുകയില്ലെന്ന് എനിക്ക് ബോധ്യമുണ്ട്. എന്നാൽ പല സഭകളിലും ഇന്നു ദൈവഭയം ഒരു 'വിലക്കപ്പെട്ട വിഷയ'മാണ്. ദൈവഭയത്തെക്കുറിച്ച് ഒരു പ്രസംഗം നിങ്ങൾ അവസാനമായി കേട്ടതെന്നാണ്?

ഇതിനുള്ള ഒരു കാരണം ഇതാണ്: സമൂഹത്തിൽ ഇന്നു കാണുന്ന 'അനുവാദത്തിന്റെ മനോഭാവം' ദൈവഭവന

> **ദൈവഭയമില്ലെങ്കിൽ പാപത്തിൽ നിന്നുള്ള നിലനിൽക്കുന്ന വിടുതൽ നമു ക്ക് അനുഭവിക്കാൻ കഴിയുകയില്ലെന്ന് എനിക്ക് ബോധ്യമുണ്ട്. എന്നാൽ പല സഭകളിലും ഇന്നു ദൈവഭയം ഒരു 'വിലക്കപ്പെട്ട വിഷയ'മാണ്. ദൈവഭയത്തെക്കുറിച്ച് ഒരു പ്രസംഗം നിങ്ങൾ അവസാനമായി കേട്ടതെന്നാണ്? ഇതിനുള്ള ഒരു കാരണം ഇതാണ്: സമൂഹത്തിൽ ഇന്നു കാണുന്ന 'അനുവാദത്തിന്റെ മനോഭാവം' ദൈവഭവനത്തിലും പ്രവേശിച്ചിരിക്കുന്നു. അടുത്ത കാലത്തായി പാപത്തെ മറയ്ക്കാനുള്ള ഒരു പദമായി 'കൃപ' മാറിയിട്ടുണ്ട്.**

ത്തിലും പ്രവേശിച്ചിരിക്കുന്നു. അടുത്ത കാലത്തായി പാപത്തെ മറയ്ക്കാനുള്ള ഒരു പദമായി 'കൃപ' മാറിയിട്ടുണ്ട്. സങ്കീർത്തനക്കാരൻ പറയുന്നതുപോലെ "അവരുടെ ദൃഷ്ടിയിൽ ദൈവഭയമില്ല" (സങ്കീ.36:1). മാത്രമല്ല, ദൈവഭയത്തെക്കുറിച്ചുള്ള ചില തിരുവചനഭാഗങ്ങൾ വഴിതെറ്റിയ ഇന്നത്തെ പ്രസംഗകർ ഒഴിവാക്കുകയും ചെയ്യുന്നു. അവർ സാധാരണ താഴെപ്പറയുന്ന വാക്യങ്ങളിൽ നിന്നു മാത്രമേ പ്രസംഗിക്കാറുള്ളൂ. "ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല, ശക്തിയുടേയും സ്നേഹത്തിന്റേയും സുബോധത്തിന്റെയും ആത്മാവിനെയത്രേ ദൈവം നമുക്കു തന്നത്." (2 തിമോ.1:7). "സ്നേഹത്തിൽ ഭയത്തിന് ഇടമില്ല. പൂർണമായ സ്നേഹം ഭയത്തെ ബഹിഷ്ക്കരിക്കുന്നു." (1 യോഹ. 4:18) "നിങ്ങളെ വീണ്ടും അടിമത്തത്തിലേക്കു നയിക്കുന്ന ഭയത്തിന്റെ ആത്മാവിനെയല്ല നിങ്ങൾ കൈക്കൊണ്ടിരിക്കുന്നത്" (റോമ.8:15).

ഇതെല്ലാം മനോഹരമായ തിരുവചനഭാഗങ്ങളാണ് - പക്ഷേ ഇവ മനുഷ്യനെയോ സാത്താനെയോ ഭയപ്പെടുന്നതിനെക്കുറിച്ചാണ്. അല്ലാതെ ദൈവത്തെ ഭയപ്പെടുന്നതിനെ സംബ

(ശേഷം പേജ് 28 ൽ)

ഇത്തിരിവെട്ടം

മൂകസന്ദേശം-6

# ഉടയവനെ അറിയുന്ന കാള

സന്ദീപ് പുന്നൻ

കസ്തൂരിക്കാളകളെക്കുറിച്ച് നേരത്തെ എഴുതിയിരുന്നല്ലോ. എന്നാൽ നമ്മുടെ നാട്ടിൽ സാധാരണ കാണുന്ന കാളകളെപ്പറ്റിയുള്ള ചിന്തയാവട്ടെ ഈ ലക്കത്തിൽ. യന്ത്രവൽകൃത യുഗത്തിലും കൃഷിഭൂമി ഉഴുവാനും ഭരമുള്ള വണ്ടി വലിക്കാനും കാളകളെ ഉപയോഗിച്ചുവരുന്നു.

ഭാരതത്തിൽ ജനിച്ചുവളർന്ന ഞാൻ സർവ്വസാധാരണയായി കാളകളെകണ്ടിരുന്നു. ലോകത്തിലെ ആകെയുള്ള ഗോസമ്പത്തിൽ 30 % ഭാരതത്തിൽ മാത്രമാണെന്ന് ഈയിടെ വായിക്കാനിടയായി. കർഷകരായിരുന്നു എന്റെ പൂർവ്വികർ. കുറേ തലമുറകൾ പിന്നോട്ടുപോയാൽ നാം എല്ലാവരും കാർഷികപശ്ചാത്തലത്തിൽ നിന്നുള്ള വരാണെന്ന് കണ്ടെത്തും!! കേരളത്തിലെ എന്റെ വല്യപ്പച്ചൻ ജനിച്ച ഗ്രാമം സന്ദർശിക്കാൻ ഒന്നിലധികം തവണ എനിക്ക് അവസരം ഉണ്ടായിട്ടുണ്ട്. വല്യപ്പച്ചൻ പഠിച്ച സ്കൂളും പൂർവ്വികർ നൂറ്റാണ്ടുകളായി അംഗങ്ങളായിരുന്ന ഓർത്തഡോക്സ് പള്ളിയും ഒക്കെ കൗതുകത്തോടെയാണ് ഞാൻ നോക്കികണ്ടത്.

എന്നാൽ ഏറ്റവും വിശേഷപ്പെട്ട അനുഭവം നെൽപ്പാടങ്ങളും കേരവൃക്ഷങ്ങളും തിങ്ങിനിറഞ്ഞ ഗ്രാമത്തിലെ, എന്റെ പിതാമഹൻ വളർന്ന തറവാട്ടുഭവനം സന്ദർശിച്ചതായിരുന്നു. എന്റെ വല്യപ്പച്ചൻ പ്രാഥമികവിദ്യാഭ്യാസം നടത്തിയിരുന്ന ആ കാലം ഞാൻ ഭാവനയിൽ കണ്ടു. കൈയിൽ പുസ്തകക്കെട്ടുമായി കാൽനടയായി വീട്ടിലേക്കു മടങ്ങുന്ന, കൂട്ടുകാരോടൊപ്പം പന്തുകളിച്ചിരുന്ന വയലിൽ കൃഷിപ്പണിയിൽ മാതാപിതാക്കളെ സഹായിച്ചിരുന്ന ഒരു ബാലനെ ഞാൻ വ്യക്തമായി മനോമുകുരത്തിൽ കണ്ടു.

ഭാവനാലോകത്ത് സ്വൈരവിഹാരം നടത്തി വാഹനത്തിൽ കുടുംബാംഗങ്ങളോടൊത്ത് യാത്ര ചെയ്ത ഞങ്ങളുടെ മുമ്പിൽ കുറേ കാളകൾ വഴിമുടക്കി പ്രത്യക്ഷപ്പെട്ടു. ഉടമസ്ഥന്റെ കണ്ണുവെട്ടിച്ച് പണിസ്ഥലത്തുനിന്ന് വഴിതെറ്റി വന്നതാവാം അവ. റോഡ് മുറിച്ച് ആ കാളകൾ നടന്നു നീങ്ങുന്നതുവരെ ക്ഷമയോടെ കാത്തുനിൽക്കുകയല്ലാതെ ഗത്യന്തരമില്ലായിരുന്നു. ഉടമസ്ഥനില്ലാതെ ആ കാളകൾ വഴിനീളെ അലഞ്ഞുതിരിയുന്നതിന്റെ ഉദ്ദേശ്യം എന്താണെന്ന് ഞാൻ അത്ഭുതപ്പെട്ടു. പൂർവ്വികരുടെ കർഷകരക്തം എന്റെ സിരകളിലൂടെ ഒഴുകുന്നതുകൊണ്ടാവാം ഈ കാളകൾ നിലം ഉഴുത് പ്രയോജനപ്പെടേണ്ടതല്ലേ എന്ന ചിന്ത എന്നെ ഭരിച്ചു. ഞാൻ ഒരു കർഷകനായിരുന്നെങ്കിൽ പണിക്കാളകളെ എന്റെ അമൂല്യനിധിയായി ഞാൻ കരുതിയേനേ. നല്ല ഒരു വിളവെടുപ്പിന് എനിക്ക് കാളകളുടെ സഹകരണം അനിവാര്യമായിരുന്നല്ലോ.

മത്തായി സുവിശേഷം 11-ാം അദ്ധ്യായത്തിന്റെ 28-30 വചനങ്ങളിൽ യേശു നമ്മെ കാളകളോട് ഉപമിച്ചു പറഞ്ഞ കാര്യം എന്റെ സ്മൃതിപഥത്തിൽ ഓടിയെത്തി. "അദ്ധ്വാനിക്കയും ഭാരം ചുമക്കുകയും ചെയ്യുന്ന ഏവരുമേ, എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് പഠിപ്പിൻ. എന്നാൽ നിങ്ങളുടെ ആത്മാക്കൾ ആശ്വാസം കണ്ടെത്തും. എന്റെ നുകം മൃദുവും എന്റെ ചുമട് ലഘുവുമത്രേ."

തന്റെ നുകം ഏറ്റെടുത്ത് തന്നിൽ നിന്നും പഠിക്കുവാൻ യേശു നമ്മോട് ആവശ്യപ്പെടുന്നു. വലിപ്പവും ശക്തിയുമുള്ള ആ കാളകൾക്ക് ചുമലിൽ ഒരു നുകം പേറുന്നത് ഒരിക്കലും ഇഷ്ടമുള്ള കാര്യമല്ല എന്ന് എനിക്കറിയാമായിരുന്നു. ഞാനും ഒരു കാളയായിരുന്നെങ്കിൽ ഒരു നുകം ഇല്ലാതെ തെരുവിൽ അലയാൻ കൂടുതൽ ഇഷ്ടപ്പെട്ടേനേ! പക്ഷേ ഇത് കാളകളുടെ ചെറിയ ലോകത്തിനുള്ളിൽ നിന്നുള്ള ചിന്തയാണ്. എന്നാൽ കാളയുടെ ഉടമസ്ഥന്റെ ലോകം അതിനേക്കാൾ എത്ര വിശാലമാണ്! ഉടമസ്ഥന്റെ വീക്ഷണകോണിലൂടെ കാണാൻ ശ്രമിച്ചപ്പോൾ യേശുവിന്റെ വാക്കുകളുടെ അർത്ഥം കുറേക്കൂടി വ്യക്തമായി. സ്വർഗ്ഗീയപിതാവ് കൃഷിക്കാരനും, ഈ ലോകം അവിടുത്തേ വയലുമാണ്. ലോകമാകുന്ന വയൽ ദൈവവചനമായ വിത്തുവിതയ്ക്കാനായി ഉഴുവാൻ നാം കാളകളെപ്പോലെ നുകം പേറേണ്ട ആവശ്യമുണ്ട്. സ്വന്തഇഷ്ടപ്രകാരം നടക്കാതെ അവിടുത്തെ ദർശനം അനുസരിച്ച് കൃഷി നടക്കേണ്ടതിന് നുകത്തിന്റെ കീഴിലായിരിക്കാൻ അവിടുന്ന് നമ്മെ വിളിക്കുന്നു.

> **ദൈവത്തിന്റെ നുകത്തിന്റെ കീഴിൽ അല്ലായിരുന്നെങ്കിൽ ഫലപ്രദമായി എങ്ങനെ ജീവിക്കണം എന്നറിയാതെ ഞാൻ ഭൂമിയിൽ ഉഴന്നു നടന്നേനേ. എന്നാൽ ദൈവത്തിന്റെ നുകത്തിന് വിധേയപ്പെട്ടാൽ സ്വസ്ഥതയുള്ള, അത്യന്തം ഫലപ്രദമായ ഒരു ജീവിതം എനിക്ക് സാധ്യമായിത്തീരും. ഈ ആശയം ഉൾക്കൊള്ളുന്നത് എളുപ്പമല്ല എന്നെനിക്കറിയാം. സമർപ്പണജീവിതമാണ് ഏറ്റവും സ്വസ്ഥതയുള്ള ജീവിതം എന്ന ആശയം വിചിത്രമായിത്തോന്നാം. "ഏതെങ്കിലും ഒരു നുകത്തിന്റെ കീഴിലുള്ള ജീവിതം ഏറ്റവും ഫലപ്രദമായ ജീവിതം" എന്നു പറയുന്നത് യുക്തിക്കു നിരക്കുന്നതല്ലെന്ന് തോന്നാം.**

ദൈവത്തിന്റെ നുകത്തിന്റെ കീഴിൽ അല്ലായിരുന്നെങ്കിൽ ഫലപ്രദമായി എങ്ങനെ ജീവിക്കണം എന്നറിയാതെ ഞാൻ ഭൂമിയിൽ ഉഴന്നു നടന്നേനേ. എന്നാൽ ദൈവത്തിന്റെ നുകത്തിന് വിധേയപ്പെട്ടാൽ സ്വസ്ഥതയുള്ള, അത്യന്തം ഫലപ്രദമായ ഒരു ജീവിതം എനിക്ക് സാധ്യമായിത്തീരും. ഈ ആശയം ഉൾക്കൊള്ളുന്നത് എളുപ്പമല്ല എന്നെനിക്കറിയാം. സമർപ്പണജീവിതമാണ് ഏറ്റവും സ്വസ്ഥതയുള്ള ജീവിതം എന്ന ആശയം വിചിത്രമായിത്തോന്നാം. "ഏതെങ്കിലും ഒരു നുകത്തിന്റെ കീഴിലുള്ള ജീവിതം ഏറ്റവും ഫലപ്രദമായ ജീവിതം" എന്നു പറയുന്നത് യുക്തിക്കു നിരക്കുന്നതല്ലെന്ന് തോന്നാം. ദൈവത്തിനായി ജീവിക്കാൻ എനിക്ക് താത്പര്യം ഉള്ളപ്പോൾതന്നെ പൂർണ്ണമായും അവിടുത്തെ നുകത്തിന്റെ കീഴിലായിരിക്കുക എന്നത് അല്പം അതിരുകടന്ന കാര്യമല്ലേ? ദൈവത്തിന്റെ നുകം ഒഴിവാക്കി ജീവിക്കാൻ ദീർഘനാൾ ശ്രമിച്ച, സ്വന്തം ജീവിതത്തിന്റെ യജമാനൻ ആകാൻ ശ്രമിച്ച, ഈ ഞാൻ, ഒരു സത്യം ഗ്രഹിച്ചു: ഞാനല്ല പ്രശ്നപരിഹാരം.

ദൈവത്തിന്റെ നുകം പേറുന്ന

താണ് ജീവിതവിജയരഹസ്യം എന്ന് യേശുപറയുമ്പോൾ അതിന്റെ അർത്ഥം എന്താണ്? ദൈവത്തിന്റെ ഈ നുകത്തെ ഒരു പുത്തൻ വെളിച്ചത്തിൽ കാണുവാൻ ജോൺ പൈപ്പർ എന്ന ദൈവദാസന്റെ വാക്കുകൾ എന്നെ സഹായിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു:"നാം ദൈവത്തിൽ സമ്പൂർണ്ണ തൃപ്തി കണ്ടെത്തുമ്പോഴാണ് ദൈവം നമ്മിൽ ഏറ്റവും അധികം മഹത്വപ്പെടുന്നത്." ഈ യാഥാർത്ഥ്യത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ ജീവിക്കാൻ ശ്രമിക്കുന്തോറും ദൈവത്തിന്റെ നുകത്തിന്റെ കീഴിൽ ആയിരിക്കുന്നതിന്റെ കൂടുതൽ വ്യക്തമായ ചിത്രം എനിക്ക് ലഭിച്ചുകൊണ്ടിരിക്കുന്നു. സാഹചര്യങ്ങൾ എന്തുതന്നെ ആയാലും ദൈവികകൂട്ടായ്മയിൽ സംതൃപ്തി കണ്ടെത്താൻ ആഗ്രഹിക്കുമ്പോൾ ജീവിതത്തിന് യഥാർത്ഥഅർത്ഥം കൈവരുന്നതായി ഞാൻ കണ്ടെത്തിയിട്ടുണ്ട്.

ക്രിസ്ത്യാനികളായ നാം വിശ്വസിക്കുന്ന ഒരു സത്യം ഇതാണ്: "എല്ലാറ്റിന്റേയും ഒടുവിൽ ദൈവത്തിന് സകല മഹത്വവും ലഭിക്കണം." പ്രശസ്തി, ധനം, ലൈംഗികസുഖങ്ങൾ തുടങ്ങിയ ലോകത്തിന്റെ പ്രലോഭനങ്ങൾ നമ്മുടെ ശ്രദ്ധ ആകർഷിക്കും. 'തികഞ്ഞ ദൈവഹിതം' 'ദൈവമഹത്വം' തുടങ്ങിയ വലിയ കാര്യങ്ങൾ നമ്മെ ചിന്താക്കുഴപ്പത്തിലാക്കാം. പ്രായോഗികജീവിതത്തിൽ ദൈവഹിതം അറിയാതെ ദൈവമഹത്വം അന്വേഷിക്കാതെ പോകുന്ന ചതിവ് നമുക്ക് സംഭവിക്കാം. അധരങ്ങൾകൊണ്ട് മഹൽസത്യങ്ങൾ പ്രഘോഷിക്കുമ്പോഴും മറ്റൊരു ദിശയിലേക്ക് ജീവിതം നീങ്ങുന്ന ചതിവ്. ഇതിന് പരിഹാരമായി യേശു നിർദ്ദേശിക്കുന്നത് ലളിതമായ ഒന്നാണ്. ദൈവത്തിന്റെ നുകം ഏറ്റെടുക്കുക!! തുടർമാനമായി ദൈവത്തിൽ പൂർണ്ണതൃപ്തി കണ്ടെത്തുക എന്നാണ് അതിന്റെ അർത്ഥം. നമ്മുടെ ജീവിതം ദൈവമഹത്വത്തിനായിത്തീരാനുള്ള ലളിതമായ പ്രതിദിനചുമതല ഇതുമാത്രമാണ്.

**ദൈവത്തിന്റെ നുകത്തെ ഒരു പുത്തൻ വെളിച്ചത്തിൽ കാണുവാൻ ജോൺ പൈപ്പർ എന്ന ദൈവദാസന്റെ ഈ വാക്കുകൾ സഹായിക്കും: "നാം ദൈവത്തിൽ സമ്പൂർണ്ണ തൃപ്തി കണ്ടെത്തുമ്പോഴാണ് ദൈവം നമ്മിൽ ഏറ്റവും അധികം മഹത്വപ്പെടുന്നത്." ഈ യാഥാർത്ഥ്യത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ ജീവിക്കാൻ ശ്രമിക്കുന്തോറും ദൈവത്തിന്റെ നുകത്തിന്റെ കീഴിൽ ആയിരിക്കുന്നതിന്റെ കൂടുതൽ വ്യക്തമായ ചിത്രം എനിക്ക് ലഭിച്ചുകൊണ്ടിരിക്കുന്നു. സാഹചര്യങ്ങൾ എന്തുതന്നെ ആയാലും ദൈവികകൂട്ടായ്മയിൽ സംതൃപ്തി കണ്ടെത്താൻ ആഗ്രഹിക്കുമ്പോൾ ജീവിതത്തിന് യഥാർത്ഥഅർത്ഥം കൈവരും.**

എപ്പോഴും തൃപ്തി നൽകാൻ കഴിവുള്ള ഈ ദൈവത്തെ നാം അറിഞ്ഞിട്ടില്ലെങ്കിൽ യേശുവിന്റെ അടുത്തേക്ക് ഓടിയെത്തി മുഴങ്കാലിന്മേൽ വീണ് ഈ ദൈവത്തെ വെളിപ്പെടുത്തിത്തരാനായി പ്രാർത്ഥിക്കയത്രേ വേണ്ടത്. നന്നേ കർക്കശക്കാരനായ, സ്വാർത്ഥനായ ഒരു യജമാനനായിട്ടു മാത്രമേ നമ്മിൽ പലരും ദൈവത്തെ മനസ്സിലാക്കിയിട്ടുള്ളൂ. എന്നാൽ തികച്ചും വ്യത്യസ്തനായ ഒരു ദൈവത്തെ വെളിപ്പെടുത്താനാണ് യേശു ലോകത്തിലേക്ക് വന്നത്. തന്റെ മക്കൾക്കുവേണ്ടി ഏറ്റവും കരുതലുള്ള, തന്റെ അടുത്തുവരുന്ന ഏവരുടേയും ദാഹം പൂർണ്ണമായിത്തീർക്കാൻ കഴിവുള്ള, സ്നേഹധനനായ ഒരു പിതാവിനെയാണ് യേശു വെളിപ്പെടുത്തിയത്.

എന്റെ പ്രാർത്ഥന ഇതാണ്: എന്തൊക്കെ സംഭവിച്ചാലും ദൈവത്തിന്റെ പൂർണ്ണതൃപ്തി കണ്ടെത്തുന്നവരായി സദാ നിലനിൽക്കുവാൻ നമ്മെ ഏവരേയും ദൈവം സഹായിക്കട്ടെ. *





# കഷ്ടങ്ങൾ സാരമില്ല

"ദൈവം മനുഷ്യരെ സ്നേഹിക്കുന്നവനാണെങ്കിൽ അവിടുന്ന് എന്തിനാണ് ഈ കഷ്ടതകൾ നമുക്കു തരുന്നത്?"

ആശുപത്രി വരാന്തയിലൂടെ ചക്രക്കസേരയിൽ സഞ്ചരിച്ചുകൊണ്ടിരുന്ന ഒരു ദൈവഭൃത്യനോട് എതിരേ ചക്രക്കസേരയിൽ വന്ന ഒരു വനിത ചോദിച്ചു.

ആശുപത്രിയിലെ ചികിത്സകൊണ്ടു ദൈവഭൃത്യന്റെ അസുഖം ഏറെക്കുറേ മാറിയിരുന്നു. വീൽച്ചെയറിൽ അദ്ദേഹത്തിന് അങ്ങോട്ടുമിങ്ങോട്ടും നീങ്ങാം. അതേസമയം ആ വനിത ദീർഘനാളുകളായി ആശുപത്രിയിൽ കഴിയുന്നു. നടക്കാൻ കഴിയില്ല. വീൽച്ചെയറാണു ശരണം.

ദൈവം സ്നേഹമാണെങ്കിൽ എന്തിനെന്നെ ഇങ്ങനെ കഷ്ടപ്പെടുത്തി രസിക്കുന്നു?-സഹനത്തിന്റെ നെല്ലിപ്പലകയിൽ നിന്നുകൊണ്ടുള്ള അവരുടെ ചോദ്യത്തിന്റെ അർത്ഥമതാണ്. ആ ചോദ്യത്തിൽ ദൈവത്തോടുള്ള കയ്പും വെറുപ്പും നിറഞ്ഞുനിന്നിരുന്നു.

"ആട്ടെ, നിങ്ങൾ കഷ്ടത യാഥാർത്ഥ്യമാണെന്നു വിശ്വസിക്കുന്നുണ്ടോ?" ദൈവഭൃത്യൻ ചോദിച്ചു.

"ഇതെന്തൊരു ചോദ്യം? കഷ്ടതപിന്നെ തോന്നലാണോ? ഞാൻ തന്നെ എത്രയോ മാസങ്ങളായി വിവിധതരത്തിൽ കഷ്ടപ്പെടുന്നു"? സ്ത്രീ തിരിച്ചടിച്ചു.

"ശരി കഷ്ടത യഥാർത്ഥത്തിലുള്ളതാണെന്നു നാമിരുവരും സമ്മതിക്കുന്നു. ഞാൻ അടുത്ത ചോദ്യം ചോദിക്കട്ടെ. കഷ്ടത സഹിക്കാതിരിക്കുവാൻ നമുക്കു കഴിയുമോ? അല്ലെങ്കിൽ ഇങ്ങനെ ചോദിക്കട്ടെ: കഷ്ടത ഒഴിവാക്കുവാൻ നമ്മെക്കൊണ്ടു സാധിക്കുമോ?" – ദൈവഭൃത്യന്റെ ചോദ്യം.

"ഇല്ല. തീർച്ചയായും സാധിക്കുകയില്ല"

"ശരി. എങ്കിൽ മൂന്നാമത്തെ ചോദ്യം. നിങ്ങൾ ദൈവത്തിൽ വിശ്വസിക്കാതിരിക്കുമ്പോൾ വേദന സഹിക്കുവാൻ കൂടുതൽ കഴിവു ലഭിക്കുന്നുണ്ടോ?"

ഈ ചോദ്യം അവരുടെ ഹൃദയത്തിലേക്ക് ആഴ്ന്നിറങ്ങി. ശരിയല്ലേ? കഷ്ടതയും വേദനയും ജീവിതത്തിൽ ഒഴിവാക്കാൻ കഴിയുകയില്ലെങ്കിൽ സ്നേഹവാനായ ഒരു ദൈവം നമ്മുടെ ആത്യന്തികനന്മയ്ക്കായി അത് അനുവദിച്ചതാണെന്നു വിശ്വസിക്കുന്നതല്ലേ സഹനത്തെ എളുപ്പമാക്കുന്നത്? ആ സ്ത്രീയുടെ കണ്ണുകൾ നിറഞ്ഞു. കഷ്ടങ്ങളെ പുതിയ ഒരു വെളിച്ചത്തിൽ അവർ കാണുവാൻ തുടങ്ങി. സ്നേഹവാനായ ദൈവത്തിലുള്ള വിശ്വാസം അവരുടെ സഹനത്തിനു പുതിയ ഒരു മാനം നൽകി.

പൗലോസ് ചോദിക്കുന്നു:"ആരാണു ദൈവത്തിന്റെ സ്നേഹത്തിൽ നിന്ന് എന്നെ വേർപിരിക്കുന്നത്? ദുരിതമോ, വേദനയോ, പീഡനമോ, പട്ടിണിയോ, അപകടമോ, വാളോ?"

ഇവയൊന്നും ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ചുള്ള വിശ്വാസത്തിൽ നിന്നു നമ്മെ വേർപിരിക്കാതിരിക്കട്ടെ. ●

# അമാന്റാ ബെറി സ്മിത്ത്: ക്രിസ്തീയലോകത്തെ 'കറുത്തമുത്ത്'

**മാത്യു ജോർജ്**

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഒടുവിൽ പ്രശസ്തയായ ഒരു നീഗ്രോ വനിത അമേരിക്കയിലെ ചിക്കാഗോ പട്ടണത്തിന്റെ പ്രാന്തപ്രദേശത്ത് താമസിക്കാൻ വന്നു. നീഗ്രോ കുട്ടികൾക്കായി ഇല്ലിനോയി സംസ്ഥാനത്തെ ആദ്യത്തെ അനാഥാലയം സ്ഥാപിച്ചത് അവരായിരുന്നു. 1915 ൽ അമാന്റാ സ്മിത്ത് മരിക്കുമ്പോൾ 'ചിക്കാഗോ ഡിഫൻഡർ' എന്ന പത്രം അമാന്റാ ബെറി സ്മിത്തിനെ വിശേഷിപ്പിച്ചത് 'കറുത്തവരുടെ വംശം ലോകത്തിനു നൽകിയ ഏറ്റവും നല്ല സമ്മാനം' എന്നായിരുന്നു.

അമേരിക്കയിലെ ബാൾട്ടിമോറിനടുത്ത് മെരിലാന്റിൽ 1837 ൽ അടിമയായി പിറന്ന അമാന്റാ, മാതാപിതാക്കളുടെ പതിമൂന്നു സന്താനങ്ങളിൽ മൂത്തവളായിരുന്നു. മറ്റാർക്കെങ്കിലും മൂത്തമകൾ അടിമയായി വില്ക്കപ്പെടുന്നത് ഒഴിവാക്കാനായി അവളുടെ പിതാവിന് ദീർഘമണിക്കൂറുകൾ അധികമായി കഠിനവേല ചെയ്യേണ്ടിവന്നു. രക്തം വെള്ളമാക്കി ദീർഘനാളുകൾ കൊണ്ടാണ് പിതാവ് അമാന്റായുടെ സ്വാതന്ത്ര്യം വിലയ്ക്കു വാങ്ങിയത്!

അമാന്റായുടെ ജീവിതം വേർപാടുകളുടേയും ദുരന്തത്തിന്റേയും ജീവിതമായിരുന്നു. അവളുടെ ആദ്യഭർത്താവ് ആഭ്യന്തരയുദ്ധക്കാലത്ത് പട്ടാളസേവനത്തിനിടയിൽ കൊല്ലപ്പെടുകയായിരുന്നു. രണ്ടാമത്തെ ഭർത്താവും ചുരുങ്ങിയ വർഷങ്ങൾക്കുള്ളിൽ ലോകത്തിൽ നിന്നു മാറ്റപ്പെട്ടു. രണ്ടുവിവാഹങ്ങളിലുമായി അഞ്ച് മക്കൾ ഉള്ളവരിൽ ഒരു മകൾ ഒഴികെ നാലു പേരും ഓരോരുത്തരായി മരിച്ചു. ജീവൻ നിലനിർത്താനായി രാത്രി വളരെ വൈകും വരെ തുണിനനച്ചും ഇസ്തിരിയിട്ടും അമാന്റാ കഷ്ടപ്പെട്ടു.

ഈ പ്രതികൂലമായ, കൈപ്പുനിറഞ്ഞ ജീവിതസാഹചര്യങ്ങളിലും ദൈവത്തെ അറിയാനുള്ള ഉൽക്കടമായ ആഗ്രഹം അവരുടെ ഉള്ളിൽ കത്തി നിന്നു. ഒരിക്കൽ വീടിന്റെ നിലവറയിൽ വാതിലുകൾ അടച്ച് അടുപ്പം ഉള്ളവരോട് ശല്യപ്പെടുത്തരുതെന്ന് അപേക്ഷിച്ചശേഷം അവർ ദൈവസന്നിധിയിൽ ദീർഘനേരം ചെലവഴിച്ചു. യഥാർത്ഥമായി ദൈവത്തെ അറിയാൻ കഴിയുന്നില്ലെങ്കിൽ ജീവിച്ചിരുന്നിട്ട് കാര്യമില്ല എന്ന് അമാന്റാ വിശ്വസിച്ചിരുന്നു. ദൈവം അവരുടെ ഉൽക്കടമായ ദാഹം അറിഞ്ഞ് അവരെ സന്ദർശിച്ചു. നിലവറയിൽ നിന്നു പുറത്തുവന്ന അമാന്റാ ഹൃദയത്തിന്റെ സന്തോഷനിറവാൽ ഉച്ചത്തിൽ ദൈവത്തെ സ്തുതിക്കുന്നുണ്ടായിരുന്നു.

കേവലവിദ്യാഭ്യാസം മാത്രമേ ഉണ്ടായിരുന്നുള്ളൂ എങ്കിലും അസാധാരണമായ ശബ്ദമാധുരിയും, പരിശുദ്ധാത്മശക്തിയിൽ ദൈവവചനം പ്രസംഗിക്കാനുള്ള കഴിവും ദൈവം അവർക്ക് നൽകിയിരുന്നു. അമേരിക്കയിലുടനീളം ക്യാമ്പ് മീറ്റിംഗുകളിൽ അമാന്റാ അറിയപ്പെടാൻ അധികനാൾ വേണ്ടിവന്നില്ല. 'പാടുന്നപരദേശി' എന്ന് ചിലർ അവരെ വിളിച്ചപ്പോൾ അനേകർക്ക് അവർ 'എബണിത്തടിയിൽ കൊത്തിയെടുത്ത ദൈവത്തിന്റെ സ്വരൂപം' ആയിരുന്നു. മുപ്പതുവയസ്സ് കഴിഞ്ഞ ആദ്യവർഷങ്ങളിൽ ന്യൂയോർക്ക് പട്ടണത്തിന്റെ വിവിധമേഖലകളിൽ അവർ പ്രസംഗിക്കാൻ തുടങ്ങി. ഇതിനായുള്ള പ്രചോദനം ആ പട്ടണത്തിലെ ഒരു ആഫ്രിക്കൻ മെഥേഡിസ്റ്റ് എപ്പിസ്ക്കോപ്പൽ സഭയിൽ നിന്നാണ് ലഭിക്കുന്നത്. 1875 ൽ മറ്റ് ചിലരോടൊത്ത് സ്ത്രീകളുടെ ക്രിസ്തീയ മദ്യവിരുദ്ധ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു. കറുത്ത വംശജരായ അമേരിക്കൻ വനിതകളുടെ ക്ലബ്ബുകളുമായി അവർ സഹകരിച്ചുപ്രവർത്തിക്കാനും തുടങ്ങി.

യൂറോപ്പ്, ഏഷ്യ, ആഫ്രിക്ക എന്നീ ഭൂഖണ്ഡങ്ങളിലൂടെ 1880 നുമുമ്പ് പന്ത്രണ്ടുവർഷം നീണ്ടുനിന്ന ഒരു മിഷനറി യാത്ര നടത്താൻ അമാന്റാ ബെറി സ്മിത്തിന് കഴിഞ്ഞു. അസാധാരണമായ വിശ്വാസത്തിന്റെ ഉടമയായിരുന്നു അവർ. ദൈവത്തെ കണ്ണടച്ചുവിശ്വസിക്കാൻ അവർ എപ്പോഴും തയ്യാറായിരുന്നു. ഒരിക്കൽ ദൈവനിയോഗത്താൽ ഇംഗ്ലണ്ടിലേക്ക് കപ്പൽ യാത്ര ചെയ്യാനായി യാത്രക്കോപ്പുകളുമായി അമാന്റാ ന്യൂയോർക്ക് തുറമുഖത്തെത്തി. കപ്പൽയാത്രയ്ക്കുള്ള പണം മാത്രം കൈവശം ഇല്ലായിരുന്നു. അവർ അവിടെ നിൽക്കുമ്പോൾ വെള്ളക്കാരനായ ഒരു ക്രിസ്തീയസഹോദരൻ അമാന്റയെ തിരിച്ചറിഞ്ഞു. ദൈവം തന്നോട് അമാന്റാ സ്മിത്തിന് കുറെ പണം നൽകാൻ നിർദ്ദേശിച്ചതായി അയാൾ അവരുടെ അടുത്തെത്തി പറയുകയും ഇംഗ്ലണ്ടിലേക്കുള്ള കൃത്യമായ യാത്രക്കൂലി അവരുടെ കൈയിൽ നിക്ഷേപിക്കയും ചെയ്തു! ദൈവത്തോടല്ലാതെ മറ്റാരോടും അമാന്റാ അവരുടെ ആവശ്യം പറഞ്ഞിരുന്നില്ല!

**കേവലവിദ്യാഭ്യാസം മാത്രമേ ഉണ്ടായിരുന്നുള്ളൂ എങ്കിലും അസാധാരണമായ ശബ്ദമാധുരിയും, പരിശുദ്ധാത്മശക്തിയിൽ ദൈവവചനം പ്രസംഗിക്കാനുള്ള കഴിവും ദൈവം അമാന്റാ സ്മിത്തിന് നൽകിയിരുന്നു. അമേരിക്കയിലുടനീളം ക്യാമ്പ് മീറ്റിംഗുകളിൽ അമാന്റാ അറിയപ്പെടാൻ അധികനാൾ വേണ്ടിവന്നില്ല. 'പാടുന്നപരദേശി' എന്ന് ചിലർ അവരെ വിളിച്ചപ്പോൾ അനേകർക്ക് അവർ 'എബണിത്തടിയിൽ കൊത്തിയെടുത്ത ദൈവത്തിന്റെ സ്വരൂപം' ആയിരുന്നു.**

ലൈബീരിയയിലും പശ്ചിമ ആഫ്രിക്കയിലും കൂടി എട്ടുവർഷം അവർ പ്രവർത്തിച്ചു. പ്രാദേശികസഭകൾ സ്ഥാപിക്കയും മദ്യവിരുദ്ധസംഘങ്ങൾക്ക് തുടക്കം കുറിക്കയും ആയിരുന്നു പ്രധാനദൗത്യം. ബ്രിട്ടനിലെ കുലീനന്മാരെയും സാധാരണജനങ്ങളേയും തന്റെ സംഗീതമധുരിമയാലും ശക്തമായ പ്രസംഗത്താലും അവർ ആകർഷിച്ചു. ഇൻഡ്യയിൽ ആയിരുന്നപ്പോൾ ഒരിക്കൽ അക്രമാസക്തരായ ഒരു കൂട്ടം ഹൈന്ദവതീവ്രവാദികളുടെ ആക്രമണഭീഷണിക്കു മുമ്പിൽ മിഷനറിമാരുടെ രക്ഷയ്ക്കായി ജനക്കൂട്ടത്തിന്റെ നടുവിൽ മുട്ടുകുത്തി പ്രാർത്ഥിക്കാൻ ധൈര്യം കാണിച്ച അമാന്റാ പ്രാർത്ഥനയുടെ ശക്തി വെളിപ്പെടുത്തി. അക്രമാസക്തരായ ജനക്കൂട്ടം തൽക്ഷണം നിശ്ശബ്ദരാകയും പിരിഞ്ഞുപോകയും ചെയ്തത് ഇന്നും ഒരൽഭുതമായി നിലനിൽക്കുന്നു.

അമേരിക്കയിലെ ചിക്കാഗോ പട്ടണത്തിലേക്ക് 1890 നുശേഷം അവർ താമസം മാറ്റി. കറുത്തവർഗ്ഗക്കാരായ

അനാഥക്കുട്ടികൾക്കായി അമേരിക്കയിലെ ആദ്യത്തെ അനാഥാലയങ്ങളിൽ ഒന്നിന് തുടക്കം കുറിക്കാൻ ആവശ്യമായ വലിയൊരു സംഖ്യ അവർ ശേഖരിച്ചു. അക്കാലത്ത് ഇല്ലിനോയി സംസ്ഥാനത്തെ ഹാർവി എന്ന സ്ഥലത്ത് ഡി.എൽ.മൂഡിയുടെ ബിസ്സിനസ്സുകാരായ കുറെ സ്നേഹിതർ ഉന്നതമായ സാന്മാർഗിക നിലവാരം സൂക്ഷിക്കാൻ തത്പരരായവർക്കായി ഒരു കോളനി സ്ഥാപിക്കുകയായിരുന്നു. 1895 ൽ അമാന്റാ സ്മിത്ത് ആ പ്രദേശത്ത് കുറെ ഭൂമി വിലയ്ക്കുവാങ്ങുകയും 1899 ൽ ഹാർവിയിൽ ആദ്യത്തെ അനാഥാലയം പ്രവർത്തനം ആരംഭിക്കയും ചെയ്തു. അനാഥാലയത്തോടു ചേർന്ന് കുട്ടികൾക്കായി ഒരു സ്കൂളും പ്രവർത്തിച്ചിരുന്നു. ഇതിന്റെ നിർമ്മാണത്തിനും പ്രവർത്തനത്തിനും ആവശ്യമായ പണം സമാഹരിക്കുന്നതിൽ അവർക്കുണ്ടായിരുന്ന അനിതരസാധാരണമായ പാടവം പ്രശംസനീയം തന്നെ. സർക്കാർ സഹായം കൂടാതെ അനാഥാലയവും സ്കൂളും പ്രവർത്തിച്ചു എന്നത് അക്കാലത്ത് പലർക്കും ഒരത്ഭുതമായിരുന്നു.

അമാന്റാ 1915 ലാണ് മരണമടഞ്ഞത്. അമേരിക്കയുടെ തെക്കേ അറ്റത്തുള്ള ഫ്ളോറിഡായിൽ വച്ചായിരുന്നു അന്ത്യം. ക്രിസ്തീയബിസ്സിനസ്സുകാരും സഭാനേതാക്കളും ട്രെയിൻ മാർഗ്ഗം അവരുടെ മൃതദേഹം ചിക്കാഗോയിലേക്ക് കൊണ്ടുവന്നു. ചിക്കാഗോ നഗരം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ ജനക്കൂട്ടങ്ങളിൽ ഒന്നായിരുന്നു അവരുടെ മൃതദേഹം വഹിച്ച ട്രെയിൻ ചിക്കാഗോയിൽ എത്തുന്നതിനായി കാത്തുനിന്നത്. ഇല്ലിനോയിയിലെ ഹാർവിയിലാണ് അമാന്റാ ബെറി സ്മിത്തിന്റെ ഭൗതികശരീരം അന്ത്യവിശ്രമം കൊള്ളുന്നത്.

തികച്ചും അസാധാരണമായ ഒരു ജീവിതത്തിന്റെ ഉടമയായിരുന്നു



പാടുന്ന പരദേശി:
**അമന്റാബെറിസ്മിത്ത്.**

അമാന്റാ സ്മിത്ത്. അടിമത്തത്തിൽനിന്നും, ദാരിദ്ര്യത്തിൽ നിന്നും, തിരസ്ക്കരണത്തിൽ നിന്നും, ദുഃഖനഷ്ടങ്ങളിൽ നിന്നും, പട്ടിണിയിൽ നിന്നും, ഏകാന്തതയിൽനിന്നും ഉയിർത്തെഴുന്നേറ്റ ഈ കറുത്ത വർഗ്ഗക്കാരി അമേരിക്കയെ പിടിച്ചുകുലുക്കി. അമേരിക്കൻ ഭൂഖണ്ഡത്തെ മാത്രമല്ല, ബ്രിട്ടൻ, ലൈബീരിയ, ഇൻഡ്യ എന്നീ രാജ്യങ്ങളെ ദൈവത്തിനായി പിടിച്ചുകുലുക്കിയ 'പാടുന്ന പരദേശി', ക്രിസ്തീയ ശുശ്രൂഷയുടെ ആ വലിയ പുതപ്പ് അവരോടൊപ്പം അടക്കപ്പെട്ടില്ല. ആ പുതപ്പ് എലീശ ഏറ്റെടുത്തതുപോലെ ഏറ്റെടുക്കാൻ അനേകർ മുമ്പോട്ടുവരുന്നതുവരെ ഒരു ഇടവേള ഉണ്ടായിരുന്നു എന്നു മാത്രം.

അമാന്റാ ബെറിസ്മിത്ത് അനേക വർഷങ്ങൾക്കുമുമ്പ് തുടങ്ങിവച്ച മഹത്തായ ശുശ്രൂഷ ഏറ്റെടുത്ത് തുടരാൻ ദൈവം ഇന്ന് സമർപ്പണം ഉള്ള യുവതീയുവാക്കളെ അന്വേഷിക്കുന്നു.

*



വചനം

“എന്നോട് ചോദിച്ചുകൊൾക ഞാൻ നിനക്ക് തരും” -II

# പ്രാർത്ഥന: അനുഗ്രഹത്തിന്റെ താക്കോൽ

നമ്മുടെ രാജ്യത്തുള്ള ആയിരങ്ങളുടെയും പുറജാതി രാജ്യങ്ങളിലുള്ള പതിനായിരങ്ങളുടെയും നഷ്ടപ്പെട്ട അവസ്ഥയെക്കുറിച്ച് എന്തെങ്കിലും വാസ്തവമായ ചിന്ത നമുക്കുണ്ടായിരുന്നെങ്കിൽ നാം നമ്മുടെ പ്രാർത്ഥനകളെ തടഞ്ഞുവയ്ക്കുമായിരുന്നോ? സത്യത്തിൽ നാം ചിന്തയുള്ളവരല്ല. അല്ലെങ്കിൽ നാം കൂടുതൽ പ്രാർത്ഥിക്കുമായിരുന്നു, ‘‘എന്നോടു ചോദിച്ചു കൊൾക ഞാൻ നിനക്ക് തരും.” എന്നു പറയുന്നത് സർവ്വശക്തനും സ്നേഹപൂർണ്ണനുമായ ദൈവമാണ്. നാമോ അവന്റെ വാക്കുകൾക്കു ചെവികൊടുക്കുന്നില്ല!

സത്യത്തിൽ പുറജാതികളിൽനിന്നു മാനസാന്തരപ്പെട്ടവർ നമ്മെ ലജ്ജിപ്പിക്കുകയാണ്. എന്റെ യാത്രകളിൽ ഒരിക്കൽ ഇന്ത്യയുടെ പശ്ചിമോത്തരഭാഗത്തുള്ള (ഇപ്പോൾ പാക്കിസ്ഥാനിലുള്ള) റാവൽപിണ്ടിയിലെത്തി. അവിടെ എന്തു സംഭവിച്ചുവെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്? പണ്ഡിതരമാഭായിയുടെ സ്കൂളിലെ ചില പെൺകുട്ടികൾ അവിടെ ക്യാമ്പു ചെയ്തു പ്രവർത്തിക്കുവാൻ പോയി. അവർ പോകുന്നതിനു തൊട്ടുമുമ്പ് രമാഭായി കുട്ടികളോടു പറഞ്ഞു “ഇന്ത്യയ്ക്കായി ഏത് അനുഗ്രഹമുണ്ടെങ്കിലും നമുക്കത് നേടണം. അനുഗ്രഹത്തിനായി നാം ചെയ്യേണ്ടതെന്തെന്നു കല്പിക്കുവാൻ നമുക്ക് ദൈവത്തോടു യാചിക്കാം”.

അവർ തന്റെ വേദപുസ്തകം വായിച്ചപ്പോൾ “പിതാവിന്റെ വാഗ്ദത്തത്തിനായി നിങ്ങൾ കാത്തിരിക്കണം....പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരും, നിങ്ങൾ ശക്തി പ്രാപിക്കും” (അപ്പോ. പ്രവൃ.1:4-8) എന്നീ വാക്യങ്ങൾ അവരുടെ ശ്രദ്ധ പിടിച്ചുപറ്റി. “കാത്തിരിക്ക”! “എന്തുകൊണ്ട് ഇതുവരെ നാമിത് ചെയ്തില്ല,” അവർ നിലവിളിച്ചു. “ഞങ്ങൾ പ്രാർത്ഥിച്ചിരുന്നു. എന്നാൽ ഇന്നലത്തെക്കാൾ അധികമായ യാതൊരനുഗ്രഹവും ഇന്നു പ്രതീക്ഷിക്കാതെയാണു ഞങ്ങൾ പ്രാർത്ഥിച്ചിരുന്നത്” അന്ന് അവർ ശരിക്കും പ്രാർത്ഥിച്ചു. ഒരു പ്രാർത്ഥനായോഗം 6 മണിക്കൂർ നീണ്ടുനിന്നു. അവരുടെ പ്രാർത്ഥനയ്ക്കുത്തരമായി ദൈവം എത്ര വലിയ അത്ഭുതങ്ങളാണ് ചൊരിഞ്ഞത്!

ഈ പെൺകുട്ടികളിൽ ചിലർ റാവൽപിണ്ടിയിലായിരുന്ന സമയം ഒരു വനിതാമിഷനറി അവളുടെ കൂടാരത്തിനു പുറത്തേക്ക് അർദ്ധരാത്രി സമയം നോക്കിയപ്പോൾ പെൺകുട്ടികളുടെ ഒരു കൂടാരത്തിൽ നിയമവിരുദ്ധമായി വിളക്കു തെളിഞ്ഞിരിക്കുന്നതു കണ്ടു വിസ്മയിച്ചു. അവൾ അവരെ ശാസിക്കുവാൻ ചെന്നപ്പോൾ 10 പേരുടെ ആ കൂട്ടത്തിലെ 15 വയസ്സു മാത്രമുള്ള ഏറ്റവും ചെറിയവൾ കൂടാ

രത്തിന്റെ മൂലയിൽ മുട്ടുകുത്തി ഒരു കൈയിൽ മെഴുകുതിരിയും മറു കൈയിൽ മദ്ധ്യസ്ഥത ചെയ്യേണ്ടവരുടെ ലിസ്റ്റുമായി പ്രാർത്ഥിക്കുന്നതാണു കണ്ടത്. പണ്ഡിതരമാഭായിയുടെ സ്കൂളിലെ 1500 കുട്ടികളിൽ 500 പേരുടെ ലിസ്റ്റ് ആണ് അവളുടെ കൈകളിലുണ്ടായിരുന്നത്. മണിക്കൂറുകളോളം അവളാ പേരുകൾ പറഞ്ഞ് ദൈവസന്നിധിയിൽ പ്രാർത്ഥിച്ചു. ആ പെൺകുട്ടികൾ പോയ സ്ഥലങ്ങൾക്കും ഓർത്ത് പ്രാർത്ഥിച്ചവർക്കും അനുഗ്രഹവർഷമുണ്ടായതിൽ അത്ഭുതത്തിനവകാശമില്ല.

ചൈനയിലെ പാസ്റ്റർ ഡിങ്ങ് ലീമെ 100 വിദ്യാർത്ഥികളുടെ പ്രാർത്ഥനാലിസ്റ്റ് ഉണ്ടാക്കിയിരുന്നു. നൂറുകണക്കിനാളുകളെ പ്രാർത്ഥനയാൽ ക്രിസ്തുവിനായി താൻ നേടി. അവരിൽ നല്ല പങ്കും ക്രിസ്തീയശുശ്രൂഷയിൽ ഗണനീയരായി മാറി.

പ്രാർത്ഥനയാലുണ്ടായ അനുഗ്രഹങ്ങളെക്കുറിച്ചുള്ള ആത്മപ്രചോദിതവും വിസ്മയവഹവുമായ കഥകൾ ഒന്നിനു പുറകേ ഒന്നായി കൂട്ടിച്ചേർക്കുന്നത് എളുപ്പമായ കാര്യമാണ്. അതുചെയ്യേണ്ട ആവശ്യമില്ല. ഞാൻ പ്രാർത്ഥിക്കുവാനാണ് ദൈവം എന്നെക്കുറിച്ചാഗ്രഹിക്കുന്നത്. ദൈവം നിങ്ങളെക്കുറിച്ചാഗ്രഹിക്കുന്നതും പ്രാർത്ഥനയാണെന്നു ഞാൻ മനസ്സിലാക്കുന്നു.

"ഇംഗ്ലണ്ടിൽ എന്തെങ്കിലും അനുഗ്രഹം ഉണ്ടെങ്കിൽ അത് നമുക്കു നേടണം" അങ്ങനെയല്ല. "ക്രിസ്തുവിൽ എന്തെങ്കിലും അനുഗ്രഹമുണ്ടെങ്കിൽ അതാണ് നമുക്കു നേടേണ്ടത്". സ്വർഗ്ഗത്തിലെ സകല ആത്മീയഅനുഗ്രഹത്താലും ക്രിസ്തുവിൽ നമ്മെ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ (എഫെ.1:3). ദൈവത്തിന്റെ ഭണ്ഡാരം അനുഗ്രഹങ്ങൾകൊണ്ടു നിറഞ്ഞിരി

**സ്വർഗ്ഗത്തിലെ സകല ആത്മീയഅനുഗ്രഹത്താലും ക്രിസ്തുവിൽ നമ്മെ അനുഗ്രഹിച്ചിരിക്കുന്നു. ദൈവത്തിന്റെ ഭണ്ഡാരം അനുഗ്രഹങ്ങൾ കൊണ്ടു നിറഞ്ഞിരിക്കുന്നു. ആ ഭണ്ഡാരത്തിന്റെ പൂട്ടുതുറക്കാൻ പ്രാർത്ഥനയ്ക്കേ കഴിയൂ. പ്രാർത്ഥനയായ താക്കോലും വിശ്വാസവും ചേർന്നാണ് ആ കതകു തുറക്കുന്നതും അനുഗ്രഹം അവകാശപ്പെടുന്നതും. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും. അവനെ കാണുക എന്നുള്ളത് ശരിയായി പ്രാർത്ഥിക്കുന്നതാണ്.**

ക്കുന്നു. ആ ഭണ്ഡാരത്തിന്റെ പൂട്ടുതുറക്കാൻ പ്രാർത്ഥനയ്ക്കേ കഴിയൂ. പ്രാർത്ഥനയായ താക്കോലും വിശ്വാസവും ചേർന്നാണ് ആ കതകു തുറക്കുന്നതും അനുഗ്രഹം അവകാശപ്പെടുന്നതും. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും. അവനെ കാണുക എന്നുള്ളത് ശരിയായി പ്രാർത്ഥിക്കുന്നതാണ്.

ശ്രദ്ധിക്കുക! ഞാനും നിങ്ങളും ഒരിക്കൽക്കൂടെ തിരഞ്ഞെടുപ്പിന്റെ വഴികളുടെ മുമ്പിൽ എത്തിയിരിക്കുന്നു. പ്രാർത്ഥനയ്ക്ക് അതിന്റേതായ സ്ഥാനം നൽകുന്നുവെങ്കിൽ ഇപ്പോൾ എന്നേക്കുമായി നമ്മുടെ ഭൂതകാലപരാജയങ്ങളെയും കഴിവുകേടുകളെയും പോരായ്മകളെയും ശുശ്രൂഷയിലെ ഫലമില്ലായ്മയെയും നാടുകടത്തുവാൻ കഴിയും. അത് ഇന്നുതന്നെ ചെയ്യുക. മറ്റൊരു സൗകര്യപ്രദമായ സമയത്തിനായി കാത്തിരിക്കരുത്.

നാം എടുക്കുന്ന തീരുമാനത്തെ അനുസരിച്ചാണ് നാം വിലയുള്ളവ സ്വായത്തമാക്കുന്നത്. ദൈവം വാസ്തവമായി അത്ഭുതദൈവമാണ്. അവന്റെ അത്ഭുതകാര്യങ്ങളിൽ ഒന്ന് തനിക്കുള്ള സകലവും വിശ്വാസത്തോടുകൂ





ടിയ പ്രാർത്ഥനയാൽ നമ്മുടേതാക്കാൻ അവൻ മാറ്റിവച്ചിരിക്കുന്നുവെന്നുള്ളതാണ്. പൂർണ്ണവിശുദ്ധിയുള്ള ഒരു ഹൃദയത്തിൽനിന്നുമുള്ള വിശ്വാസത്തിന്റെ പ്രാർത്ഥന ഒരിക്കലും വ്യർത്ഥമാകുകയില്ല. ദൈവം അതിനുള്ള വാഗ്ദാനം നമുക്കു നല്കിയിട്ടുണ്ട്. എന്നാൽ അതിനെക്കാൾ വലിയ അത്ഭുതം ക്രിസ്തീയസ്ത്രീപുരുഷന്മാർ ദൈവവാഗ്ദാനം വിശ്വസിക്കാതിരിക്കുകയും അതു പരീക്ഷണവിധേയമാക്കാതിരിക്കുകയും ചെയ്യുന്ന വിസ്മയകരമായ യാഥാർത്ഥ്യമാണ്.

ക്രിസ്തു നമ്മിൽ 'സകലത്തിലും സകലവും' ആകുമ്പോൾ, അവൻ നമ്മുടെ സമ്പൂർണ്ണവ്യക്തിത്വത്തിലും രക്ഷിതാവും കർത്താവും രാജാവും ആകുമ്പോൾ, വാസ്തവത്തിൽ അവനാണ് നമ്മുടെ പ്രാർത്ഥനകൾ പ്രാർത്ഥിക്കുന്നത്. അങ്ങനെയായാൽ ഒരു പ്രസിദ്ധമായ വാക്യത്തിലെ ഒരു വാക്കിന് വ്യത്യാസം വരുത്തിക്കൊണ്ട് നമുക്കു സത്യസന്ധമായി ഇങ്ങനെ പറയാം: "കർത്താവായ യേശു എന്നേക്കും ജീവിക്കുന്നവനാകയാൽ നമ്മിൽ പക്ഷവാദം ചെയ്യുന്നവനാകുന്നു". ഹാ, അതിനാൽ നമുക്കു നമ്മുടെ അവിശ്വാസത്തിങ്കലല്ല, വിശ്വാസത്തിങ്കൽ കർത്താവായ യേശുവിനെ ആശ്ചര്യപ്പെടുത്താനാവും! നമ്മുടെ കർത്താവ് വീണ്ടും ആശ്ചര്യപ്പെടുമ്പോൾ നമ്മെക്കുറിച്ച് ഇങ്ങനെ പറയും, "യിസ്രായേലിൽക്കൂടെ ഇത്ര വലിയ വിശ്വാസം കണ്ടിട്ടില്ല എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു'' (മത്താ.8:10). തുടർന്ന് തളർവാതം വാസ്തവമായ ശക്തിയായി രൂപാന്തരപ്പെടും.

നമ്മുടെ കർത്താവു നമ്മുടെമേൽ 'തീ ഇടുവാൻ' അല്ലേ വന്നത്? നാം ഇപ്പോൾത്തന്നെ കത്തിജ്വലിക്കുന്നവരാണോ? ഖേഡ്ഗാനിലെ സാധാരണ കുട്ടികളെ ദൈവം ഉപയോഗിച്ചിട

**ക്രിസ്തു നമ്മിൽ 'സകലത്തിലും സകലവും' ആകുമ്പോൾ, അവൻ നമ്മുടെ സമ്പൂർണ്ണ വ്യക്തിത്വത്തിലും രക്ഷിതാവും കർത്താവും രാജാവും ആകുമ്പോൾ, വാസ്തവത്തിൽ അവനാണ് നമ്മുടെ പ്രാർത്ഥനകൾ പ്രാർത്ഥിക്കുന്നത്. അങ്ങനെയായാൽ ഒരു പ്രസിദ്ധമായ വാക്യത്തിലെ ഒരു വാക്കിന് വ്യത്യാസം വരുത്തിക്കൊണ്ട് നമുക്കു സത്യസന്ധമായി ഇങ്ങനെ പറയാം: "കർത്താവായ യേശു എന്നേക്കും ജീവിക്കുന്നവനാകയാൽ നമ്മിൽ പക്ഷവാദം ചെയ്യുന്നവനാകുന്നു"**

ത്തോളം നമ്മെ ഉപയോഗിക്കുവാൻ അവന് കഴിയുകയില്ലേ? ദൈവത്തിന് മുഖപക്ഷം ഇല്ല. എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആണ് (ഫിലി. 1:21) എന്ന് പരമാർത്ഥമായും താഴ്മയായും പറയാൻ നമുക്കു കഴിയുമെങ്കിൽ അവന്റെ അത്യന്തശക്തി നമ്മിൽ അവൻ വെളിപ്പെടുത്തുകയില്ലേ?

പ്രാർത്ഥിക്കുന്ന ഹൈഡിനെക്കുറിച്ച് നമ്മിൽ പലരും വായിച്ചിട്ടുണ്ടാകാം. അദ്ദേഹത്തിന്റെ പക്ഷവാദത്തിന് കാര്യങ്ങളെ വ്യത്യാസപ്പെടുത്താനായി എന്നുള്ളത് സത്യമാണ്. ജോൺ ഹൈഡ് പ്രാർത്ഥിച്ചപ്പോൾ അവർ, അമ്പരന്നുപോയെന്ന് ജനങ്ങൾ നമ്മോടു പറയുന്നു. "യേശു!, യേശു!, യേശു!," എന്ന നാമം ഉരുവിട്ട് യാചിക്കുവാൻ തുടങ്ങിയപ്പോഴേ കേട്ടവരുടെ അന്തരാത്മാവ് രോമാഞ്ചം കൊള്ളുകയും അവർ സ്നേഹത്തിന്റെയും ശക്തിയുടെയും ആത്മാവിൽ മുങ്ങുകയും ചെയ്തു.

ജോൺ ഹൈഡായിരുന്നില്ല, മനുഷ്യനെ ശുദ്ധീകരിക്കുന്ന ദൈവത്തിന്റെ പരിശുദ്ധാത്മാവായിരുന്നു അദ്ദേഹത്തിന്റെ ചുറ്റുമെത്തിയവരെ ആത്മാവി

നാൽ നിറച്ചത്. നമുക്കെല്ലാവർക്കും 'പ്രാർത്ഥിക്കുന്ന ജോൺ ഹൈഡ്' ആകരുതോ? നിങ്ങൾ പറയുന്നത് “ഇല്ല! അദ്ദേഹത്തിന് പ്രാർത്ഥിക്കാൻ ഒരു പ്രത്യേക കൃപ ഉണ്ടായിരുന്നു'' എന്നാണോ? വളരെ ശരിയാണ്. അതെങ്ങനെ അദ്ദേഹത്തിനു കിട്ടി? ഒരിക്കൽ അദ്ദേഹം നമ്മെപ്പോലെതന്നെ സാധാരണ ക്രിസ്ത്യാനിയായിരുന്നു.

മാനുഷികമായിപ്പറഞ്ഞാൽ അദ്ദേഹത്തിന്റെ പ്രാർത്ഥനാജിവിതം തന്റെ പിതാവിന്റെ സുഹൃത്തിന്റെ പ്രാർത്ഥനയോടു കടപ്പെട്ടിരിക്കുന്നുവെന്നുള്ളത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? ഇപ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് ഈ ഭാഗം. നിങ്ങളുടെ ജീവിതത്തെ ആകമാനം അഗാധമായി സ്വാധീനിക്കുവാൻ ഒരാൾക്കു സാധിക്കുന്നത് സർവ്വപ്രധാനമായ കാര്യമാണ്. പലകാര്യങ്ങൾ ബന്ധപ്പെട്ടു കിടക്കുന്നതുകൊണ്ട് ആ കഥ ഏറെക്കുറെ മുഴുവനും ഞാൻ പറയുവാനാഗ്രഹിക്കുന്നു. ജോൺ ഹൈഡിന്റെ വാക്കുകൾതന്നെ ഞങ്ങൾ ഉദ്ധരിക്കട്ടെ. ഒരു മിഷനറിയായിപ്പോകുവാൻ ഇന്ത്യയിലേക്കുള്ള കപ്പലിന്റെ വരവുംകാത്ത് ഇരുന്ന സമയമായിരുന്നു. അദ്ദേഹം പറയുന്നു, “ഒരു വിദേശമിഷനറിയാകാൻ വളരെ ആഗ്രഹിച്ചെങ്കിലും പോകാൻ അനുവാദം ലഭിക്കാത്ത ഒരു സുഹൃത്ത് എന്റെ പിതാവിനുണ്ടായിരുന്നു. അയാൾ കപ്പലിലേക്ക് എന്റെ പേർക്ക് ഒരു എഴുത്ത് അയച്ചിരുന്നു. ന്യൂയോർക്ക് തുറമുഖം വിട്ട് ചില മണിക്കൂറുകൾ കഴിഞ്ഞപ്പോൾ എനിക്കതു ലഭിച്ചു. അധികം വാക്കുകൾ ഇല്ലായിരുന്നു; ചുരുക്കമിതാണ്. “ജോൺ, നീ പരിശുദ്ധാത്മപൂർണ്ണനാകുംവരെ ഞാൻ നിനക്കുവേണ്ടിയുള്ള പ്രാർത്ഥന അവസാനിപ്പിക്കുകയില്ല”. ഞാൻ പരിശുദ്ധാത്മസ്നാനം പ്രാപിച്ചിട്ടില്ലെന്നാണോ ഈ സുഹൃത്ത് ചിന്തിച്ചിട്ടുള്ളത്; അതോ, ഈ അഭിഷേകം കൂടാതെ ഇന്ത്യയിലേക്കു പോകാമെന്നു ഞാൻ ചിന്തിച്ചിട്ടുണ്ടെന്നാണോ? അത് എന്നെ കോപിപ്പിച്ചു. എന്നാൽ വീണ്ടുവിചാരമുണ്ടായപ്പോൾ ഞാൻ ആ കത്ത് വീണ്ടും എടുത്തു വായിച്ചു. ഞാൻ ഇതുവരെ പ്രാപിക്കാത്ത ചിലതിന്റെ ആവശ്യം എനിക്കുള്ളതായി തോന്നി. ഞാൻ മേൽത്തട്ടിലേക്കു പോയി. അവിടെ വീണുകിടന്നു, ഉള്ളം സംഘർഷഭരിതമായി. ഞാൻ ആകെ അസ്വസ്ഥനായി. ആ എഴുത്തുകാരനോട് എനിക്കിഷ്ടം തോന്നിത്തുടങ്ങി. അദ്ദേഹത്തിന്റെ വിശുദ്ധജീവിതത്തെക്കുറിച്ച് എനിക്കു ബോദ്ധ്യമായി. അദ്ദേഹം എഴുതിയത് എത്രയോ ശരിയാണ്! ഒരു മിഷനറിയാകാൻ ഉള്ള യോഗ്യത എനിക്കില്ല എന്ന കുറ്റബോധം എന്നെ ഭരിച്ചു. ഞാൻ ശരിക്കും ചിന്താക്കുഴപ്പത്തിലാകുന്നതുവരെ രണ്ടു ദിവസം അങ്ങനെ പോയി. അവസാനം ഒരുതരം നിരാശയോടെ പരിശുദ്ധാത്മാവിനാൽ എന്നെ നിറയ്ക്കേണമേ എന്ന് ഞാൻ ദൈവത്തോടു യാചിച്ചു. അതു ചെയ്ത നിമിഷംതന്നെ ഞാൻ എന്നെത്തന്നെ കാണാൻ തുടങ്ങി. എന്റെ സ്വാർത്ഥതാത്പര്യങ്ങൾ ഞാൻ കണ്ടു.”

**പ്രിയ വായനക്കാരാ, ഒരു “പ്രാർത്ഥിക്കുന്ന ഹൈഡ്” ആകുവാൻ കഴിയുകയില്ലെന്ന് അല്പംമുമ്പേ നിങ്ങൾ നിങ്ങളുടെ ഹൃദയത്തിൽ പറഞ്ഞില്ലേ? ശരിയാണ്, നമുക്ക് എല്ലാവർക്കും പ്രാർത്ഥിക്കുവാനായി ഇത്രയേറെ സമയം മാറ്റിവയ്ക്കാൻ ബുദ്ധിമുട്ടാണ്. ശാരിരികമോ അല്ലാത്തതോ ആയ കാരണങ്ങൾ സുദീർഘമായ പ്രാർത്ഥനയിൽനിന്ന് നമ്മെ തടയുന്നു. എന്നാൽ നമുക്ക് അവന്റെ പ്രാർത്ഥനയുടെ ആത്മാവുണ്ട്. അറിയപ്പെടാത്ത ഒരു സുഹൃത്ത് ജോൺ ഹൈഡിനുവേണ്ടി ചെയ്തതുപോലെ നമുക്ക് എന്തുകൊണ്ട് മറ്റുള്ളവർക്കുവേണ്ടി ചെയ്തുകൂടാ?**

എന്നാൽ അദ്ദേഹം അന്വേഷിച്ചുകൊണ്ടിരുന്ന ആ അനുഗ്രഹം ഇനിയും





പ്രാപിച്ചിരുന്നില്ല. ഇന്ത്യയിലിറങ്ങിയ ശേഷം ഒരു കൂട്ടുസുവിശേഷകനുമായി ഒരു പരസ്യപ്രസംഗത്തിനു പോയി. ആ സുവിശേഷകൻ പ്രസംഗിച്ചതിനെക്കുറിച്ച് ജോൺ ഹൈഡ് ഇപ്രകാരം പറഞ്ഞു, ‘‘യേശുക്രിസ്തു പാപത്തിൽനിന്ന് യഥാർത്ഥമായി രക്ഷിക്കുന്നവനാണെന്ന് അദ്ദേഹം എന്നോടുതന്നെ സംസാരിക്കുന്നതായി എനിക്കു തോന്നി. അദ്ദേഹത്തിന്റെ പ്രസംഗം കഴിഞ്ഞപ്പോൾ മാന്യനായ ഒരു മനുഷ്യൻ നല്ല ഇംഗ്ലീഷ് സംസാരിച്ചുകൊണ്ട് ഈ സുവിശേഷകനോട് ചോദിച്ചു, “താങ്കൾ ഈ നിലയിൽ രക്ഷിക്കപ്പെട്ടിട്ടുണ്ടോ?” ഉപേക്ഷിക്കപ്പെടാത്ത ഒരു പാപം എന്റെ ജീവിതത്തിൽ ഉണ്ടായിരുന്നതിനാൽ ക്രിസ്തു എന്നെ പൂർണ്ണമായി രക്ഷിച്ചിട്ടില്ലെന്നും ഈ ചോദ്യം എന്നോടു ചോദിച്ചിരുന്നെങ്കിൽ ഞാനത് ഏറ്റുപറയേണ്ടിവരുമായിരുന്നല്ലോ എന്നുമുള്ള ചിന്തയുമായാണ് ഞാൻ ഭവനത്തിലേക്കു മടങ്ങിയത്. പരിപൂർണ്ണരക്ഷകനാണ് ക്രിസ്തു എന്നു പ്രസംഗിച്ചു നടക്കുന്ന എന്നെ പൂർണ്ണമായി പാപത്തിൽനിന്നു വിടുവിക്കുവാൻ ക്രിസ്തുവിനു കഴിഞ്ഞിട്ടില്ലെന്ന് ഏറ്റുപറയേണ്ടിവന്നാൽ അത് ക്രിസ്തുവിന്റെ നാമത്തിന് എത്ര വലിയ അപമാനമാണെന്ന് എനിക്കു ബോദ്ധ്യമായി. ഞാൻ മുറിയിൽക്കയറി ഒളിച്ചുകൊണ്ട് കർത്താവിനോട് രണ്ടു കാര്യങ്ങളിൽ ഒന്നു ചെയ്യുവാൻ അപേക്ഷിച്ചു. ഒന്നുകിൽ എന്റെ എല്ലാ പാപങ്ങളിന്മേലും എന്നെ അസ്വസ്ഥനാക്കുന്ന പ്രത്യേകമായ ആ പാപത്തിന്മേലും എനിക്കു വിജയം തരണം, അല്ലെങ്കിൽ മറ്റെന്തെങ്കിലും ജോലി ചെയ്തു ജീവിക്കേണ്ടതിനായി എന്നെ അമേരിക്കയിലേക്കു തിരിച്ചയയ്ക്കണം. സുവിശേഷീകരണത്തിനായി എനിക്കിനി കാലുകുത്താൻ കഴിയുകയില്ലെന്നു ഞാൻ പറഞ്ഞു. അത് എത്ര യുക്തിപരമാണെന്നുള്ളത് ഞാൻ മനസ്സിലാക്കി. എന്നെ എല്ലാ പാപത്തിൽനിന്നും വിടുവിക്കാൻ തനിക്കു കഴിവും മനസ്സും ഉണ്ടെന്നുള്ളത് കർത്താവ് എനിക്കുറപ്പാക്കിത്തന്നു. അവൻ എന്നെ വിടുവിക്കുക മാത്രമല്ല ഇന്നുവരെ എനിക്ക് ആ കാര്യത്തിൽ ഒരു സംശയവും ഉണ്ടായിട്ടുമില്ല!!

**നാം ചോദിച്ചിട്ടും ദൈവം തരുന്നില്ലെങ്കിൽ കുറവു നമ്മുടെ ഭാഗത്താണ്. ഉത്തരമില്ലാത്ത ഓരോ പ്രാർത്ഥനയും ഹൃദയാന്തർഭാഗത്തുള്ള തെറ്റിനെ കണ്ടെത്തുവാനുള്ള കാഹളധ്വനിയാണ്. കാരണം, വാഗ്ദാനം തെറ്റിക്കൂടാതവണ്ണം വ്യക്തവുമാണ്. “നിങ്ങൾ എന്റെ നാമത്തിൽ എന്ത് അപേക്ഷിച്ചാലും ഞാൻ ചെയ്തുതരും”. വാസ്തവത്തിൽ പ്രാർത്ഥിക്കുന്നവൻ ദൈവത്തെയല്ല, സ്വന്ത ആത്മീയ ജീവിതത്തെയാണ് പരീക്ഷണവിധേയമാക്കുന്നത്!**

അതിനുശേഷംമാത്രമാണ് ജോൺ ഹൈഡ് “പ്രാർത്ഥിക്കുന്ന ഹൈഡ്’ ആയത്. എന്നെയും നിങ്ങളെയും ശക്തരായ പ്രാർത്ഥനാമനുഷ്യരാക്കേണ്ടതിന് ഇതുപോലുള്ള സമ്പൂർണ്ണ സമർപ്പണവും പാപത്തിന്റെ ശക്തിയിൽനിന്നു വിടുതൽ കിട്ടുവാനുള്ള വ്യക്തവും ഉറപ്പുള്ളതുമായ അന്വേഷണവും കൂടിയേ തീരൂ. ഞങ്ങൾ ഊന്നിപ്പറയാനുദ്ദേശിക്കുന്ന പ്രധാന കാര്യം മുമ്പ് സൂചിപ്പിച്ചിട്ടുള്ളതാണ്. താരതമ്യേന അറിയപ്പെടാത്ത ഒരു മനുഷ്യൻ ജോൺ ഹൈഡിനു വേണ്ടി പ്രാർത്ഥിക്കുന്നു. പിന്നെയും അയാൾ ലോകത്തിൽ അറിയപ്പെടാതെ തുടരുന്നു. എന്നാൽ അയാളുടെ പ്രാർത്ഥന മൂലം 'പ്രാർത്ഥിക്കുന്ന ഹൈഡ്' എന്ന് എല്ലാവരാലും അറിയപ്പെടുന്ന ഒരാളുടെമേൽ ദൈവം അനുഗ്രഹം വർഷിച്ചു. പ്രിയ വായനക്കാരാ, ഒരു

(ശേഷം പേജ് 41 ൽ)

തിരുവെഴുത്തുകളെ പരിശോധിക്കുക

# കയീനും ഹാബേലും നമുക്കു നൽകുന്ന പാഠങ്ങൾ

**സാക്പുന്നൻ**

ആദാമും ഹവ്വായും ഏദൻ തോട്ടത്തിൽനിന്നു പുറത്താക്കപ്പെട്ടശേഷം നടന്നതായി ബൈബിളിൽ രേഖപ്പെടുത്തിയിട്ടുള്ള ആദ്യത്തെ സംഭവമാണിത്.

ഒരേ ഭവനത്തിൽ വളർത്തപ്പെട്ട രണ്ടു കുട്ടികളെ നാമിവിടെ കാണുന്നു. ഒരേ കുടുംബപശ്ചാത്തലത്തിൽ, സത്യദൈവത്തെപ്പറ്റിയുള്ള ഒരേ ഉപദേശത്തിൻ കീഴിൽ, ഇങ്ങനെ എല്ലാവിധത്തിലും തികച്ചും തുല്യമായ സാഹചര്യങ്ങളിൽ വളർന്നുവന്ന രണ്ടുകുട്ടികൾ. എന്നിട്ടും അവരുടെ ജീവിതം അത്യന്തം വിഭിന്നമായിട്ടാണ് പരിണമിച്ചത്. തന്റെ കാന്തയെ ചേർക്കുവാൻ കർത്താവായ യേശു വരുമ്പോൾ രണ്ടുപേർ ഒരു കിടക്കയിൽ ആയിരിക്കുമെന്നും, ഒരുത്തനെ കൈക്കൊള്ളുകയും മറ്റവനെ ഉപേക്ഷിക്കയും ചെയ്യുമെന്നും അവിടുന്ന് പറഞ്ഞിട്ടുണ്ട്. രണ്ടുപേർ ഒരേ സഭയിൽ കൂട്ടായ്മ ആചരിക്കുന്നവരായിരിക്കും; ഒരാൾ എടുക്കപ്പെടും, മറ്റേയാൾ തള്ളപ്പെടും.

ഹാബേലിന്റെയും കയീന്റെയും കാര്യത്തിൽ അങ്ങനെയാണ് സംഭവിച്ചത്. ഒരാൾ സ്വീകരിക്കപ്പെട്ടു; മറ്റേയാൾ പുറന്തള്ളപ്പെട്ടു. രണ്ടുപേരും മതഭക്തിയുള്ളവരായിരുന്നു. രണ്ടുപേരും ദൈവത്തിനു വഴിപാടുകൾ അർപ്പിച്ചു. എന്നാൽ അവരുടെ ഹൃദയനില അത്യന്തം വ്യത്യസ്തമായിരുന്നു. അതായിരുന്നു എല്ലാ വ്യത്യാസത്തിനും കാരണം. മനുഷ്യൻ പുറമേയുള്ളതു നോക്കുന്നു; യഹോവയോ ഹൃദയത്തെ കാണുന്നു.

ഹാബേലും കയീനും തമ്മിലുള്ള അന്തരം നാം സാധാരണ കേൾക്കാറുള്ളതുപോലെ ഒരാൾ ഒരാട്ടിൻകുട്ടിയെ ബലികഴിച്ചു രക്തം ചൊരിയുകയും മറ്റേയാൾ തന്റെ നിലത്തിലെ വിളവുകളിൽനിന്നു വഴിപാടർപ്പിക്കുകയും ചെയ്തു എന്നുള്ളതല്ല. അവർ തങ്ങളുടെ പാപങ്ങൾക്കുവേണ്ടി യാഗം കഴിക്കുകയല്ല, പിന്നെയോ യഹോവയ്ക്കു ഒരു വഴിപാടു കൊണ്ടുവരികയാണ് ചെയ്തത്. മോശയുടെ ന്യായപ്രമാണമനുസരിച്ചുപോലും നിലത്തെ വിളവുകളിൽനിന്ന് യഹോവയ്ക്കു വഴിപാട് അർപ്പിക്കുക എന്നത് തികച്ചും ശരിയായിരുന്നു. (ആവർത്തനം 26: 1-11) നിന്റെ എല്ലാ വിളവിന്റെയും ആദ്യഫലം കൊണ്ട് യഹോവയെ ബഹുമാനിക്ക എന്ന പ്രബോധനം സദൃശവാക്യങ്ങൾ 3:9-ൽ നാം കാണുന്നു. ഹാബേൽ ഒരാട്ടിടയനായിരുന്നതിനാൽ തന്റെ ആട്ടിൻകുട്ടത്തിലെ കടിഞ്ഞൂലുകളായിരുന്നു അവന്റെ ആദ്യഫലം. കയീൻ കൃഷിക്കാരനായിരുന്നതുകൊണ്ട് അവന്റെ വിളവുകളിൽനിന്നുള്ള ആദ്യഫലം അവനും കൊണ്ടുവന്നു.







**നിങ്ങളോട് വളരെ അടുത്തു പെരുമാറുന്ന ഒരാൾ ഉയർച്ച പ്രാപിക്കുമ്പോൾ നിങ്ങൾ അതെങ്ങനെയാണ് സ്വീകരിക്കുന്നത്? ഈ സാഹചര്യത്തിൽ നിങ്ങളിൽ അസൂയയുടെ ഒരു വേര് മുളച്ചു പൊന്തുന്നുണ്ടോ? അയാൾക്കെതിരേ നിങ്ങൾ ദോഷം നിരൂപിക്കുന്നുണ്ടോ?**

(ഉൽപത്തി 4:2-4) ഇരുവരും താന്താങ്ങളുടെ പ്രയത്നത്തിൽനിന്നുള്ള ആദ്യഫലം തന്നെയാണർപ്പിച്ചത്. ഈ കാര്യത്തിൽ കയീന്റെ ഭാഗത്ത് കുറ്റകരമായി ഒന്നും ഉണ്ടായിരുന്നില്ല.

**പ്രസാദകരമായ യാഗം**

എന്നാൽ ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സ്; തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ ദൈവമേ, നീ നിരസിക്കയില്ല. (സങ്കീ. 51:17) ഈ ഒരു കാര്യമായിരുന്നു ഹാബേലിൽ കാണപ്പെട്ടതും കയീനിൽ കാണാതിരുന്നതും. "യഹോവ ഹാബേലിലും അവന്റെ വഴിപാടിലും പ്രസാദിച്ചു; കയീനിലും അവന്റെ വഴിപാടിലും പ്രസാദിച്ചില്ല" എന്ന് എഴുതിയിരിക്കുന്നത് ഈ കാരണത്താലാണ് (ഉൽപത്തി 4: 4-5).

നിസ്സഹായാവസ്ഥയിൽ മനുഷ്യാത്മാവ് ദൈവത്തിൽ ആശ്രയം വയ്ക്കുന്നതാണ് വിശ്വാസം. ഈ വിശ്വാസം മൂലമാണ് ഹാബേൽ ദൈവത്തിന് കയീന്റേതിലും ഉത്തമമായ യാഗം കഴിച്ചത് (എബ്രായർ 11:4) അതിനാൽ ഹാബേലിന്റെ വഴിപാട് ദൈവത്തിന് പ്രസാദകരമായിത്തീർന്നു.

ഹാബേൽ രക്തം വഴിപാടായി അർപ്പിച്ചതിനാലും കയീൻ അപ്രകാരം ചെയ്യാത്തതിലുമാണ് അവർ തമ്മിൽ ഈ വ്യത്യാസം ഉണ്ടായത് എന്ന ഉപദേശത്തിൽ വലിയ വഞ്ചന അടങ്ങിയിരിക്കുന്നു. യേശുവിന്റെ രക്തത്തിൽ ആശ്രയിക്കുക മൂലമാണ് നാം ദൈവത്തിനു സ്വീകാര്യരായിത്തീരുന്നത് എന്നതാണ് ഈ ഉപദേശം പ്രചരിപ്പിക്കുന്നവർ ലക്ഷ്യമാക്കുന്ന ആശയം. ഒരു മനുഷ്യന്റെ ജീവിതരീതിയോ ഹൃദയനിലയോ (അത് തകർന്നും നുറുങ്ങിയുമുള്ളതാകട്ടെ, അല്ലാതിരിക്കട്ടെ; അതിൽ വിശ്വാസമുണ്ടായിരിക്കട്ടെ; ഇല്ലാതിരിക്കട്ടെ എങ്ങനെയായാലും) ഈ കാര്യത്തിൽ ഗണ്യമല്ലെന്നമട്ടിലാണ് ചിലർ ഈ ഉപദേശം പ്രചരിപ്പിക്കുന്നത്. ക്രിസ്തുവിന്റെ രക്തം നമുക്കുവേണ്ടി ചൊരിയപ്പെട്ടു എന്നു വാദിക്കുകമാത്രമാണവർ ചെയ്യുന്നത്.

അതിൽ ദൈവത്തിന്റെ പ്രസാദം സമ്പാദിക്കുവാൻ മതിയായ എന്തോ മാന്ത്രികശക്തി അടങ്ങിയിട്ടുണ്ടെന്നു തോന്നുമാറാണ് അവർ അപ്രകാരം ചെയ്യുന്നത്. ഇത് ഒരു വ്യാജോപദേശമത്രേ. ധാരാളംപേർ ഇതിനാൽ വഞ്ചിതരായിത്തീർന്നുകൊണ്ടിരിക്കുന്നു.

യേശുവിന്റെ രക്തം ഏതൊരാൾക്കുമോ എല്ലാവർക്കുമോ അവകാശപ്പെടാവുന്നതല്ല. യേശുവിന്റെ രക്തം ഏതൊരുവനെയും തന്റെ പാപങ്ങളിൽ നിന്നു ശുദ്ധീകരിക്കുന്നുവെന്ന് തിരുവെഴുത്തുകളിൽ ഒരിടത്തും പറഞ്ഞിട്ടില്ല. തിരുവെഴുത്തുകളെ കൗശലപൂർവ്വം തെറ്റായി വ്യാഖ്യാനിച്ചിട്ടുള്ളതിന്റെ ഫലമാണ് ആ ധാരണ. ദൈവം വെളിച്ചത്തിലായിരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ അവന്റെ പുത്രനായ യേശുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു എന്നു മാത്രമാണ് തിരുവെഴുത്തിൽ പറഞ്ഞിട്ടുള്ളത് (1 യോഹ 1:7). ദൈവത്തിന്റെ വെളിച്ചത്തിൽ നടക്കണമെങ്കിൽ ഒരുവന് ഹാബേലിനെന്നപോലെ തകർന്നും നുറുങ്ങിയുമുള്ള ഒരു ഹൃദയം ഉണ്ടായിരിക്കണം. അപ്പോഴാണ്, അപ്പോൾ മാത്രമാണ്, ഒരുവന്റെ വഴിപാട് ദൈവത്തിന് സ്വീകാര്യമായിത്തീരുന്നത്.

താൻ യേശുവിന്റെ രക്തത്തിലാശ്രയിക്കുന്നുവെന്ന് ഒരാൾ പറകയും അപ്പോൾതന്നെ നിഗളവും അഹങ്കാരവുമുള്ള ഒരു ഹൃദയം അയാൾക്കുണ്ടായിരിക്കയും ചെയ്താൽ ദൈവം കയീനോട് ചെയ്തതുപോലെ അയാളോട് എതിർത്തു നില്ക്കയും അയാൾക്കു പ്രതികൂലമായി പ്രവർത്തിക്കുകയും ചെയ്യും (1 പത്രോസ് 5:5). താഴ്മയുള്ളവർക്കു മാത്രമാണ് ദൈവത്തിൽ നിന്ന് കൃപലഭിക്കുന്നത് (യാക്കോബ് 4:6).

നമ്മുടെ വഴിപാടും ആരാധനയും പ്രാർത്ഥനയും സേവനവും തകർന്നും നുറുങ്ങിയുമിരിക്കുന്ന ഒരു ഹൃദയത്തിൽനിന്ന് – താഴ്മയോടെ ദൈവത്തിലാശ്രയിക്കുന്ന ഒരു മനോഭാവത്തിൽനിന്ന് – പുറപ്പെടുന്നുവെങ്കിൽമാത്രമേ അവ ദൈവത്തിനു പ്രസാദകരമായിത്തീരുന്നുള്ളു. നമ്മുടെ ഭാഷയുടെ ഭംഗിയോ ശുശ്രൂഷയുടെ കാര്യക്ഷമതയോ അല്ല, പിന്നെയോ നമ്മുടെ ഹൃദയത്തിന്റെ അവസ്ഥയാണ് ദൈവം നോക്കുന്നത്. ഉൽപത്തി 4 ലെ സംഭവത്തിൽനിന്നു നാം പഠിക്കേണ്ട ഒന്നാമത്തെ പാഠം ഇതാണ്.

കയീന്റെയും ഹാബേലിന്റെയും കാലം മുതൽ കാലാവസാനം വരെയും ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നും നുറുങ്ങിയുമിരിക്കുന്ന മനസ്സ് തന്നെയാണ്. ദൈവം മാറ്റമില്ലാത്തവൻ; അവിടുത്തെ നിയമങ്ങൾക്കും മാറ്റമില്ല.

കയീൻ ഒരാട്ടിൻകുട്ടിയെ കൊണ്ടുവന്ന് അതിന്റെ രക്തം അർപ്പിച്ചിരുന്നുവെങ്കിൽപ്പോലും ദൈവം കയീനിൽ പ്രസാദിക്കുകയില്ലായിരുന്നു. കാരണം, അവന്റെ ഹൃദയം നിഗളവും ഉന്നതഭാവവുംകൊണ്ടു നിറഞ്ഞതായിരുന്നു.

“ദൈവം നമുക്ക് അനുകൂലമെങ്കിൽ നമുക്കു പ്രതികൂലം ആര്?” എന്ന പൊലോസിന്റെ വിജയകരമായ വെല്ലുവിളി ഹൃദയത്തിൽ താഴ്മയുള്ളവർക്കു മാത്രമേ ഉച്ചരിക്കുവാൻ സാധിക്കുകയുള്ളു. (റോമർ 8:31). കാരണം, താഴ്മയുള്ളവർക്കു മാത്രമാണ് ദൈവം അനുകൂലമായിരിക്കുന്നത്. ദൈവം നിഗളികൾക്കു പ്രതികൂലമായിരിക്കുന്നതിനാൽ അവർക്ക് അത് ഉച്ചരിക്കുവാൻ സാധ്യമല്ല. തന്നെക്കുറിച്ച് ഉയർന്ന ചിന്തയുള്ള ഏതൊരു മനുഷ്യനും അയാൾ യേശുവിന്റെ രക്തം അവകാശപ്പെട്ടുകൊണ്ട് അപേക്ഷിച്ചാൽ തന്നെയും കയീനു വന്ന അന്ത്യം തന്നെ സംഭവിക്കും. “വഞ്ചിക്കപ്പെടരുത്; ദൈവത്തെ പരിഹസിച്ചുകൂടാ; മനുഷ്യൻ വിതയ്ക്കുന്നതു തന്നെ കൊയ്യും.” (ഗലാത്യർ 6:7) ഇത് പക്ഷഭേദം കൂടാതെ എല്ലാ മനുഷ്യരെയും ബാധിക്കുന്ന സാർവത്രിക നിയമമാണ്.





## അസൂയയും കോപവും

ഈ സംഭവത്തിൽ നിന്നു നമുക്കു ഗ്രഹിക്കാൻ കഴിയുന്ന മറ്റൊരു പാഠമുണ്ട്. ദൈവം ഹാബേലിൽ പ്രസാദിക്കയും അവൻ മാനിക്കപ്പെടുകയും ചെയ്തതിനാൽ കയീന് ഹാബേലിനോട് അസൂയയും കോപവും തോന്നി.

നിങ്ങളോട് വളരെ അടുത്തു പെരുമാറുന്ന ഒരാൾ ഉയർച്ച പ്രാപിക്കുമ്പോൾ നിങ്ങൾ അതെങ്ങനെയാണ് സ്വീകരിക്കുന്നത്? നിങ്ങളുടെ കൂടെ പ്രവർത്തിക്കുന്ന ഒരു സഹോദരൻ പാപത്തിന്മേലുള്ള വിജയത്തെപ്പറ്റി എല്ലായ്പ്പോഴും പ്രസംഗിക്കുകയും അയാളുടെ ജീവിതത്തിൽ ആകുലചിന്തയോ കോപമോ അക്ഷമയോ ഒന്നുമില്ലാതെ നിരന്തരമായ വിജയത്തിന്റെയും സന്തോഷത്തിന്റെയും സമാധാനത്തിന്റെയും ആത്മാവ് കാണപ്പെടുകയും ചെയ്യുന്നുവെന്നിരിക്കട്ടെ. അതേ സമയം (നിങ്ങൾ വിജയജീവിതം സാധ്യമാണെന്നു വിശ്വസിക്കാത്തതു മൂലം) നിങ്ങളുടെ ജീവിതം അരിഷ്ടതയും മ്ലാനതയും തോൽവിയും നിറഞ്ഞതായിത്തന്നെ ഇരിക്കയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ നിങ്ങളിൽ അസൂയയുടെ ഒരു വേര് മുളച്ചു പൊന്തുകയും, നിങ്ങൾക്കു സന്തോഷം ഉളവാകുമാറ് അയാൾക്കെവിടെയെങ്കിലും ഒരു വീഴ്ച പറ്റുന്നതു കാണുവാൻ നിങ്ങൾ ആഗ്രഹിക്കയും, മറ്റുള്ളവരുടെ മുമ്പിൽ അയാളെ വലിച്ചു താഴ്ത്തുവാനുള്ള ഒരവസരത്തിനായി നിങ്ങൾ വാഞ്ഛിക്കയും ചെയ്യുന്നുണ്ടോ? എങ്കിൽ കയീനെ ഭരിച്ച മനോഭാവവും ഇതു തന്നെയായിരുന്നു.

ആ സഹോദരനു വല്ല ആപത്തും സംഭവിക്കുമ്പോൾ നിങ്ങൾ സന്തോഷിക്കുന്നുണ്ടോ? അയാളുടെ നിരന്തരമായ വിജയം നിങ്ങളെ അലോസരപ്പെടുത്തുകയും കോപിഷ്ഠനാക്കുകയും ചെയ്യുന്നുണ്ടോ?

എന്നിട്ടും ക്രിസ്തുവിന്റെ കാന്തയായ

**യേശുവിന്റെ രക്തം ഏതൊരാൾക്കുമോ എല്ലാവർക്കുമോ അവകാശപ്പെടാവുന്നതല്ല. യേശുവിന്റെ രക്തം ഏതൊരുവനെയും തന്റെ പാപങ്ങളിൽ നിന്നു ശുദ്ധീകരിക്കുന്നുവെന്ന് തിരുവെഴുത്തുകളിൽ ഒരിടത്തും പറഞ്ഞിട്ടില്ല. തിരുവെഴുത്തുകളെ കൗശലപൂർവ്വം വ്യാഖ്യാനിച്ചിട്ടുള്ളതിന്റെ ഫലമാണ് ആ ധാരണ. ദൈവം വെളിച്ചത്തിലായിരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ യേശുവിന്റെ രക്തം സകലപാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു എന്നു മാത്രമാണ് തിരുവെഴുത്തിൽ പറഞ്ഞിട്ടുള്ളത്**

സമൂഹത്തിന്റെ ഒരു ഭാഗമാണെന്ന് നിങ്ങൾ അവകാശപ്പെടുന്നു! ഹാ! എത്ര കടുത്ത വഞ്ചനയാണിത്! യഥാർത്ഥത്തിൽ നിങ്ങൾ വഞ്ചിതനായിത്തീർന്നിരിക്കുന്നു. പ്രിയസ്നേഹിതാ, നിങ്ങളിലുള്ള ആ മനോഭാവം കയീന്റെ മനോഭാവമാണ്; ക്രിസ്തുവിന്റേതല്ല. അത് എത്ര നീചവും മലിനവുമായ ഒന്നാണെന്ന് എത്ര വേഗം നിങ്ങൾ മനസ്സിലാക്കുമോ അത്രയും നിങ്ങൾക്കു നന്നായിരിക്കും.

ദൈവം കയീന് ഇതേപ്പറ്റി ഒരു താക്കീത് നൽകുവാനാഗ്രഹിച്ച സമയത്ത് പാപം അവന്റെ വാതില്ക്കൽ പതുങ്ങിക്കിടക്കുകയായിരുന്നു. പാപം നൂറുമൈൽ അകലെയല്ല, പിന്നെയോ വാതില്ക്കൽത്തന്നെ ഉള്ളിലേക്കു കടക്കുവാനാഗ്രഹിച്ചുകൊണ്ട് സ്ഥിതിചെയ്തിരുന്നു. എന്തെങ്കിലും നന്മ ചെയ്യുന്നതിനെപ്പറ്റിയല്ല കയീൻ ചിന്തിച്ചുകൊണ്ടിരുന്നത്. എന്തെങ്കിലും തിന്മ ചെയ്യുവാനും അപ്പോൾ വരെ അവൻ ചിന്തിച്ചിരുന്നില്ല. അങ്ങനെയെങ്കിൽ പാപം വാതിൽ കടന്ന് ഉള്ളിലാകുമായിരുന്നു. അവൻ തന്റെ ഹൃദയത്തിൽ നന്മ വസിക്കുവാൻ ഇടം നൽകാതെ അതിനെ ഒഴിഞ്ഞതും അടിച്ചു വാരിയതുമായി സൂക്ഷിച്ചിരുന്നു. ഈ സാഹചര്യം

കർത്താവ് മറ്റൊരിക്കൽ പറഞ്ഞതു പോലെ എട്ട് അശുദ്ധാത്മാക്കൾക്കു വസിക്കുവാൻ വഴി തുറന്നു കൊടുക്കുകയാണുണ്ടായത് (മത്തായി 12:43-45).

കയീന്റെ ജീവിതത്തിൽ യാതൊരു സന്തോഷവും ഉണ്ടായിരുന്നില്ല; അപ്രകാരമൊരു മനുഷ്യന് യഥാർത്ഥത്തിൽ സന്തോഷിക്കുവാൻ സാധ്യമല്ല. അവന്റെ മുഖഭാവം വാടി. മ്ലാനതയും നിരാശതയും കോപവും ആ മുഖത്ത് പ്രകടമായിരുന്നു. മറ്റൊരാളുടെ ജീവിതത്തിൽ ഇത്ര വലിയ ഉയർച്ചയും സന്തോഷവും ഉണ്ടാകുന്നതു വഹിക്കുവാൻ അയാൾക്ക് അസാധ്യമായിരുന്നു.

കയീന് ദൈവത്തോടും തന്റെ സഹോദരൻ ഹാബേലിനോടും കോപമുണ്ടായി. തന്നെക്കാൾ ഇളയവനായ ഒരുവന് ഈ ഉയർച്ച വന്നു എന്നതായിരുന്നു അവന്റെ കോപത്തിനുള്ള മറ്റൊരു കാരണം. കൂടുതൽ പ്രായമുള്ള ഒരുവന് ഉയർച്ച ലഭിച്ചിരുന്നുവെങ്കിൽ അത് അവന് കൂടുതൽ സഹനീയമായിരുന്നു. എന്നാൽ തന്നെക്കാൾ ഇളയവനായ ഒരുവന് ഇത്ര വലിയ അഭിവൃദ്ധിയുണ്ടാവുക-അത് സഹിക്കാവുന്നതിനപ്പുറമായിരുന്നു.

ഇവിടെ നാം കയീന്റെ നേരെ കല്ലെറിയുന്നതിനുപകരം നമ്മെത്തന്നെ വിധിക്കേണ്ടത് ആവശ്യമായിരിക്കുന്നു. എന്റെ ഇളയ സഹോദരന്മാർ ജീവന്റെ പുതുവഴിയിൽ എന്നെക്കാളധികം പുരോഗമിക്കുന്നതു കാണുമ്പോൾ വാസ്തവത്തിൽ സന്തോഷിക്കുവാൻ എനിക്കു സാധിക്കുന്നുണ്ടോ? അവർ എന്നെക്കാൾ മുമ്പിൽ പോകത്തക്കവണ്ണം ഞാൻ യഥാർത്ഥത്തിൽ അവരുടെ നന്മ അന്വേഷിക്കുന്നുണ്ടോ? അങ്ങനെയെങ്കിൽ തന്റെ ശിഷ്യന്മാർ തന്റേതിലും വലിയ പ്രവൃത്തി ചെയ്യുമെന്നോർത്തു സന്തോഷിച്ച യേശുക്രിസ്തുവിന്റെ മനസ്സു തന്നെയാണ് എനിക്കുമുള്ളത് (യോഹ. 14:12).

"എന്നാൽ ഈർഷ്യയും ശാഠ്യവും (അസൂയയും സ്വാർത്ഥമോഹവും) ഉള്ളിടത്ത് കലക്കവും സകല ദുഷ്പ്രവൃത്തിയും ഉണ്ട്" (യാക്കോബ് 3:16). അതേ, കയീന്റെ മനോഭാവം ഉള്ളിടത്ത് സങ്കല്പിക്കാവുന്ന സകല ദുഷ്ടസ്വഭാവങ്ങളും ക്രമേണ ഒന്നൊന്നായി വന്നു കൂടും.

**ദൈവം നൽകിയ താക്കീത്**

എങ്കിലും ഇപ്രകാരമുള്ള ഒരു മനുഷ്യന് ഒരു താക്കീതു നൽകി അവനെ തിരിയെ വരുത്തുവാൻ ദൈവം ശ്രമിക്കാതിരുന്നില്ല. മുടിയൻപുത്രന്റെ പിതാവ് വീട്ടിനുപുറത്തേക്കിറങ്ങിച്ചെന്ന് തന്റെ മൂത്തമകനെ ഉള്ളിലേക്കു ക്ഷണിച്ചതുപോലെ ദൈവം കയീന്റെ അടുക്കലേക്കു വരുന്നു. പിൽക്കാലത്ത് യേശു ഈസ്കര്യോത്താ യൂദായെ അവസാനനിമിഷംവരെയും സ്നേഹിച്ചതുപോലെ ദൈവം കയീനെ സ്നേഹിച്ചു. അവൻ നശിച്ചുപോകണമെന്ന് അവിടുന്ന് ആഗ്രഹിച്ചില്ല.

"നീ കോപിക്കുന്നതെന്തിന്?" ദൈവം അവനോടു ചോദിച്ചു. "നീ നന്മ ചെയ്യുന്നുവെങ്കിൽ നീയും പ്രസാദപാത്രമായിത്തീരും" (ഉൽപത്തി 4:7) തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തോടെ കയീൻ ദൈവസന്നിധിയിൽ വന്നിരുന്നെങ്കിൽ അവനെ ദൈവം കൈക്കൊള്ളുമായിരുന്നു. ദൈവത്തിനു മുഖപക്ഷമില്ല.

മനുഷ്യരുടെ കൂട്ടത്തിൽ ആരോടും പ്രത്യേകിച്ചൊരു മമതാബന്ധം ദൈവത്തിനില്ല. അവിടുത്തെ നിയമങ്ങൾ മാറ്റമില്ലാത്തവയാണ്. തന്നെത്താൻ താഴ്ത്തുന്ന എല്ലാവരും ഉയർത്തപ്പെടും. തന്നെത്താൻ ഉയർത്തുന്ന എല്ലാവരും താഴ്ത്തപ്പെടുകയും ചെയ്യും. സ്വന്തപുത്രനായ യേശുവിനോടുപോലും ദൈവം ഏതെങ്കിലും പ്രത്യേകരീതിയിൽ പെരുമാറിയില്ല. യേശു **തന്നെത്താൻ താഴ്ത്തിയതുകൊണ്ട്** അവനെ ദൈവം തന്റെ വലത്തുഭാഗത്തേക്കു ഉയർത്തിയെന്ന് തിരുവചനത്തിൽ വ്യക്തമായി എഴുതിയിരിക്കുന്നു. (ഫിലി 2: 8,9) അവൻ ദൈവപുത്രനാ





യതുകൊണ്ടല്ല, ഒരു മനുഷ്യനെന്ന നിലയിൽ തന്നെത്താൻ താഴ്ത്തിയതുകൊണ്ടാണ് അവൻ ഉയർത്തപ്പെട്ടത്. മനുഷ്യജീവികളെന്ന നിലയിൽ നാം ഏതു ദൈവിക നിയമങ്ങൾക്കു കീഴ്പ്പെട്ടു ജീവിക്കുന്നുവോ അതേ നിയമങ്ങൾക്കു കീഴ്പ്പെട്ടാണ് യേശു ഒരു മനുഷ്യനായി ജീവിച്ചത്. തന്റെ സ്വന്തം പുത്രനോട് മറ്റൊരു മനുഷ്യനോടുമെന്നപോലെ തന്നെ ദൈവം പെരുമാറി. യേശുവിനുവേണ്ടി ദൈവം എന്തു ചെയ്തുവോ അത് അവിടുന്നു നമുക്കുവേണ്ടിയും ചെയ്യും. നാം സ്വയം താഴ്ത്തുന്ന പക്ഷം നാമും ഉയർത്തപ്പെടും: അല്ലാത്തപക്ഷം ഉയർത്തപ്പെടുകയില്ല.

നാം നന്മ പ്രവർത്തിക്കുന്നപക്ഷം നമ്മുടെ മുഖവും പ്രകാശിക്കും. അതു സന്തോഷപൂർണ്ണത പ്രാപിച്ചു ശോഭിക്കും.

"എന്നാൽ" ദൈവം ഒരു താക്കീതായി കയീനോടു പറഞ്ഞു: "നീ നന്മ ചെയ്യുന്നില്ലെങ്കിലോ പാപം വാതില്ക്കൽ കിടക്കുന്നു." ഒരു സിംഹം അവനെ വിഴുങ്ങുവാൻ പതുങ്ങിക്കിടക്കുന്നതുപോലെയാണിത്. കയീൻതന്നെയും ഒരു പക്ഷേ ഈ കാര്യം മനസ്സിലാക്കിയില്ല; എന്നാൽ ദൈവം അവന് ആ മുന്നറിയിപ്പു നൽകി. കയീൻ അപ്പോൾതന്നെ കോപിഷ്ഠനും അസൂയാലുവുമായിരുന്നു. എന്നാൽ കൂടുതൽ ദോഷകരമായ ഒന്ന് വാതില്ക്കൽ കാത്തു കിടന്നിരുന്നു. കൊലപാതകത്തിന്റെ ആത്മാവ് കയീന്റെ ഉള്ളിൽ പ്രവേശിക്കുവാൻ കാത്തുകിടക്കുകയായിരുന്നു. എന്നാൽ അവൻ ആ പാപത്തെ കീഴടക്കണം എന്നു ദൈവം അവനോടു പറഞ്ഞു. മനുഷ്യനെ സംബന്ധിച്ചുള്ള ദൈവത്തിന്റെ ഇഷ്ടം എന്നും ഇതായിരുന്നു: മനുഷ്യൻ പാപത്തെ കീഴടക്കണം എന്നുതന്നെ.

എന്നാൽ തിരുവെഴുത്തിലെ പല മുന്നറിയിപ്പുകളുംപോലെ ദൈവത്തിന്റെ ഈ താക്കീതും ശ്രദ്ധിക്കപ്പെട്ടില്ല. കയീൻ ദൈവത്തിന്റെ നിർദ്ദേശം ചെവിക്കൊണ്ടില്ല. ദൈവത്തിന്റെ ബലമുള്ള കൈക്കീഴെ സ്വയം താഴ്ത്തുന്നതിനുപകരം അവൻ തന്നെത്താൻ ഉയർത്തുകയും അവന്റെ ജഡത്തിലെ ദുർമ്മോഹങ്ങളുടെ വിളി അനുസരിക്കുകയും ചെയ്തു.

നമ്മുടെ ജഡത്തിൽ വസിക്കുന്ന മാലിന്യവും ജീർണ്ണതയും നമുക്കു തന്നെ കാണുവാൻ ഇടനൽകുമാറ് ദൈവം സാഹചര്യങ്ങളെ ഭരിക്കുന്നു. കയീൻ തന്റെ മാതാപിതാക്കന്മാർക്ക് ഏക പുത്രനായിരുന്നുവെങ്കിൽ തന്റെ ജഡത്തിൽ വസിച്ചിരുന്ന അസൂയയെ അവൻ ഒരിക്കലും കാണുകയില്ലായിരുന്നു. എന്നാൽ ഹാബേലിന്റെ സാന്നിദ്ധ്യവും ദൈവത്തിന് അവനിൽ പ്രസാദം തോന്നിയതും കയീന്റെ ജഡത്തിൽ വസിച്ചിരുന്ന തിന്മയെ അവൻ തന്നെ കാണുമാറ് പുറത്തുകൊണ്ടുവന്നു. തന്റെ സഹോദരനോട് കോപിക്കുന്നതിനുപകരം കയീൻ തന്നെത്തന്നെ വിധിക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. അങ്ങനെയെങ്കിൽ അവൻ രക്ഷപ്രാപിക്കുമായിരുന്നു. അതുപോലെതന്നെയാണ് നാമും. നമ്മുടെ ജഡത്തിൽ വസിക്കുന്ന തിന്മ നാം തന്നെ വ്യക്തമായിക്കാണുമാറ് മറ്റു മനുഷ്യരുമായുള്ള ബന്ധത്തിൽ ചില പ്രത്യേക സാഹചര്യങ്ങളിലേക്കു ദൈവം നമ്മെ നടത്തുമ്പോൾ നാം നന്ദിയുള്ളവരായിത്തീരണം. ദൈവത്തിൽനിന്നുള്ള താക്കീതുകൾ നാം ചെവിക്കൊണ്ട് തന്നെത്താൻ താഴ്ത്തുകയും നമ്മെത്തന്നെ വിധിക്കയും വെളിച്ചത്തിലേക്കുവന്ന് നമ്മെക്കുറിച്ചുതന്നെ ദൈവം വെളിപ്പെടുത്തുന്ന സത്യത്തെ സ്നേഹിക്കയും ചെയ്യുന്നപക്ഷം, നമുക്ക് ദൈവമുമ്പാകെ ഉയർച്ച ലഭിക്കും. അല്ലാത്തപക്ഷം പാപം നമ്മെയും വിഴുങ്ങിക്കളയുവാനായി നമ്മുടെ വാതില്ക്കൽ പതുങ്ങിക്കിടക്കുകയാണ്.

**(തുടരും)** *

# പാപത്തിന്മേലുള്ള വിജയം *പേജ് 9 ൽ നിന്ന്*

സ്ഡിച്ച വാക്യങ്ങളല്ല. ഇവിടെ ഉപയോഗിച്ചിരിക്കുന്ന 'ഭയം' എന്ന പദം തന്നെ എബ്രായ ലേഖനത്തിൽ പ്രയോഗിച്ചിരിക്കുന്ന ഒരു വാക്യം ശ്രദ്ധിക്കുക. "അതിനാൽ നമുക്ക് ആത്മധൈര്യത്തോടെ പറയാം. കർത്താവാണ് എന്റെ സഹായകൻ. ഞാൻ ഭയപ്പെടുകയില്ല. മനുഷ്യന് എന്നോട് എന്തു ചെയ്യാൻ കഴിയും?" (എബ്രാ.13:6).

**കൃപയുടെ 'മുൻകൂർ പ്രവൃത്തി'യാണ് പുതിയ ഉടമ്പടിയിൽ അടങ്ങിയിരിക്കുന്നത്.**

നാം ഉടമ്പടിയുടെ ഏതെങ്കിലും വാഗ്ദാനം അവകാശപ്പെടുന്നതിനു മുൻപുതന്നെ ദൈവം നമ്മിൽ ഒരു പ്രവൃത്തി പൂർത്തിയാക്കിക്കഴിഞ്ഞിരിക്കുമെന്നാണു ഞാൻ കരുതുന്നത്. മറ്റെല്ലാ കാര്യങ്ങൾക്കും അടിത്തറയാകുന്ന ഈ 'മുൻകൂർ പ്രവൃത്തി' എന്താണ്? യിരെമ്യാവ് പറയുന്നതു ശ്രദ്ധിക്കുക. "അവർ എന്നെ വിട്ടുമാറാതെയിരിപ്പാൻ എങ്കലുള്ള ഭക്തി (ഭയം) ഞാൻ അവരുടെ ഹൃദയത്തിൽ ആക്കും" (യിരെ.32:40) ദൈവം മുന്നമേ ചെയ്യുന്ന ഈ 'പ്രവൃത്തി' എന്നു പറയുന്നത് തന്നെക്കുറിച്ചുള്ള ഭയം നമ്മുടെ ഹൃദയത്തിലാക്കുകയാണ്.

പഴയ ഉടമ്പടി സംബന്ധിച്ചല്ല, മറിച്ച് പുതിയ ഉടമ്പടി സംബന്ധിച്ചുള്ള ദൈവത്തിന്റെ കരുതൽനടപടികളെക്കുറിച്ചാണ് യിരെമ്യാവ് ഇവിടെ പറയുന്നത്. പുതിയ ഉടമ്പടി സംബന്ധിച്ച ആദ്യമുൻകൂർ പ്രവൃത്തി ദൈവം ഇങ്ങനെയാണു ചെയ്യുന്നത്: "എങ്കലുള്ള ഭയം ഞാൻ അവരുടെ ഹൃദയത്തിൽ ആക്കും" നമുക്കു സ്വയം ഒരു വിശുദ്ധഭയം ഉളവാക്കുവാൻ കഴിയുകയില്ലെന്ന കാര്യം ദൈവം ഇവിടെ നമ്മെ അറിയിക്കുന്നു. ആരെങ്കിലും നമ്മുടെ തലയിൽ കൈവച്ചാലോ ജഡത്തിന്റെ ഉപായങ്ങളാലോ നമുക്കതു ലഭിക്കുകയില്ല. ദൈവഭയം നമ്മുടെ ഹൃദയത്തിലാക്കുക എന്ന വിശുദ്ധപ്രവൃത്തി പരിശുദ്ധാത്മാവിനു മാത്രമേ പൂർത്തീകരിക്കുവാൻ കഴിയൂ.

ചുരുക്കത്തിൽ ദൈവം നമ്മോട് പറയുന്നത് ഇതാണ്: "ഞാൻ നിന്നിൽ അത്ഭുതകരമായ പ്രവൃത്തികൾ ചെയ്യാൻ പോകുകയാണ്. ഞാൻ എന്റെ തന്നെ ആത്മാവിനെ നിന്നിലേക്ക് അയയ്ക്കും. ആ ആത്മാവ് നിന്നിൽ വസിച്ച് നിനക്കൊരു പുതിയ ഹൃദയം നൽകും. ജഡത്തിന്റെ എല്ലാ പ്രവൃത്തികളെയും മരിപ്പിക്കാൻ ആത്മാവ് നിന്നെ ശക്തീകരിക്കും; പാപത്തിന്റെ ശക്തിയിൽ നിന്നുള്ള പൂർണസ്വാതന്ത്ര്യത്തിലേക്ക് നിന്നെ നടത്തും. ഒടുവിൽ ഇച്ഛിക്കുവാനും എന്റെ ഹിതം ചെയ്യുവാനും പരിശുദ്ധാത്മാവ് തന്നെ കാരണമായിത്തീരും.

"പക്ഷേ ഇതിനെല്ലാം മുമ്പായി എന്റെ ആത്മാവ് നിന്നിൽ ചെയ്യേണ്ട ഒരു പ്രവൃത്തിയുണ്ട്. പാപത്തെ സംബന്ധിച്ച് അതു നിനക്കൊരു വിശുദ്ധഭയം നൽകും. അപ്പോൾ പിന്നെ നീ എന്റെ കല്പനകളെ വിട്ടുപോകുകയില്ല. എങ്കലുള്ള ഭയം നിന്നിൽ ഇല്ലാത്തപക്ഷം നിന്റെ പാപം നിന്നെ എന്നിൽ നിന്ന് അകറ്റിക്കൊണ്ടുപോകും". ഇതാണ് ദൈവം നമ്മോടു പറയുന്നത്.

വളരെ ലളിതമായി പറഞ്ഞാൽ, പാപത്തെക്കുറിച്ചുള്ള നമ്മുടെ വീക്ഷണത്തെ വ്യത്യാസപ്പെടുത്തുകയാണു പരിശുദ്ധാത്മാവു ചെയ്യുന്നത്. നമ്മുടെ മോഹങ്ങളെ നാം ഗൗരവമായ കാര്യമായി എടുക്കാത്തിടത്തോളം കാലം നമുക്കൊരിക്കലും സ്വാതന്ത്ര്യം ലഭിക്കുകയില്ലെന്നു പരിശുദ്ധാത്മാവിന് അറിയാം. അതുകൊണ്ട് പാപം എങ്ങനെ ദൈവത്തെ ദുഃഖിപ്പിക്കുകയും ദൈവക്രോധത്തെ ഉണർത്തുകയും ചെയ്യുന്നുണ്ടെന്നു പരിശുദ്ധാത്മാവു നമ്മെ





**ഒരിക്കൽ നിങ്ങൾ ദൈവവചനം കേൾക്കുമ്പോൾ വിറയ്ക്കുന്നവനായിരുന്നു. അഭിഷിക്തമായ ഒരു വചനം കേൾക്കുമ്പോൾ, പ്രത്യേകിച്ച് അത് നിങ്ങൾക്കുവേണ്ടിയുള്ളതാണെന്നു ബോധ്യമുള്ളപ്പോൾ, നിങ്ങൾ തകരുമായിരുന്നു. പരിശുദ്ധാത്മാവിന്റെ സ്വരം കേൾപ്പാൻ ഒരു കാത് നിങ്ങൾക്കുണ്ടായിരുന്നു. ഇപ്പോഴാകട്ടെ, പാപം നിങ്ങളിൽ അതിന്റെ ചതി ചെയ്തിരിക്കുന്നതു കൊണ്ട് ഏതു പ്രസംഗത്തിനു മുൻപിലും, അതെത്ര അഭിഷിക്തമായതായാലും, നിങ്ങൾക്ക് അചഞ്ചലനായി ഇരിക്കാൻ കഴിയും!**

കാണിക്കും. എങ്ങനെയാണു പരിശുദ്ധാത്മാവ് ഇതു സാധിക്കുന്നത്? കുറ്റബോധം വരുത്തുന്ന ദൈവവചനത്തെ (തുളച്ചുകയറുന്ന വിശുദ്ധ സത്യങ്ങളെ) പരിശുദ്ധാത്മാവ് ഇതിനായി ഉപയോഗിക്കുന്നു.

നിങ്ങളുടെ പാപം സംബന്ധിച്ചു നിങ്ങൾ മടുത്തിട്ടുണ്ടെങ്കിൽ, നീതിയുടെ പാതയിൽ നടപ്പാൻ നിങ്ങൾ ദാഹിക്കുന്നുണ്ടെങ്കിൽ തയ്യാറായിക്കൊള്ളുക, ദൈവം 'സുവിശേഷത്തിന്റെ അമ്പുകൾ' നിങ്ങളുടെ ഹൃദയത്തിനു നേരെ എയ്ത് നിങ്ങളെ കുറ്റപ്പെടുത്താൻ ഒരുമ്പെടും. ഈ അമ്പുകൾ ഹൃദയത്തിന്റെ എല്ലാ രഹസ്യ അറകളേയും പരിശോധിച്ചശേഷം നിങ്ങളുടെ മോഹങ്ങളെ ഒന്നൊന്നായി വെളിച്ചത്തുകൊണ്ടുവരും. ഒരിക്കൽ അവ ലക്ഷ്യത്തിൽ കൊണ്ടാൽ നിങ്ങളുടെ മനസ്സാക്ഷിയെ ആഴത്തിൽ പൊള്ളിക്കുന്ന സത്യത്തിന്റെ ജ്വാലയുടെ ചൂട് നിങ്ങൾക്ക് അനുഭവവേദ്യമാകും.

ജഡികരായ ക്രിസ്ത്യാനികളിൽ പലരും ദൈവത്തിന്റെ കുറ്റപ്പെടുത്തുന്ന അമ്പുകൾ നൽകുന്ന കുറ്റബോധത്തെ കുടഞ്ഞു കളയുവാൻ ശ്രമിക്കാറുണ്ട് "അതുകൊണ്ട് ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല" (റോമ. 8:1) എന്ന വാക്യം അവർ എപ്പോഴും സ്വന്തമായി അവകാശപ്പെടുന്നു. എന്നാൽ ആ വാക്യങ്ങളുടെ അവസാനം കാണുന്ന 'ജഡത്തെയല്ല ആത്മാവിനെ അത്രേ' അനുസരിച്ചു നടക്കുന്ന നമ്മിൽ' എന്ന ഭാഗം അവർ ഗണ്യമാക്കുന്നില്ല. പാപത്തിൽ തുടരുകയാണെങ്കിൽ നിങ്ങൾ ജഡത്തെ അനുസരിച്ചാണു നടക്കുന്നത്. അതുകൊണ്ടു തന്നെ 'ഒരു ശിക്ഷാവിധിയുമില്ല' എന്ന വാഗ്ദത്തം നിങ്ങൾക്ക് അവകാശപ്പെടാൻ കഴിയുകയില്ല.

പരിശുദ്ധാത്മാവു നൽകുന്ന കുറ്റബോധം സത്യത്തിൽ ദൈവത്തിന്റെ കൃപയുടെ ഒരു പ്രവൃത്തിയാണ്. അതു നമ്മിലെ പാപത്തിന്റെ വഞ്ചനയെ തുറന്നു കാട്ടുവാൻ വേണ്ടിയുള്ളതാണ്. അതുകൊണ്ട് നമ്മുടെ മനസ്സാക്ഷിയിൽ നിരന്തരം കുറ്റബോധത്തിന്റെയും ഭയത്തിന്റെയും ഭാരം നൽകി പാപത്തിന്റെ ഭയങ്കരത്വം മുഴുവനായി വെളിച്ചത്തുകൊണ്ടുവരാൻ ദൈവാത്മാവിനോട് നാം അപേക്ഷിക്കണം.

**പാപത്തിന്റെ അപകടം, പരിണതഫലം എന്നിവയെക്കുറിച്ചുള്ള പൂർണബോധ്യം ദൈവഭയം മൂലം ലഭിക്കുന്നു.**

പാപത്തിൽ തുടരുമ്പോൾ മിക്കക്രിസ്ത്യാനികൾക്കും തങ്ങളായിരിക്കുന്ന അപകടകരമായ അവസ്ഥയെക്കുറിച്ചു തരിമ്പും ബോധമില്ല. പാപത്തെ കുടഞ്ഞുകളയുവാൻ ആവശ്യമായ ദൈവികഭയത്തിലേക്ക് അവരെ ഉണർത്തുവാൻ പരിശുദ്ധാത്മാവ് അയയ്ക്കുന്ന കൂരമ്പുകൾക്കു മാത്രമേ കഴിയുകയുള്ളൂ. കർത്താവ് എന്റെ ആത്മാവിനെ തുളയ്ക്കുവാൻ ഉപയോഗിച്ചിട്ടുള്ള യാഥാർത്ഥ്യത്തിന്റെ ചില ആഗ്നേയാസ്ത്രങ്ങളെക്കുറിച്ചു ഞാൻ ഇനി പറയാം.

1. *രക്ഷിക്കപ്പെടാത്തവർ ചെയ്യുന്ന തിന്മയും ദോഷവും നിറഞ്ഞ പരസ്യ പാപങ്ങളെക്കാൾ ക്രിസ്ത്യാനികളിലുള്ള രഹസ്യപാപങ്ങളും മോഹങ്ങളുമാണ് കൂടുതൽ ദോഷമുള്ളതും അപകടകരവും അതുകൊണ്ടുതന്നെ വെറുക്കപ്പെടേണ്ടതുമായി ദൈവം കാണുന്നത്.*

പല വിശ്വാസികളും അവരുടെ രഹസ്യപാപത്തെ ഗൗരവത്തോടെ കാണാറില്ല. കാരണം അതിന്മേൽ തങ്ങളൊന്നും പ്രവർത്തിക്കുന്നില്ലല്ലോ എന്നതാണവരുടെ ന്യായം. പക്ഷേ ദൈവം ഹൃദയങ്ങളെ കാണുന്നു - നമ്മിലുള്ള പാപത്തെ ദുഷ്ടരായ പാപികളിലുള്ള പാപത്തെക്കാൾ വളരെ ഗൗരവമുള്ളതായാണു ദൈവം കാണുന്നത്. ഞാൻ വിശദീകരിക്കാം.

മനുഷ്യരാശിയുടെ ചരിത്രത്തിലെ മറ്റേതൊരു തലമുറയിലുണ്ടായിരുന്നതിലുമേറെ കൊലപാതകികളും, വംശവിച്ഛേദകരും മറ്റു ഹീനമായ പാപങ്ങളിൽ മുഴുകുന്നവരും ഈ തലമുറയിലാണുള്ളത്. എന്നാൽ ഇതുസംബന്ധിച്ച ദൈവത്തിന്റെ കാഴ്ചപ്പാട് ഇതാണ്: നമ്മുടെ ഹൃദയത്തോടുപറ്റി നിൽക്കുന്ന മോഹങ്ങൾ, തെറ്റായ സ്വഭാവങ്ങൾ, പക, മുറുകെപ്പറ്റുന്ന പാപങ്ങൾ എന്നിവയോളം അസഹനീയമല്ല ഇവയൊന്നും.

ഇതു സംബന്ധിച്ച ദൈവികവീക്ഷണത്തിന് ഒരു ഉദാഹരണം വെളിപ്പാടു പുസ്തകത്തിൽ കാണാം. ലവോദിക്യയിലെ സഭയോടു ദൈവം പറയുന്നത് ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു നീ ഉഷ്ണവാനോ ശീതവാനോ അല്ല. (വെളി.3:15). അവിടുന്നു പറയുന്നത് ഇതാണ്: "നീ യഥാർത്ഥത്തിൽ നീ പറയുന്ന ആളല്ല. 'എനിക്ക് ഒന്നിനും കുറവില്ല' എന്നാണു നീ സ്വയം പറയുന്നത്. എന്നാൽ ഞാൻ പറയുന്നത് നീ ശീതോഷ്ണവാനായിക്കൊണ്ടിരിക്കുകയാണ്. മറ്റെല്ലാവരും നിന്നെ നേരുള്ളവനായാണു കാണുന്നത്. എന്നാൽ ഞാൻ നിന്റെ ഹൃദയം കാണുന്നു - എനിക്കറിയാം ഒരിക്കൽ നിനക്ക് എന്നോട് ഉണ്ടായിരുന്ന എരിവ് നഷ്ടമായെന്ന്."

തിരുവെഴുത്തു പറയുന്നു "ജീവന്റെ ഉറവകൾ ഹൃദയത്തിൽ നിന്നാണ് ഒഴുകുന്നത്" (സദൃ. 4:23). "ഒരുവൻ തന്റെ മനസ്സിൽ കണക്കു കൂട്ടുന്നതുപോലെ ആകുന്നു" (23:7). ഈ വാക്യങ്ങൾ പരിശുദ്ധാത്മാവിന്റെ കൂരമ്പുകളാണ്. അവ നമ്മുടെ ഹൃദയത്തെ തുളച്ചുകടന്ന് നമ്മോട് ഇങ്ങനെ പറയുന്നു "നിനക്ക് ദൈവത്തിന്റെ ദൃഷ്ടിയിൽ നിന്ന് ഒളിച്ചിരിക്കാനാവില്ല. നീ ഉള്ളിൽ രഹസ്യമായി വച്ചിരിക്കുന്നത് വെളിച്ചത്തു വരും. നീ അതിനനുസരിച്ചു പ്രവർത്തിച്ചോ ഇല്ലയോ എന്നതല്ല പ്രസക്തം. ദൈവം നിന്റെ രഹസ്യമോഹങ്ങളെ ക്ഷമിക്കുകയില്ല."

2 പാപത്തിൽ എത്രനാൾ തുടരുമോ, അത്രയും കൂടുതൽ ഹൃദയം കഠിനപ്പെടും.

"സഹോദരന്മാരേ, ജീവനുള്ള ദൈവത്തെ ത്യജിച്ചു കളയാതിരിക്കേണ്ടതിന് അവിശ്വാസമുള്ള ദുഷ്ടഹൃദയം നിങ്ങളിൽ ആർക്കും ഉണ്ടാകാതിരിപ്പാൻ നോക്കുവിൻ. നിങ്ങൾ ആരും പാപത്തിന്റെ ചതിയാൽ കഠിനപ്പെടാതിരിക്കേണ്ടതിന് ഇന്ന് എന്നു പറയുന്നിടത്തോളം നാൾതോറും അന്യോന്യം പ്രബോധിപ്പിച്ചുകൊൾവിൻ." (എബ്രാ.3:12-13)

ഒരിക്കൽ നിങ്ങൾ ദൈവവചനം കേൾക്കുമ്പോൾ വിറയ്ക്കുന്നവനായിരുന്നു. അഭിഷിക്തമായ ഒരു വചനം കേൾക്കുമ്പോൾ, പ്രത്യേകിച്ച് അത് നിങ്ങൾക്കുവേണ്ടിയുള്ളതാണെന്നു ബോധ്യമുള്ളപ്പോൾ, നിങ്ങൾ തകരുമായിരുന്നു. പരിശുദ്ധാത്മാവിന്റെ സ്വരം കേൾപ്പാൻ ഒരു കാത് നിങ്ങൾക്കുണ്ടായിരുന്നു. പക്ഷേ കുറച്ചുനാളുകളായി നിങ്ങൾ മുറുകെ പറ്റുന്ന ഒരു പാപവുമായി സല്ലപിച്ചുകൊണ്ടിരിക്കുകയാണ്. അതിനെ മനസ്സിൽ വച്ചുതാലോലിക്കുകയാണ്. ഇപ്പോഴാകട്ടെ, പാപം നിങ്ങളിൽ അതിന്റെ ചതി ചെയ്തിരിക്കുന്നതു കൊണ്ട് ഏതു പ്രസംഗത്തിനു മുൻപിലും, അതെത്ര അഭിഷിക്തമായതായാലും, നിങ്ങൾക്ക് അചഞ്ചലനായി ഇരിക്കാൻ കഴിയും!





നിങ്ങൾക്കു ദൈവികഭയം ഉണ്ടായിരുന്നെങ്കിൽ, ഹൃദയം ക്രമേണ കഠിനപ്പെടുന്നതു വേഗത്തിൽ മനസ്സിലാകുമായിരുന്നു. ഒരോ ദിവസവും പാപത്തിൽ രമിക്കുമ്പോൾ മനസ്സാക്ഷിയെ ഉണക്കിക്കളയുക എന്ന അപകടത്തിന്റെ വക്കിലാണു നിങ്ങളെന്നു വേഗത്തിൽ തിരിച്ചറിയുമായിരുന്നു. പക്ഷേ ദിവസം കഴിയുന്തോറും നിങ്ങളുടെ പാപത്തെക്കുറിച്ച് നിങ്ങൾക്കു വ്യക്തത നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. താമസിയാതെ നിങ്ങൾ അതേപ്പറ്റി തീർത്തും അന്ധനായിപ്പോകും. ഒരു വ്യാജമായ സമാധാനത്തിൽ നിങ്ങൾ കഴിയും. അവസാനം നിങ്ങളുടെ പാപം നിങ്ങൾ വച്ചിരിക്കുന്ന അതിർവരമ്പുകളെ അതിലംഘിക്കും. എല്ലാത്തരം ദുഷ്പ്രവൃത്തികളായും അതുകരകവിഞ്ഞൊഴുകാൻ തുടങ്ങും.

3. *ഇപ്രകാരം പാപത്തിൽ തുടർന്നാൽ ദൈവത്തിന്റെ ശിക്ഷണത്തിന്റെ വടിയെ നിങ്ങൾ അഭിമുഖീകരിക്കേണ്ടിവരും.*

ദൈവികഉടമ്പടി നൽകുന്ന വാഗ്ദാനത്തെക്കുറിച്ച് സങ്കീർത്തനക്കാരൻ പറയുന്നത് ശ്രദ്ധിക്കുക. "അവന്റെ സന്തതി എന്റെ നിയമം ഉപേക്ഷിക്കുകയും എന്റെ വിധികൾ അനുസരിക്കാതിരിക്കുകയും എന്റെ ചട്ടങ്ങൾ ലംഘിക്കുകയും എന്റെ കല്പനകൾ പാലിക്കാതിരിക്കുകയും ചെയ്താൽ ഞാൻ അവരുടെ ലംഘനത്തെ ദണ്ഡു കൊണ്ടും അവരുടെ അകൃത്യങ്ങളെ ചമ്മട്ടികൊണ്ടും ശിക്ഷിക്കും. എന്നാലും ഞാൻ എന്റെ കാരുണ്യം അവനിൽ നിന്നു പിൻവലിക്കുകയില്ല. എന്റെ വിശ്വസ്തതയ്ക്കു ഭംഗം വരുത്തുകയില്ല. ഞാൻ എന്റെ ഉടമ്പടി ലംഘിക്കുകയില്ല; ഞാൻ ഉച്ചരിച്ച വാക്കിനു വ്യത്യാസം വരുത്തുകയില്ല. (സങ്കീ.89:30-34).

**ദാവീദ് എഴുതുന്നു "എന്റെ അകൃത്യം നിമിത്തം എന്റെ ബലം ക്ഷീണിച്ചും എന്റെ അസ്ഥികൾ ക്ഷയിച്ചും ഇരിക്കുന്നു." (സങ്കീ.3:1 - 10). കാറിന്റെ പെട്രോൾ ടാങ്കിൽ ഒരു ദ്വാരം വീണാലെന്നപോലെ, നിങ്ങളുടെ പാപം നിങ്ങളുടെ കരുതൽശേഖരത്തെ മുഴുവൻ ചോർത്തിക്കളയും. സമാധാനം, സന്തോഷം, ബലം എല്ലാം അക്ഷരാർത്ഥത്തിൽ തന്നെ ചോർന്ന് ചോർന്ന് ഒടുവിൽ പൂർണമായി നഷ്ടപ്പെടും.**

പുതിയ ഉടമ്പടിയുടെ ഈ അത്ഭുതകരമായ വാക്യങ്ങൾ വായിക്കുമ്പോൾ നമുക്കു സന്തോഷം തോന്നും. കാരണം നാം എത്ര താഴേക്കു പതിച്ചാലും ദൈവം തന്റെ കാരുണ്യം നമ്മിൽ നിന്നു പിൻവലിക്കുകയില്ലെന്നാണ് ഇവിടെ വാഗ്ദാനം ചെയ്തിരിക്കുന്നത്. എന്നാൽ ഈ വാക്യങ്ങളിൽ അടങ്ങിയിരിക്കുന്ന വലിയ താക്കീതിനെ പല വിശ്വാസികളും ഗൗരവമായി എടുക്കാറില്ല. ഇവിടെ പറഞ്ഞിരിക്കുന്നത് നാം ദൈവിക നിയമങ്ങളെ ഉപേക്ഷിക്കുകയും അവിടുത്തെ കല്പനകൾ അനുസരിക്കാൻ വിസമ്മതിക്കുകയും ചെയ്താൽ അവിടുന്നു ദണ്ഡുകൊണ്ടും ചമ്മട്ടികൊണ്ടും നമ്മെ ശിക്ഷിക്കുമെന്നാണ്.

ഈ വാക്കുകളെ കൂടുതൽ മൃദുവാക്കാൻ സാധ്യമല്ല. ദൈവം ഇവിടെ നമ്മോട് തുറന്നു പറയുന്നത് ഇതാണ്:

"നീ പാപത്തിൽ തുടരുന്ന പക്ഷം ഞാൻ നിന്നെ കർശനമായി കൈ കാര്യം ചെയ്യും. ഞാൻ നിന്നോടു ക്ഷമിക്കും. എന്നാൽ ആ പാപത്തിനു ഞാൻ പകരം ചെയ്യും. നിന്റെ മുതുകിൽ എന്റെ ചമ്മട്ടിയുടെ അടി നിനക്ക് അനുഭവിക്കേണ്ടിവരും."

സ്നേഹിക്കുന്ന മക്കളെ ദൈവം ശിക്ഷിക്കുന്നുവെന്ന് ബൈബിൾ പറയുന്നു. ദാവീദിന്റെ ജീവിതത്തിൽ ഇതു ശരിയായിരുന്നുവെന്നു നമുക്കറിയാം. ദൈവപ്രസാദം ലഭിച്ച വിശ്വസ്തനായ ഈ മനുഷ്യനോട് അവിടുന്ന് എങ്ങനെയാണ് ഇടപെട്ടതെന്ന് ഓർക്കുന്നുണ്ടോ? ജീവിതത്തിൽ ഒരു ഘട്ടത്തിൽ ദാവീദ് ഭയങ്കരമായ ഒരു പാപം ചെയ്തു. അവൻ അതിനെ ന്യായീകരിക്കുകയും മാസങ്ങളോളം രഹസ്യമായി വയ്ക്കുകയും ചെയ്തു. ഒടുവിൽ ദൈവം പറഞ്ഞു 'ഇത്രയും മതി'-അവിടുന്ന് ദാവീദിന്റെ പാപത്തെ തുറന്നു കാട്ടാൻ നാഥാൻ പ്രവാചകനെ അയച്ചു. ദാവീദിന്റെ എല്ലാ ന്യായീകരണങ്ങളെയും പിച്ചിച്ചീന്താൻ ഉചിതമായ ഒരു ദൃഷ്ടാന്തകഥയുമായാണ് പ്രവാചകൻ രാജാവിനെ നേരിട്ടത്. ഒടുവിൽ ദാവീദിനു സമ്മതിക്കേണ്ടിവന്നു'-'ഞാൻ പാപം ചെയ്തു. ഞാൻ കുറ്റക്കാരനാണ്."

പക്ഷേ കുറ്റം വെറുതെ സമ്മതിച്ചതുകൊണ്ടായില്ല. ദൈവം ദാവീദിനെ തുറന്നു കാട്ടുക മാത്രമല്ല ചെയ്തത്. അവിടുത്തെ ദിവ്യദണ്ഡിന്റെ അടി അവനു നൽകുകയും ചെയ്തു. അവിടുന്നു വടി ഉപയോഗിക്കുന്നതു സ്നേഹപൂർവ്വമാണ്. പക്ഷേ അവിടുത്തെ തിരുത്തൽ ഒരു ചെറിയ കാര്യമല്ലെന്നു ദാവീദിന്റെ ജീവിതത്തിൽ നിന്നു മനസ്സിലാക്കാം. അടി എപ്പോഴും വേദനാജനകമാണ്. അതു നമ്മുടെ മേൽ മാത്രമല്ല നമ്മുടെ പ്രിയപ്പെട്ടവരുടെ മേലും വീണുവെന്നു വരാം.

ഒരോ തിരിച്ചടിയും തന്റെ പാപത്തെക്കുറിച്ചാണ് ദാവീദിനെ ഓർമിപ്പിച്ചത്. സങ്കീർത്തനങ്ങളിൽ അവന്റെ ദുഃഖങ്ങൾ അണപൊട്ടിയൊഴുകുന്നതു നമുക്കു കാണാം. അവന്റെ ആത്മാവ് നിരന്തരം പീഡിപ്പിക്കപ്പെടുന്നു. എന്തു ചെയ്യണമെന്നറിയാതെ അവൻ വിഷാദിക്കുന്നു. രാത്രിയിൽ കിടക്കയെ കണ്ണീരിൽ ഒഴുക്കിക്കളയുന്നു. "ദൈവമേ, നീ എന്നെ ഉപേക്ഷിച്ചതെന്ത്?'' എന്ന് അവൻ നിലവിളിക്കുന്നു. "പരിശുദ്ധാത്മാവിനെ എന്നിൽ നിന്നെടുക്കരുതേ" എന്നവൻ ഭയത്തോടെ കേഴുന്നു.

ദൈവത്തിന്റെ ശിക്ഷയുടെ വടി ദാവീദിനെ മാനസികതകർച്ചയുടെ വക്കിലെത്തിച്ചു. അടുത്തു നാം കാണുന്നത് അതവനെ ശവക്കുഴിയുടെ സമീപത്തും എത്തിച്ചുവെന്നാണ്.

4. *നിങ്ങൾ പാപത്തിൽ തുടർന്നാൽ സമാധാനവും ശക്തിയും ചോർന്നു പോകും.*

ദാവീദ് എഴുതുന്നു "എന്റെ അകൃത്യം നിമിത്തം എന്റെ ബലം ക്ഷീണിച്ചും എന്റെ അസ്ഥികൾ ക്ഷയിച്ചും ഇരിക്കുന്നു." (സങ്കീ.31:10). കാറിന്റെ പ്രെട്രോൾ ടാങ്കിൽ ഒരു ദ്വാരം വീണാലെന്നപോലെ, നിങ്ങളുടെ പാപം നിങ്ങളുടെ കരുതൽശേഖരത്തെ മുഴുവൻ ചോർത്തിക്കളയും. സമാധാനം, സന്തോഷം, ബലം എല്ലാം അക്ഷരാർത്ഥത്തിൽ തന്നെ ചോർന്നുചോർന്ന് ഒടുവിൽ പൂർണമായി നഷ്ടപ്പെടും.

ദാവീദ് തുറന്നു സമ്മതിക്കുന്നു "എന്റെ പാപം ഹേതുവായി എന്റെ അസ്ഥികളിൽ സ്വസ്ഥതയുമില്ല'' (സങ്കീ.38:3) അവൻ പറയുന്നത് ഇതാണ്. "പാപം മൂലം എന്റെ ശക്തിയെല്ലാം ചോർന്നുപോയിരിക്കുന്നു. എന്റെ പ്രവൃത്തിയുടെ ഫലമായി എന്റെ ശരീരം ദുർബലമായിത്തീർന്നു. എന്റെ അകൃത്യങ്ങൾ എനിക്കു സ്വസ്ഥത നൽകുന്നില്ല."

പാപത്തിൽ തുടരുന്നതുമൂലം



വളരെ കുഴഞ്ഞ ഒരു ജീവിതം നയിക്കുന്ന പല ക്രിസ്ത്യാനികളെ എനിക്കറിയാം. പൊള്ളയായ ജീവിതം നയിക്കുന്ന ഇവർ എപ്പോഴും വിഷാദഭരിതരും ദുർബലരും എങ്ങുമെത്താതെ എന്നും ക്ലേശിക്കുന്നവരുമാണ്. തങ്ങളുടെ പാപം മൂലം സ്വസ്ഥമായി ഇരിക്കാൻ കഴിയാത്ത ശുശ്രൂഷകന്മാരെ എനിക്കറിയാം. എപ്പോഴും തിരക്കുള്ളവരും, ഓടിനടക്കുന്നവരും ഒരിക്കലും കർത്താവിന്റെ സ്വസ്ഥതയിൽ പ്രവേശിച്ചിട്ടില്ലാത്തവരുമാണവർ.

നിങ്ങൾ ആരാണെന്നതു പ്രസക്തമല്ല. എന്നാൽ നിങ്ങൾ ഒരു രഹസ്യപാപത്തെ താലോലിക്കുന്നവനാണെങ്കിൽ ജീവിതത്തിൽ എന്നും നിങ്ങൾ അസ്വസ്ഥനായിരിക്കും-താമസസ്ഥലത്ത്, ജോലി ചെയ്യുന്നിടത്ത്, ഭവനത്തിൽ, അസ്വസ്ഥനും, കുഴങ്ങിയവനും, ഭാരം ഭയം എന്നിവയാൽ വേട്ടയാടപ്പെട്ടവനുമായിരിക്കും നിങ്ങൾ. നിങ്ങളുടെ സമാധാനം, ശക്തി എന്നിവയെല്ലാം വറ്റിപ്പോയി. സംശയമില്ല.

5. *പാപത്തിൽ തുടരുന്നപക്ഷം ദൈവരാജ്യത്തിനുവേണ്ടി നിങ്ങളെ ഉപയോഗിക്കാൻ ദൈവത്തിനു കഴിയാതെ പോകും.*

ഒരു കാലത്തു ദൈവത്തിനായി ശക്തമായി ഉപയോഗിക്കപ്പെട്ടിരുന്ന പലരും പിന്നീട് ദൈവത്താൽ മാറ്റി നിർത്തപ്പെട്ടവരായിത്തീർന്നിട്ടുണ്ട്. ദൈവം അവരോട് പറയുന്നത് ഇതാണ്: "ക്ഷമിക്കണം. മകനേ, ഞാൻ നിന്നെ സ്നേഹിക്കുന്നു. ഞാൻ നിന്നോടു ക്ഷമിക്കുകയും ചെയ്തിരിക്കുന്നു. പക്ഷേ, എനിക്കിനി നിന്നെ ഉപയോഗിക്കാനാവില്ല."

എന്നെ സംബന്ധിച്ചിടത്തോളം സങ്കല്പിക്കാവുന്നതിൽ വച്ച് ഏറ്റവും ഭയാനകമായ കാര്യം ഇതാണ്.

കഴിഞ്ഞ പല വർഷങ്ങളിൽ നാം ഇതു കണ്ടിട്ടുണ്ട്. ദൈവം ശക്തമായി ഉപയോഗിച്ചിരുന്ന പ്രസംഗകർ, സുവിശേഷകർ, ടി.വി.യിലെ വചനപ്രഘോഷകർ തുടങ്ങി പലരുടെമേലും ഉള്ള അനുഗ്രഹം ദൈവം പൊടുന്നനെ പിൻവലിക്കുന്നു. അവരുടെ ശുശ്രൂഷകൾ വാടിക്കൊഴിഞ്ഞുപോകുന്നു. ഇന്നു സഭകളിലുള്ള മറ്റുപലരോടും ഇതേപോലെ അവർ ദൈവരാജ്യത്തിനു പ്രയോജനമില്ലാത്തവരായിത്തീർന്നു എന്നു ദൈവം താമസിയാതെ പറഞ്ഞേക്കാം.

നിങ്ങൾ പാപത്തിൽ തുടരുന്ന പക്ഷം ഇതായിരിക്കും അന്ത്യം. നിങ്ങൾ ദൈവരാജ്യത്തിന് ഉപയോഗമില്ലാത്ത ഫലശൂന്യനായ ഒരുവനായി അവസാനിക്കും!

ഇപ്പോൾ ദൈവം നിങ്ങളുടെ പാപത്തോട് ഇടപെട്ടോ? ഹൃദയത്തിൽ തെറ്റിനെക്കുറിച്ചുള്ള ബോധ്യത്തിന്റെ കൂരമ്പുകൾ അവിടുന്ന് അയച്ചോ? അതു നിങ്ങളെ കുറ്റബോധത്തിലേക്കു നയിക്കുന്നുവോ? എങ്കിൽ ഭയപ്പെടേണ്ട -അതു ദൈവത്തിന്റെ ദാനമാണ്. അവിടുന്ന് തന്റെ ദിവ്യശക്തി നിങ്ങളിൽ നടുകയാണ് ''പാപത്തിൽ നിന്നുള്ള മോചനം എന്നെക്കുറ ിച്ചുള്ള വിശുദ്ധഭയത്തിൽ നിന്നു മാത്രം ഉളവാകുന്ന ഒന്നാണ്" എന്ന് അവിടുന്നു നിങ്ങളെ പഠിപ്പിക്കുകയാണ്.

നിങ്ങളുടെ പാപത്തിന്റെ ഭയങ്കരത്വത്തെക്കുറിച്ച് ഒരിക്കൽ നിങ്ങൾക്കു ബോധ്യം വന്നുകഴിഞ്ഞാൽ പരിശുദ്ധാത്മാവിന്റെ സാന്ത്വനത്തിന് നിങ്ങൾ തയ്യാറായിക്കഴിഞ്ഞു. അപ്പോസ്തലപ്രവൃത്തികളിൽ നാം വായിക്കുന്നു. "യഹൂദ്യ, ഗലീലിയ, ശമര്യ എന്നിവിടങ്ങളിലെ സഭകൾ ദൈവഭയത്തിൽ നടന്ന്, പരിശുദ്ധാത്മാവിനാൽ ആശ്വസിപ്പിക്കപ്പെട്ട്, പെരുകി വന്നു. " (9:31). ഒന്നാം നൂറ്റാണ്ടിലെ ഈ ക്രിസ്ത്യാനികൾ ദൈവഭയത്തിൽ നടന്നതിനാൽ അവർക്കു പരിശുദ്ധാത്മാവിന്റെ ആശ്വാസം ലഭിച്ചു.

ദൈവഭയത്തിൽ നടക്കുകയെന്നു

# ദൈവഭയത്തിന്റെ ഫലങ്ങൾ

**(യെശയ്യാവ് 11:1-4)**

1. ദോഷം വിട്ടൊഴിയുക. ഇയ്യോബ് 1:1
2. കണ്ണുകൊണ്ടു കാണുന്നതു പോലെയോ ചെവികൊണ്ടു കേൾക്കുന്നതുപോലെയോ വിധിക്കാതിരിക്കുക. യെശയ്യാവ് 11:3
3. സഹോദരനെ ധിക്കരിക്കാതിരിക്കുക. റോമർ 14:10
4. ജാഗ്രതയും സൂക്ഷ്മതയും പുലർത്തുക. 1 പത്രോസ് 5:8
5. പക്ഷപാതം കാട്ടാതിരിക്കുക. 1 തിമോഥി 5:21
6. മുന്തിരിവള്ളി നശിപ്പിക്കുന്ന ചെറുകുറുക്കന്മാർക്കെതിരേ ജാഗ്രത പാലിക്കുക. ഉത്തമഗീതം 2:15
7. മിതഭാഷിയാകുക: കേൾപ്പാൻ വേഗതയും പറവാൻ താമസവും. യാക്കോബ്. 1:19
8. ജ്ഞാനത്തോടെ നടക്കുക. എഫേ. 5:15
9. വകതിരിവും വിവേകവും നമ്മെ കാക്കുമാറ് വിവേകത്തോടെ ജീവിക്കുക. സദൃശ.2:11
10. സഹോദരന് ഇടർച്ചയോ തടങ്ങലോ വയ്ക്കാതിരിക്കാൻ സൂക്ഷിക്കുക. റോമർ 14:13
11. കൃപയിൽ വർദ്ധിച്ചുവരിക. ലൂക്കോസ് 2:52
12. ബഹുമാനിക്കയും ആദരിക്കയും ചെയ്യുക. റോമർ 13:7
13. വിശ്വാസികൾക്കു മാതൃകയായിരിക്കുക. 1 തിമോഥി.4:12
14. വിധിക്കാതിരിക്കുക. മത്തായി 7:1
15. ഗർവ്വം വർജിക്കുക. ഇയ്യോബ് 33:17
16. സ്വന്തമഹത്വമല്ല, ദൈവത്തിന്റെ മാത്രം മഹത്വം അന്വേഷിക്കുക. അപ്പോ. പ്ര. 12:23.

ഇവയും ഇതുപോലെ ഒട്ടനവധി കാര്യങ്ങളും ദൈവഭയത്തിൽ (യഹോവാഭക്തി-മലയാളം ബൈബിൾ) നിന്ന് ഉളവാകുന്നവയാണ്.

പറഞ്ഞാൽ സത്യത്തിൽ എന്താണ്? അവിടുത്തെ മുന്നറിയിപ്പുകളെ സ്വയം ഓർമിപ്പിക്കുക എന്നതാണതിന്റെ അർത്ഥം.

ഹൃദയത്തിൽ ബോധ്യം നൽകുവാനും പാപം വെളിച്ചത്തുകൊണ്ടുവരുവാനും അങ്ങനെ അവയെ നിങ്ങളിൽ നിന്നു മാറ്റിക്കളയുവാനും പരിശുദ്ധാത്മാവിനെ അനുവദിക്കുന്നതാണത്. ഇങ്ങനെ ചെയ്യുമ്പോൾ ഉടമ്പടിയുടെ വാഗ്ദാനം നിങ്ങളിൽ നിവർത്തിക്കുവാനുള്ള പ്രവൃത്തിക്ക് അവിടുന്ന് അടിത്തറയിടുകയാണ്.

അങ്ങനെ ദൈവഭയം നിങ്ങളെ പൂർണമായി കീഴടക്കിക്കഴിയുമ്പോൾ നിങ്ങൾ പാപത്തിന്റെ അപകടത്തെയും പരിണതഫലങ്ങളെയും ഒഴിവാക്കും. നിത്യവും ഒരു വിശുദ്ധഭയത്തിൽ നടക്കുവാൻ നിങ്ങൾ പഠിക്കും.

ഒടുവിൽ താൻ വാഗ്ദാനം ചെയ്തത് ദൈവം നിങ്ങളിൽ പൂർത്തിയാക്കും. പാപത്തിന്റെ ദാസ്യത്തിൽ നിന്നും അധീശത്വത്തിൽ നിന്നും നിങ്ങളെ വിടുവിക്കുക എന്ന വാഗ്ദാനം അങ്ങനെ അവിടുന്ന് നിറവേറ്റും.

*



# ആ പാദമുദ്രകളിൽ പദമൂന്നി...



ചാൾസ് എം. ഷെൽഡൺ
മൊഴിമാറ്റം:ബോബി ചെറിയാൻ

***വായിച്ചു തുടങ്ങുംമുൻപ്......***

*റെയ്മണ്ട് ഒന്നാം സഭയിലെ ശുശ്രൂഷകനാണ് ഹെൻട്രി മാക്സ്‌വെൽ. ഞായറാഴ്ച. 'യേശുവിനെ അനുഗമിക്കുക' എന്ന പ്രസംഗത്തിനുശേഷം അദ്ദേഹം ഇരുന്നപ്പോൾ തൊഴിലന്വേഷിച്ച് നടന്ന ഒരാൾ പ്രസംഗപീഠത്തിലേക്ക് കയറിവന്നു. 'നിങ്ങൾ പ്രായോഗികതലത്തിൽ എങ്ങനെയാണ് യേശുവിനെ അനുഗമിക്കുന്നത്?' എന്ന ചോദ്യം സഭാജനങ്ങളോട് അയാൾ ഉന്നയിച്ചു. എന്നാൽ സംസാരം പൂർത്തിയാക്കുന്നതിനുമുമ്പുതന്നെ ഹൃദയാഘാതംമൂലം അയാൾ മരിച്ചു. പിറ്റേ ആഴ്ച റവ.ഹെൻട്രി മാക്സ്‌വെൽ തന്റെ സഭാജനങ്ങൾക്ക് ഒരു ആഹ്വാനം നൽകി-അടുത്ത ഒരു വർഷത്തേക്ക് നിങ്ങളുടെ സ്ഥാനത്ത് 'യേശു ആയിരുന്നെങ്കിൽ എന്തുചെയ്യുമായിരുന്നു' എന്നു ചോദിച്ചശേഷം മാത്രമേ ഏതു പ്രവൃത്തിയും ചെയ്യാവൂ എന്ന പ്രതിജ്ഞ എടുക്കുക. സഭയിലെ ഒരു സംഘം വിശ്വാസികൾ അങ്ങനെ പ്രതിജ്ഞയെടുത്തു. നഗരത്തിലെ ഡെയ്‌ലി ന്യൂസ് പത്രത്തിന്റെ പത്രാധിപർ നോർമൻ ആകൂട്ടത്തിൽ ഒരാളായിരുന്നു. അദ്ദേഹം തന്റെ പ്രതിജ്ഞയനുസരിച്ച് പത്രത്തിൽ ചില മാറ്റങ്ങൾ വരുത്തുവാൻ തുടങ്ങി.*

*സഭയിലെ ഗായികയായ റേച്ചലും ധനികയുവതിയായ വെർജീനിയായും പ്രതിജ്ഞയെടുത്ത മറ്റുരണ്ടുപേരാണ്. ഇതിനിടെ റേച്ചലിന് ഒരു സംഗീതട്രൂപ്പിൽ ജോലി ലഭിച്ചു. പക്ഷേ പ്രതിജ്ഞമൂലം അത് അവൾ സ്വീകരിക്കാൻ വിസമ്മതിക്കുന്നു. പകരം ടൗണിൽ അധോലോകസംഘങ്ങൾ വിഹരിക്കുന്ന ചത്വരത്തിൽ നടക്കുന്ന സുവിശേഷയോഗങ്ങളിൽ പാടാൻ തുടങ്ങി. വെർജീനിയായും ഈ യോഗങ്ങളിൽ സംബന്ധിക്കുവാൻ ആരംഭിച്ചു. ചത്വരത്തിലെ മദ്യപയായ ലൊറീൻ എന്ന പെൺകുട്ടിയെ അവൾ വീട്ടിലേയ്ക്ക് കൂട്ടിക്കൊണ്ടുവന്നത് വലിയമ്മ മദാംപേജിന് ഇഷ്ടമായില്ല. അവർ വീടുവിട്ടുപോയി. ഇതിനിടെ ചത്വരത്തിലെ മദ്യലോബിക്കെതിരേ യഥാർത്ഥക്രിസ്ത്യാനികൾ അണിനിരന്നു. ഈ പോരാട്ടത്തിൽ ലൊറീൻ രക്തസാക്ഷിയായി.*

*ഷിക്കാഗോയിലെ സഭാശുശ്രൂഷകൻ ഡോ.ബ്രൂസ് റെയ്മണ്ടിലെ ഉണർവ്വിനെക്കുറിച്ച് അറിഞ്ഞ് അതു തന്റെ സഭയിലും പ്രാവൃത്തികമാക്കാൻ തുനിയുന്നു. ഡോ.ബ്രൂസും ബിഷോപ്പും തങ്ങളുടെ സ്ഥാനം രാജിവച്ച് ചേരിപ്രദേശത്ത് താമസമാരംഭിച്ചു.*

*തുടർന്നുവായിക്കുക....*

## 21

ബിഷോപ്പ് സാധാരണയായി അധികം പണമൊന്നും കൈയിൽ കൊണ്ടു നടക്കാറില്ല. അദ്ദേഹത്തിന്റെ കീശ തപ്പിയ ആൾ അതിൽ കണ്ടെത്തിയ തുച്ഛമായ തുക കണ്ട് ഒരു ചീത്ത വിളിച്ചു പറഞ്ഞു. അപ്പോൾ കൈത്തോക്കുമായി നിന്ന അപരൻ വന്യമായ ശബ്ദത്തിൽ അലറി: "ആ വാച്ചും അഴിച്ചെടുക്കുക. ഒരു പണിക്കിറങ്ങിയാൽ കിട്ടാവുന്നത്രയും കിട്ടണം."

കീശ തപ്പിയവൻ വാച്ചിന്റെ ചെയിനിൽ കടന്നു പിടിക്കാൻ തുടങ്ങിയതും ഒരു കാലൊച്ച അടുത്തുവരുന്ന ശബ്ദം.

"ഞങ്ങളുടെ ജോലി കഴിഞ്ഞിട്ടില്ല. വേലിക്കു പിന്നിലേക്ക് ഒതുങ്ങിക്കോ. മിണ്ടരുത്....അല്ലെങ്കിൽ..." കൈത്തോക്കുകാരന്റെ ഭീഷണിയും അപരൻ ബിഷോപ്പിനെ മറവിലേക്കു തള്ളിമാറ്റിയതും ഒപ്പമായിരുന്നു. കാലൊച്ച അകന്നുപോയി.

"വാച്ച് അഴിച്ചെടുത്തോ?" കൈത്തോക്കുകാരൻ ചോദിച്ചു.

"ഇല്ല, ഈ ചെയിൻ അഴിയുന്നില്ല."

"പൊട്ടിച്ചെടുക്ക്".

"വേണ്ട, പൊട്ടിക്കേണ്ട. എന്റെ ഒരു ഉറ്റസ്നേഹിതൻ തന്ന സമ്മാനമാണ് ആ ചെയിൻ. പൊട്ടിക്കുന്നതു എനിക്കു സഹിക്കാൻ കഴിയില്ല." ബിഷോപ്പ് ആദ്യമായി സംസാരിച്ചു.

ബിഷോപ്പിന്റെ ശബ്ദം കേട്ട കൈത്തോക്കുകാരൻ ഞെട്ടി. അയാൾ പെട്ടെന്നു മുന്നോട്ടു നീങ്ങി ഇടവഴിയിൽ ഒരു കീറു വെളിച്ചം വീണുകിടക്കുന്നിടത്തേക്കു ബിഷോപ്പിന്റെ മുഖം ഉന്തി നീക്കി. അയാളുടെ ഞെട്ടൽ പൂർണ്ണമായി. "വിട്ടേക്കു. വാച്ചെടുക്കേണ്ടാ." അയാൾ അലറി.

"വേണ്ടേ? ഈ അൻപതു സെന്റും കൊണ്ടു പോകാനോ?"

പെട്ടെന്ന് കൈത്തോക്ക് അയാളുടെ തലയ്ക്കു നേരെ ചൂണ്ടിക്കൊണ്ടു കൈത്തോക്കുകാരൻ അലറി:

"ആ പണവും കൊടുത്തേക്കുക. ഇതു ബിഷോപ്പാണ്....

നിനക്കറിയാമോ...ബിഷോപ്പ്...ബിഷോപ്പ്"

"അതിനെന്താ?...ബിഷോപ്പല്ല, അമേരിക്കൻ പ്രസിഡന്റായാൽതന്നെ എന്താ? നമുക്കു കിട്ടാനുള്ളതു കിട്ടണം...."

"ആ പണം തിരികെയേൽപ്പിക്കൂ ...ഉം...വേഗം...വേണം... അല്ലെങ്കിൽ നിന്റെ തലയിൽ നിമിഷങ്ങൾക്കകം തുള വീഴും." ഒരു നിമിഷം അയാൾ പകച്ചു നിന്നു. പിന്നെ തന്റെ കയ്യിലിരുന്ന പണം ബിഷോപ്പിന്റെ കീശയിൽ തിരികെ നിക്ഷേപിച്ചു.

"താങ്കൾക്കു കൈ താഴ്ത്താം." തോക്കുധാരി ബിഷോപ്പിനോടു പറഞ്ഞു. ഒരു കണ്ണു കൊണ്ട് അയാൾ കൂട്ടുകാരനെ ശ്രദ്ധിക്കയും ചെയ്യുന്നുണ്ടായിരുന്നു.

ബിഷോപ്പ് രണ്ടു പേരെയും മാറിമാറി നോക്കി. അദ്ദേഹത്തിനു തന്റെ വഴിക്കു പോകാമായിരുന്നെങ്കിലും അവിടെത്തന്നെ നിന്നു.

"താങ്കൾക്കു പോകാം. ഞങ്ങളെ പ്രതി ഇവിടെ നിൽക്കേണ്ടതില്ല." തോക്കുധാരി ഒരു കല്ലിൽ ഇരുന്നു.

അപരൻ തന്റെ കയ്യിലിരുന്ന കുറ്റി നിലത്തു നാട്ടി നിർത്തുകയായിരുന്നു.

"ഞാൻ അല്പസമയം കൂടി ഇവിടെ ഇരിക്കട്ടെ." ബിഷോപ്പും ഒരു കല്ലിൽ ഇരുന്നു.

"ഓ, താങ്കൾക്കു ഞങ്ങളുടെ കമ്പനി വളരെ ഇഷ്ടപ്പെട്ടെന്നു തോന്നുന്നു. ചിലപ്പോൾ അങ്ങനെയും സംഭവിക്കുന്നു. ആളുകളെ ഞങ്ങളിൽ നിന്നും പറിച്ചുമാറ്റാൻ വലിയ പ്രയാസമാണ്."

അയാൾ പരുക്കൻ ശബ്ദത്തിൽ ചിരിച്ചു.

"നിങ്ങൾക്കു ഞാൻ ഏതെങ്കിലും തരത്തിൽ സഹായമാകുമോ?"

ബിഷോപ്പ് ചോദിച്ചു.

"താങ്കൾ എന്നെ ഓർമ്മിക്കുന്നുണ്ടോ?" തോക്കുധാരി മറുചോദ്യം ചോദിച്ചു.

"ഇല്ല. ഇവിടെ വെളിച്ചം തീരെ കുറവാണ്. എനിക്കു നിങ്ങളുടെ മുഖം അത്ര പിടികിട്ടിയിട്ടുമില്ല."


"ഇപ്പോൾ എങ്ങനെ?" അയാൾ തൊപ്പിയൂരി വെളിച്ചത്തേക്കു വന്നു. തന്റെ കറുത്ത തലമുടിക്കിടയിലുള്ള വെളുത്ത പാട് കാട്ടിക്കൊടുത്തു.

പെട്ടെന്നു ബിഷോപ്പിന്റെ ഓർമ്മ ഭൂതകാലത്തിലേക്കു ഊളിയിട്ടുപോയി.

"ന്യൂയോർക്കിലെ ചേരിപ്രദേശ








ത്തുണ്ടായ തീപിടുത്തത്തിൽ ഭാര്യയും കുഞ്ഞും പൊള്ളലേറ്റു മരിച്ച കഥയുമായി 81 ലോ 82 ലോ താങ്കളുടെ അടുത്തേക്ക് ഒരു ദിവസം ഒരാൾ വന്നതോർക്കുന്നുണ്ടോ?"

"അതേ. ഇപ്പോൾ ഞാൻ ഓർക്കുന്നു." നിലം കുഴിച്ചുകൊണ്ടിരുന്ന അപരനും പണി നിർത്തി ശ്രദ്ധിക്കാൻ തുടങ്ങി.

"നിങ്ങൾ നിങ്ങളുടെ വാക്കു പാലിക്കുന്നുണ്ടെന്നു ഞാൻ കരുതുന്നു"

ബിഷോപ്പ് പറഞ്ഞു.

തോക്കുധാരി വന്യമായി ചിരിച്ചു. അയാൾ വേലിയിലേക്ക് ആഞ്ഞടിച്ചു. കൈത്തലത്തിൽ നിന്നും ചോരയൊഴുകാൻ തുടങ്ങി.

"വാക്കു പാലിച്ചെന്നോ? ആ ആഴ്ചയിൽത്തന്നെ ഞാൻ വീണ്ടും മദ്യപിക്കാൻ തുടങ്ങി. അതിപ്പോഴും തുടരുന്നു. പക്ഷേ ഞാൻ താങ്കളെയും താങ്കളുടെ പ്രാർത്ഥനയും ഒരിക്കലും മറന്നിട്ടില്ല. ഞാൻ താങ്കളുടെ വീട്ടിലേക്കു വന്നത് താങ്കൾ ഓർക്കുന്നുണ്ടോ? കാലത്തെ ഞാൻ വന്നപ്പോൾ പ്രഭാതഭക്ഷണം തന്നു. അതിനുശേഷം താങ്കൾ പ്രാർത്ഥിച്ചു. കടന്നുവന്ന് എല്ലാവരോടുമൊപ്പം ഇരിക്കാൻ പറഞ്ഞു. അതൊക്കെ ഞാൻ ഓർക്കുന്നു. അമ്മ പ്രാർത്ഥിക്കുമായിരുന്നു. എന്റെ അടുക്കൽ മുട്ടുകുത്തിനിന്ന്. അതു ഞാൻ ഓർക്കുന്നു. ഒരു രാത്രി അപ്പൻ എന്റെ അടുക്കൽ മുട്ടുകുത്തി പ്രാർത്ഥിക്കുന്ന അമ്മയെ തൊഴിച്ചു. അന്നു രാവിലെ താങ്കൾ എനിക്കുവേണ്ടി പ്രാർത്ഥിച്ചതും ഞാനൊരിക്കലും മറക്കില്ല. അമ്മയെപ്പോലെയാണു താങ്കൾ എനിക്കുവേ

ണ്ടി പ്രാർത്ഥിച്ചത്. ഞാൻ കുടിച്ചിരുന്നു. വികൃതമായ വേഷത്തിലും പരുക്കൻ ഭാവത്തിലുമൊക്കെയായിരുന്നു. പക്ഷേ അങ്ങു കണക്കിലെടുത്തില്ല. മദ്യഷാപ്പ് എന്റെ ഭവനമായിരുന്നു. നരകത്തിലേക്ക് എന്നെ കൈപിടിച്ചു നടത്തിയ ഭവനം. എങ്കിലും ആ പ്രാർത്ഥന എന്റെ മനസ്സിൽ തങ്ങി നില്പുണ്ട്. താങ്കൾക്ക് ഞാൻ തന്ന വാഗ്ദാനം ഞാൻ കാറ്റിൽ പറത്തി. താങ്കൾ വാങ്ങിത്തന്ന ജോലിയും ഞാൻ നഷ്ടപ്പെടുത്തി. പോലീസ് പിടിയിലായി. താങ്കളുടെ പ്രാർത്ഥന കൊണ്ട് എനിക്കെന്തെങ്കിലും ഗുണമുണ്ടായിട്ടുണ്ടോ എന്നെനിക്കറിഞ്ഞു കൂടാ. പക്ഷേ ഞാനതു മറക്കില്ല. ഞാനങ്ങേയ്ക്ക് ഒരു ദോഷവും ചെയ്യില്ല. എന്റെ മുമ്പിൽ ആരും അങ്ങനെ ചെയ്യാൻ ഞാൻ സമ്മതിക്കില്ല. അതുകൊണ്ട് ഞാൻ താങ്കളെ സ്വതന്ത്രനാക്കിയിരിക്കുന്നു. താങ്കൾക്ക് ഇപ്പോൾ പോകാം".

ബിഷോപ്പ് അവിടെത്തന്നെയിരുന്നു. ഏതോ പള്ളിയുടെ നാഴികമണി ഒരു പ്രാവശ്യം ശബ്ദിച്ചു. അർദ്ധരാത്രി കഴിഞ്ഞിരിക്കുന്നു.

''നിങ്ങൾക്കു ജോലിയൊന്നുമില്ലാതായിട്ട് എത്രനാളായി?"

ബിഷോപ്പ് ചോദിച്ചു.

"ആറുമാസമായി ഞങ്ങൾ രണ്ടുപേരും ഈ പിടിച്ചുപറി ജോലി ചെയ്യുന്നുണ്ട്".

"ഞാൻ നിങ്ങൾക്കു രണ്ടുപേർക്കും മാന്യമായ എന്തെങ്കിലും തൊഴിൽ കണ്ടെത്തിയാൽ നിങ്ങളിത് ഉപേക്ഷിക്കുമോ?"

"അതുകൊണ്ടുള്ള ഗുണമെന്താണ്? ഞാനാണെങ്കിൽ ഒരു നൂറുപ്രാവശ്യമെങ്കിലും മാനസാന്തര പ്പെട്ടിട്ടുണ്ട്. ഓരോ പ്രാവശ്യവും ഞാൻ കൂടുതൽ ആഴത്തിലേക്കു തിരിച്ചു പോവുകയായിരുന്നു. ഇപ്പോൾ പിശാച് എന്നെ തടവിലാക്കിക്കഴിഞ്ഞു. ഇനി രക്ഷയില്ല."

"അങ്ങനെയല്ല." ബിഷോപ്പ് പറഞ്ഞു. ആ ആത്മാക്കൾക്കു വേണ്ടിയുള്ള ദാഹം ഉള്ളിൽ വർദ്ധിക്കുന്നത് അദ്ദേഹമറിഞ്ഞു. അതൊരു പ്രാർത്ഥനയിലേക്കു തന്നെ നടത്തി.

"കർത്താവായ യേശുവേ, ഈ രണ്ട് ആത്മാക്കളെയും എനിക്കു നൽകേണമേ. ഞാൻ അവർക്കുവേണ്ടി ദാഹിക്കുന്നു."

"അങ്ങനെയല്ല" ബിഷോപ്പ് അവരോടു പറഞ്ഞു. "ദൈവം നിങ്ങൾ രണ്ടുപേരിൽ നിന്നും വളരെ പ്രതീക്ഷിക്കുന്നു. അതിനുവേണ്ടി എനിക്ക് എന്തു ചെയ്യാൻ കഴിയുമെന്നതും ദൈവം ശ്രദ്ധിക്കുന്ന ഒരു കാര്യമാണ്. നിങ്ങൾ ദൈവത്തിനു വളരെ വിലപ്പെട്ടവരാണ്.'' ഗതകാലസ്മരണകൾ അദ്ദേഹത്തിലുണർന്നു. തന്റെ മുമ്പിലിരിക്കുന്ന ആളിന്റെ പേര് അദ്ദേഹം ഓർമ്മിച്ചെടുത്തു.

"ബേൺസ്, നിങ്ങൾ രണ്ടുപേരും എന്നോടൊപ്പം പോരുമെങ്കിൽ ഞാൻ നിങ്ങൾക്കു വേണ്ടി മാന്യമായ തൊഴിലുകൾ കണ്ടെത്താൻ ശ്രമിക്കാം. ഞാൻ നിങ്ങളെ വിശ്വസിക്കുന്നു. എനിക്കു നിങ്ങളിൽ നല്ല വിശ്വാസമുണ്ട്. നിങ്ങൾ ചെറുപ്പവുമാണ്. നിങ്ങൾ എന്തിനാണു ദൈവ ത്തിനു നഷ്ടമാകുന്നത്? ഇത്രവലിയവനായ ഒരു പിതാവിന്റെ സ്നേഹം ഏറ്റുവാങ്ങുന്നതു മഹത്തായ ഒരു കാര്യമാണ്. ഞാൻ നിങ്ങളെ സ്നേഹിക്കുന്നു എന്നതു നിസ്സാരവും അപ്രസക്തവുമായ ഒരു കാര്യമാണ്. എന്നാൽ ഈ ലോകത്തിൽ സ്നേഹം അവശേഷിക്കുന്നു എന്ന് നിങ്ങൾക്കു വിശ്വസിക്കയും ബോദ്ധ്യപ്പെടുകയും ചെയ്യേണ്ടതാവശ്യമെങ്കിൽ എന്റെ സഹോദരന്മാരേ, ഞാൻ നിങ്ങളെ സ്നേഹിക്കുന്നു. നമുക്കു വേണ്ടി ക്രൂശിതനായവന്റെ നാമത്തിൽ ഞാൻ പറയുന്നു അവിടുന്നു മനുഷ്യനു നൽകിയ ആ മഹത്വം നിങ്ങൾ നഷ്ടപ്പെടുത്തുന്നത് എനിക്കു സഹിക്കാനാവുന്നില്ല. വരിക, പുരുഷന്മാരാവുക. ദൈവം പുതിയൊരു ജീവിതത്തിനു നിങ്ങളെ സഹായിക്കും. ഈ രാത്രിയിലെ സംഭവങ്ങൾ നാമും ദൈവവും ഒഴികെ മറ്റാരും അറിയില്ല. ദൈവം അതിലെ എല്ലാം തന്നെ നിങ്ങളോടു ക്ഷമിക്കുന്നു. അതു സത്യമാണെന്നു തുടർന്നു നിങ്ങൾ മനസ്സിലാക്കും. നമുക്കൊന്നിച്ച് അതിനുവേണ്ടി പോരാടാം. വലിയ ഒരു പോരാട്ടം നടത്തി നേടാൻ തക്ക മൂല്യമുള്ളതാണത്- നിത്യജീവൻ. യേശുക്രിസ്തു വന്നത് ഇതു പോലെയുള്ള പാപിക ൾക്കു വേണ്ടിയാണ്. ഓ! ദൈവമേ, ഈ ആത്മാക്കളെ രക്ഷിക്കേണമേ". തുടർന്ന് അദ്ദേഹം അവർ കേൾക്കെത്തന്നെ പ്രാർത്ഥിച്ചു. അദ്ദേഹത്തിന്റെ വികാരങ്ങളുടെ ഒഴുക്ക് വളരെ ശക്തമായിരുന്നു. ബേൺസ് കൈകളിൽ മുഖമമർത്തി കരയാൻ തുടങ്ങി. അയാളുടെ അമ്മയുടെ പ്രാർത്ഥനകളുടെ മറുപടി അതു ബിഷോപ്പിന്റെ പ്രാർത്ഥനയ്ക്ക് ഒരു തുണയായി നിന്നു. ഈ സമയം അപരൻ യാതൊരു കുലുക്കവുമില്ലാതെ നിർവ്വി കാരനായി വേലിയിൽ ചാരിയിരുന്നു. അയാൾക്കു ബിഷോപ്പുമായി മുൻപരിചയമൊന്നുമുണ്ടായിരുന്നില്ല. പക്ഷേ പ്രാർത്ഥ നയിലെ വാക്കുകളും യാചനയിലെ ആർദ്രതയും ബേൺസിന്റെ വർദ്ധമാനമായിക്കൊണ്ടിരുന്ന തേങ്ങലുകളും അയാളുടെ ഉള്ളിലും ചില ചലനങ്ങൾ ഉണ്ടാക്കാൻ തുടങ്ങി. പരിശുദ്ധാത്മാവിന്റെ എന്തുശക്തിയാണ് പരുക്കനായ അയാളെ ഇളക്കിയതെന്നു പറഞ്ഞുകൂടാ. പൗലോസിനെ ദമസ്ക്കോസ് റോഡിൽ എതിരിട്ട ആ ശക്തി, മാക്സ്വെല്ലിന്റെ പ്രഥമസഭയിൽ വ്യാപരിച്ച ആ ശക്തി, നസ്രത്ത് അവന്യൂ സഭയിലെ അനങ്ങാമ്പാറകളെ കീറിമുറിച്ച ശക്തി ഇതാ ഈ അഴുക്കുചാലിലെ ഇരുട്ടിന്റെ കോണിൽ രണ്ടു മനുഷ്യജീവിതങ്ങളെ ബന്ധിച്ചിരിക്കുന്നു. ഇപ്പോഴിത് ദൈവവുമായുള്ള ബന്ധം വിച്ഛേദിക്കപ്പെട്ടു തങ്ങളായിരുന്ന തടവറകളെ തുറക്കുവാൻ തക്കവണ്ണം പ്രാർത്ഥനയ്ക്കു മറുപടി ലഭിച്ചിരിക്കുന്നു. അത് അവരിലും വലിയ അത്ഭുതം ഉണ്ടാക്കിയിരിക്കുന്നു.

ബിഷോപ്പ് പ്രാർത്ഥന നിർത്തി. എന്താണു സംഭവിച്ചതെന്ന് ആർക്കും നിശ്ചയമുണ്ടായിരുന്നില്ല. ബേൺസ് അപ്പോഴും കാൽമുട്ടുകൾക്കിടയിൽ മുഖമമർത്തി നിശ്ചലനായിരി ക്കയായിരുന്നു. വേലിയിൽ ചാരിയിരുന്ന അപരൻ മാനസാന്തരത്തിന്റെയും അനുതാപത്തിന്റെയും അത്ഭുതത്തിന്റെയും പുതിയ സന്തോഷത്തിന്റെയുമൊക്കെ അനുഭവത്തിലായിരുന്നു. ബിഷോപ്പ് എഴുന്നേറ്റു.

"വരിക സഹോദരന്മാരേ, എന്റെ സങ്കേതത്തിൽ രാപാർക്കാം. ദൈവം നല്ലവനാണ്. എന്റെ വാക്കു പാലിക്കാൻ അവിടുന്ന് എന്നെ സഹായിക്കും."

രണ്ടു മണിയോടെ അവർ ബിഷോപ്പിന്റെ ഭവനത്തിൽ എത്തി. ഒരു മുറിയുടെ വാതിൽ തുറന്നു പിടിച്ച് അദ്ദേഹം അവർക്കു ''ശുഭരാത്രി'' ആശംസിച്ചിട്ടു തന്റെ മുറിയിലേക്കു പോയി.

പിറ്റേന്നു തന്നെ ബിഷോപ്പ് രണ്ടുപേർക്കും ജോലി കണ്ടെത്തി. ബേൺസിന് ദ്വാരപാലകന്റെ സഹായിയായും അപരന് ഒരു ഗോഡൗണിൽ ഡ്രൈവറായും ജോലി ലഭിച്ചു. പരിശുദ്ധാത്മാവ് തന്റെ പുതുക്കുന്ന വ്യാപാരശക്തിയാൽ അവരിൽ പ്രവർത്തിച്ചുകൊണ്ടിരുന്നു.

**(തുടരും)**

✱

ചരിത്രത്തിൽ നിന്ന്

# അമ്മയെ ബഹുമാനിക്കുന്ന വിധം

***ചൈന***യിൽ ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെടുന്ന കാലം. രഹസ്യസഭകൾ കണ്ടെത്തി ക്രിസ്ത്യാനികളെ കൂട്ടത്തോടെ അറസ്റ്റുചെയ്യുവാൻ പോലീസ് അധികാരികൾ പരസ്പരം മത്സരിച്ചിരുന്നു. അതിനിടയിൽ അവർ ഫാങ്ചെങ് എന്ന ക്രിസ്തീയ നേതാവിനെ അറസ്റ്റു ചെയ്തു.

ഫാങ്ങിനെ അധികാരികൾ നിരന്തരം പീഡിപ്പിക്കുകയും സഹവിശ്വാസികളെ ഒറ്റിക്കൊടുക്കുവാൻ നിർബന്ധിക്കുകയും ചെയ്തു. ഒരു ദിവസം അദ്ദേഹത്തെ ചോദ്യം ചെയ്യാൻ അധികാരിയുടെ മുൻപിൽ ഹാജരാക്കിയപ്പോൾ കണ്ടകാഴ്ച ഫാങിനെ നടുക്കിക്കളഞ്ഞു-തന്റെ വൃദ്ധമാതാവ് അറസ്റ്റുചെയ്യപ്പെട്ട് പീഡനങ്ങളേറ്റു തളർന്ന ശരീരത്തോടെ അവിടെ ഒരു മൂലയ്ക്ക് നിൽക്കുന്നു!

ഫാങ് സംയമനം പാലിച്ച് അധികാരിയുടെ ചോദ്യങ്ങളെ അഭിമുഖീകരിക്കാൻ തയ്യാറെടുത്തു പെട്ടെന്ന് അധികാരി വളരെ ശാന്തഭാവത്തോടെ ഇങ്ങനെ ചോദിച്ചു:"റവ.ഫാങ് നിങ്ങൾ ക്രിസ്ത്യാനികളുടെ ബൈബിളിൽ 'പത്തുകല്പനകൾ' ഉണ്ടെന്നു ഞങ്ങൾ കേട്ടിട്ടുണ്ട്. ദയവായി അതു ക്രമമായി ഞങ്ങൾക്കു വേണ്ടി ഒന്നു ചൊല്ലാമോ?"

ഫാങ് അമ്പരന്നു. എന്താണ് അധികാരിക്ക് ഒരു മനംമാറ്റം? യഥാർത്ഥത്തിൽ ദൈവകല്പന അറിയാൻ വേണ്ടിയാണോ, അതോ പരിഹസിക്കാൻ എന്തെങ്കിലും പഴുതുകണ്ടെത്താൻ വേണ്ടിയാണോ ഇങ്ങനെ ചോദിച്ചതെന്നു തീർച്ചപ്പെടുത്താൻ ഫാങിനു കഴിഞ്ഞില്ല. എങ്കിലും വിസ്താരത്തിനായി വന്നിരിക്കുന്ന കമ്യൂണിസ്റ്റുകാരെ ദൈവവചനം പറഞ്ഞു കേൾപ്പിക്കാൻ ലഭിച്ച അവസരമാണല്ലോ, അതു ഫലപ്രദമായി ഉപയോഗിക്കണമല്ലോ എന്നോർത്ത് അദ്ദേഹം പെട്ടെന്നു തന്നെ 'പത്തു കല്പനകൾ' ചൊല്ലുവാൻ തുടങ്ങി:''ഞാനല്ലാതെ അന്യദൈവം നിങ്ങൾക്കുണ്ടാകരുത്; ഒരു വിഗ്രഹത്തേയും ഉണ്ടാക്കരുത്...." അങ്ങനെ ചൊല്ലിവന്ന് "അപ്പനേയും അമ്മയേയും ബഹുമാനിക്കുക'' എന്ന കല്പന ചൊല്ലിക്കഴിഞ്ഞപ്പോൾ പൊടുന്നനെ നിർത്തുവാൻ അധികാരി പറഞ്ഞു.

എന്നിട്ട് അദ്ദേഹം ഇങ്ങനെ തുടർന്നു: ''റവ. ഫാങ് നിങ്ങൾ ദൈവകല്പന അനുസരിക്കുന്ന ഒരു സത്യക്രിസ്ത്യാനിയാണെന്നു ഞങ്ങൾക്കറിയാം. ഇതാ ആ മൂലയ്ക്കു നിൽക്കുന്നതു താങ്കളുടെ മാതാവാണല്ലോ. അവളെ ദൈവകല്പന അനുസരിച്ചു ബഹുമാനിക്കാനും അവളുടെ ജീവൻ രക്ഷിക്കാനും ഇതാ ഒരു സുവർണ്ണാവസരം. മര്യാദയ്ക്ക് മറ്റു ക്രിസ്ത്യാനികളുടെ പേരുവിവരങ്ങൾ വെളിപ്പെടുത്തുക. അല്ലെങ്കിൽ അവളെ താങ്കളുടെ കണ്മുമ്പിൽ തന്നെ വധിക്കുവാൻ പോകയാണ്!"

ഇടിത്തീ പോലെയുള്ള വാക്കുകൾ. അപ്പോൾ ഇതായിരുന്നു പത്തു കല്പന ചൊല്ലാൻ പറഞ്ഞതിനുപിന്നിലുള്ള തന്ത്രം. എന്തു ചെയ്യണമെന്നറിയാതെ ഫാങ് ധർമ്മസങ്കടത്തിലായി.

അദ്ദേഹം ദയനീയമായി അമ്മയെ





## പ്രാർത്ഥന അനുഗ്രഹത്തിന്റെ താക്കോൽ *പേജ് 21 ൽ നിന്ന്*

"പ്രാർത്ഥിക്കുന്ന ഹൈഡ്" ആകുവാൻ കഴിയുകയില്ലെന്ന് അല്പംമുമ്പേ നിങ്ങൾ നിങ്ങളുടെ ഹൃദയത്തിൽ പറഞ്ഞില്ലേ? ശരിയാണ്, നമുക്ക് എല്ലാവർക്കും പ്രാർത്ഥിക്കുവാനായി ഇത്രയേറെ സമയം മാറ്റിവയ്ക്കാൻ ബുദ്ധിമുട്ടാണ്. ശാരീരികമോ അല്ലാത്തതോ ആയ കാരണങ്ങൾ സുദീർഘമായ പ്രാർത്ഥനയിൽനിന്ന് നമ്മെ തടയുന്നു. എന്നാൽ നമുക്ക് അവന്റെ പ്രാർത്ഥനയുടെ ആത്മാവുണ്ട്. അറിയപ്പെടാത്ത സുഹൃത്ത് ജോൺ ഹൈഡിനുവേണ്ടി ചെയ്തതുപോലെ നമുക്ക് എന്തുകൊണ്ട് മറ്റുള്ളവർക്കുവേണ്ടി ചെയ്തുകൂടാ?

നമ്മുടെ സഭാശുശ്രൂഷകന്റെമേലും മറ്റുള്ളവരുടെമേലും അനുഗ്രഹം ചൊരിയേണ്ടതിന് നമുക്ക് പ്രാർത്ഥിക്കാൻ കഴിയുകയില്ലേ? നിങ്ങളുടെ സുഹൃത്തിന്റെ മേൽ? നിങ്ങളുടെ കുടുംബത്തിന്മേൽ? നാം ഈ മേഖലയിലേക്കു കടക്കുന്നപക്ഷം എന്തൊരു ശുശ്രൂഷയായിരിക്കും നമ്മുടേത്! പക്ഷേ, അതു ചെയ്യുവാൻ ജോൺ ഹൈഡ് ചെയ്തതുപോലെ സമ്പൂർണ്ണസമർപ്പണം ആവശ്യമാണ്. നാം അതു ചെയ്തിട്ടില്ലല്ലോ? ഹൃദയത്തിൽ കേടുള്ളതുകൊണ്ടാണ് പ്രാർത്ഥനയിൽ പരാജയപ്പെടുന്നത്. ഹൃദയശുദ്ധിയുള്ളവർക്കുമാത്രമേ ദൈവത്തെ കാണാൻ കഴിയൂ. നിർമ്മലഹൃദയത്തോടെ കർത്താവിനെ വിളിച്ചപേക്ഷിക്കുന്നവർക്കു (2 തിമൊ. 2:22) മാത്രമേ ആത്മവിശ്വാസത്തോടെ തങ്ങളുടെ പ്രാർത്ഥനകൾക്ക് മറുപടി അവകാശപ്പെടാൻ സാധിക്കൂ.

ഇപ്പോൾ പരിശുദ്ധാത്മാവിന്റെ നിറവിനായി ഇതു വായിച്ചുകൊണ്ടിരിക്കുന്ന ഓരോരുത്തനും അവകാശവാദം ഉന്നയിക്കുന്നപക്ഷം എന്തുവലിയ ഉണർവ്വു പൊട്ടിപ്പുറപ്പെടും, എന്തു വലിയ അനുഗ്രഹം ചൊരിയപ്പെടും!

നാം എന്തുകൊണ്ടാണ് പ്രാർത്ഥിക്കണം എന്ന് ദൈവം ആഗ്രഹിക്കുന്നതെന്ന് നിങ്ങൾ മനസ്സില്ക്കുന്നില്ലേ? വിലയുള്ളതെല്ലാം പ്രാർത്ഥനയാൽ മാത്രമാണ് അനുഭവവേദ്യമാകുന്നതെന്ന് നിങ്ങൾ ഇപ്പോൾ മനസ്സിലാക്കുന്നുവോ? അതിന് പല കാരണങ്ങളുണ്ട്; എന്നാൽ ഈ ലേഖനം വായിച്ചു കഴിയുമ്പോഴേക്കും ഒരു കാര്യം നമ്മുടെ മുമ്പിൽ വ്യക്തവും പ്രകടവുമായി നിലകൊള്ളുന്നു. അതിതാണ്; നാം ചോദിച്ചിട്ടും ദൈവം തരുന്നില്ലെങ്കിൽ കുറവു

---

നോക്കിക്കൊണ്ട് ചോദിച്ചു:"മമ്മീ, ഈ സന്ദർഭത്തിൽ ഞാൻ എന്താണു ചെയ്യേണ്ടത്?"

ആ ധീരമാതാവിന്റെ മറുപടി ഇങ്ങനെ:''മകനേ, നിന്നെ ബാല്യം മുതൽ ഞാൻ പഠിപ്പിച്ചത് ക്രിസ്തുവിനോടും അവിടുത്തെ ശരീരമാകുന്ന സഭയോടും വിശ്വസ്തനായിരിക്കണമെന്നല്ലേ?. ഇപ്പോൾ പിന്നെ നിനക്കെന്താണ് ഒരു ചാഞ്ചാട്ടം?. എന്റെയോ നിന്റെയോ ജീവനെ ഗണ്യമാക്കരുത്. നിന്റെ രക്ഷകനോടും അവിടുത്തെ ഇളയസഹോദരന്മാരോടും വിശ്വസ്തനായിരിക്കുക. നീ യേശുവിനെയോ സഭയെയോ ഒറ്റി ക്കൊടുത്താൽ മേലിൽ ഒരിക്കലും എന്റെ മകനായിരിക്കുകയില്ലെന്ന് ഓർത്തുകൊള്ളുക."

ആ വാക്കുകൾ ഫാങിനെ ശക്തിപ്പെടുത്തി. അദ്ദേഹവും അമ്മയും ആ നിലപാടിന്റെ തിക്തഫലങ്ങൾ അനുഭവിക്കേണ്ടിവന്നുവെങ്കിലും അവർ മരണപര്യന്തം വിശ്വസ്തരായി നിന്നു.

*

# ഒരു പ്രാർത്ഥന

സൗമ്യനും വിനീതനുമായ കർത്താവായ യേശുവേ, സ്നേഹിക്കപ്പെടുവാനും പുകഴ്ചലഭിക്കുവാനുമുള്ള ആഗ്രഹത്തിൽ നിന്ന് എന്നെ വിടുവിക്കണമേ.

ബഹുമാനിതനാകുവാനും പ്രശംസ കിട്ടുവാനുമുള്ള ആഗ്രഹത്തിൽ നിന്ന്, മറ്റുള്ളവരെക്കാൾ ശ്രേഷ്ഠനായി ഗണിക്കപ്പെടുവാനുള്ള മോഹത്തിൽ നിന്ന്,

മറ്റുള്ളവർ എന്നോട് ആലോചന ചോദിക്കണമെന്ന ആഗ്രഹത്തിൽ നിന്ന്,

അംഗീകാരം ലഭിക്കുവാനുള്ള അഭിലാഷത്തിൽ നിന്ന് അങ്ങ് എന്നെ വിടുവിക്കണമേ.

അപമാനപാത്രമാകുന്നതിനെപ്പറ്റിയും നിന്ദിക്കപ്പെടുന്നതിനെപ്പറ്റിയുമുള്ള ഭയത്തിൽ നിന്ന്,

ശാസനയ്ക്കു പാത്രമാകുന്നതിനെപ്പറ്റിയും വിസ്മൃതനായിത്തീരുവാനുമുള്ള വൈമനസ്യത്തിൽ നിന്ന്,

മറ്റുള്ളവരാൽ ധിക്കരിക്കപ്പെടുവാനും ദുശ്ശങ്കയ്ക്കു പാത്രമാകുവാനുമുള്ള ഭയത്തിൽ നിന്ന്, അങ്ങ് എന്നെ വിടുവിക്കണമേ.

കർത്താവേ, മറ്റുള്ളവർ എന്നെക്കാൾ കൂടുതൽ സ്നേഹിക്കപ്പെടണമെന്ന് ആഗ്രഹിക്കുവാനുള്ള കൃപ എനിക്കു നൽകണമേ.

മറ്റുള്ളവർ എന്നെക്കാളധികം ബഹുമാനിതരാകണമെന്നും.

ലോകദൃഷ്ടിയിൽ മറ്റുള്ളവർ ഉയരുകയും ഞാൻ താഴുകയും വേണമെന്നും,

മറ്റുള്ളവർ തിരഞ്ഞെടുക്കപ്പെടുകയും ഞാൻ തള്ളപ്പെടുകയും വേണമെന്നും,

മറ്റുള്ളവർ പ്രശംസാപാത്രമാകണമെന്നും ഞാൻ ശ്രദ്ധിക്കപ്പെടാതിരിക്കണമെന്നും

എല്ലാ കാര്യത്തിലും മറ്റുള്ളവർക്ക് എന്നെക്കാളധികം പരിഗണന ലഭിക്കണമെന്നും

മറ്റുള്ളവർ എന്നെക്കാളധികം വിശുദ്ധരാകണമെന്നും (ഞാൻ ആയിത്തീരേണ്ട അളവിലെങ്കിലും വിശുദ്ധനാകുന്നപക്ഷം) ആഗ്രഹിക്കുവാനുള്ള കൃപ എനിക്കു നൽകണമേ. ആമേൻ.

അനീതി ചെയ്യുന്നവൻ ഇനിയും അനീതി ചെയ്യട്ടെ; അഴുക്കുള്ളവൻ ഇനി അഴുക്കാടട്ടെ. നീതിമാൻ ഇനിയും നീതി ചെയ്യട്ടെ; വിശുദ്ധൻ ഇനിയും തന്നെത്തന്നെ വിശുദ്ധീകരിക്കട്ടെ. ഇതാ, ഞാൻ വേഗം വരുന്നു; ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട്.

വെളിപ്പാട് 22:11,12.

---

നമ്മുടെ ഭാഗത്താണ്. ഉത്തരമില്ലാത്ത ഓരോ പ്രാർത്ഥനയും ഹൃദയാന്തർഭാഗത്തുള്ള തെറ്റിനെ കണ്ടെത്തുവാനുള്ള കാഹളധ്വനിയാണ്. കാരണം, വാഗ്ദാനം തെറ്റിക്കൂടാതവണ്ണം വ്യക്തവുമാണ്. "നിങ്ങൾ എന്റെ നാമത്തിൽ എന്ത് അപേക്ഷിച്ചാലും ഞാൻ ചെയ്തുതരും" (യോഹ. 14:14).

വാസ്തവത്തിൽ പ്രാർത്ഥിക്കുന്നവൻ ദൈവത്തെയല്ല, സ്വന്ത ആത്മീയ ജീവിതത്തെയാണ് പരീക്ഷണവിധേയമാക്കുന്നത്!

"യേശുവേ, ഞാൻ നിന്നിൽ ചേരട്ടെ,
എൻ നാളെല്ലാം നിന്നിൽ
യേശുവേ, ഞാൻ ബലമായ് ചാരട്ടെ
എൻ വഴിയിലെല്ലാം, നിന്നിൽ-

(അജ്ഞാതനായ ക്രിസ്ത്യാനി)

**സമാഹൃതം**
**(അവസാനിച്ചു)** ✱





# 2500 മക്കളുടെ അമ്മ അന്തരിച്ചു

വാഴ്സോ: ഐറീന സെൻഡ്ലർ അന്തരിച്ചു. 2500 യഹൂദകുഞ്ഞുങ്ങളെ പോളണ്ടിലെ വാഴ്സോ നഗരത്തിലെ നാസിതടങ്കൽപാളയത്തിൽ നിന്നു സാഹസികമായി രക്ഷിച്ചു ചരിത്രത്തിൽ സ്ഥാനം നേടിയ വനിതയായിരുന്നു ഐറീന സെൻഡ്ലർ.

വാഴ്സോ നഗരത്തിനടുത്തുള്ള ഒട്വോക് എന്ന സ്ഥലത്ത് 1910 ഫെബ്രുവരി 15 നാണു ഐറീന ജനിച്ചത്. ഡോക്ടറായിരുന്ന പിതാവ് എല്ലാ മനുഷ്യരെയും മതമോ വംശമോ വർണ്ണമോ നോക്കാതെ സ്നേഹിക്കാനും ബഹുമാനിക്കാനും ഐറീനെ പഠിപ്പിച്ചു. 1939 സെപ്റ്റംബർ ഒന്നിനാണു നാസികൾ പോളണ്ടിൽ അധിനിവേശം നടത്തിയത്. അവർ 4,50,000 യഹൂദരെ തടവുകാരാക്കി. അന്ന് ഐറീന സെൻഡ്ലർ യഹൂദരെ രക്ഷിക്കാൻ 30 പരിചയക്കാരെ ചേർത്ത് ഒരു സംഘടനയുണ്ടാക്കി. വാഴ്സോയിലെ അറിയപ്പെടുന്ന ഒരു സാമൂഹികപ്രവർത്തകയായിരുന്നതുകൊണ്ട് നാസിതടങ്കൽ പാളയത്തിൽ പ്രവേശിക്കാൻ ഐറീന സെൻഡ്ലർക്ക് അനുമതി ലഭിച്ചിരുന്നു. ഈ മറവിൽ അവരും സംഘടനയിലെ അംഗങ്ങളും തടങ്കൽ പാളയത്തിൽ കടന്ന് പലപ്രാവശ്യമായി 2500 കുട്ടികളെ ഒളിപ്പിച്ചു കടത്തി പുറത്തുകൊണ്ടുവന്നു രക്ഷിക്കുകയാണു ചെയ്തത്. കുട്ടികളെ പുറത്തുകടത്തുന്നതു ശ്രമാവഹമായിരുന്നു. കുട്ടികൾ കരയാതിരിക്കാൻ വായ്മൂടിക്കെട്ടും. അല്ലെങ്കിൽ മരുന്നു കൊടുത്തു മയക്കി കൊണ്ടുവരും. ചിലരെ ശവപ്പെട്ടികളിൽ കിടത്തിക്കൊണ്ടുവന്നു. ചിലരെ പുറത്തുകടത്താൻ പൊലീസിനു കൈക്കൂലി നൽകേണ്ടിയും വന്നു. പുറത്തുകൊണ്ടുവന്ന ശേഷം യഹൂദകുഞ്ഞിനെ ക്രിസ്ത്യാനിയാണെന്നു രേഖയുണ്ടാക്കി ഏതെങ്കിലും അനാഥാലയത്തിൽ കൊടുത്തോ ക്രിസ്തീയകുടുംബങ്ങൾക്കു കൈമാറിയോ ആണു വളർത്തിയത്. അങ്ങനെ മൊത്തം 2500 മക്കളുടെ അമ്മയായി മാറിയ ഐറീന സെൻഡ്ലറാണ് ഇപ്പോൾ 98-ാം വയസ്സിൽ അന്തരിച്ചത്.

## യിസ്രായേലിനു 60 വയസ്സ്

ജറുസലേം: യിസ്രായേൽ രാഷ്ട്രത്തിന്റെ 60-ാം വാർഷികം വർണോജ്ജ്വലമായ പരിപാടികളോടെ ആഘോഷിച്ചു. 1948 മേയ് 14 നാണു യിസ്രായേൽ സ്വാതന്ത്ര്യം പ്രഖ്യാപിച്ചത്. പക്ഷേ യഹൂദകലണ്ടർപ്രകാരം ഒരാഴ്ച നേരത്തെയാണു വാർഷികാഘോഷം നടത്തിയത്.

**Just a minute**




*....And he who seeks will find....*

Mathew 7:8

**Pheba P. Cleetus**
Kochi

# ആത്മഹത്യക്കു മുമ്പ് ഒരു നിമിഷം

**രാ**ത്രിയിൽ പൊതുസ്ഥലത്ത് ഒരു സുവിശേഷയോഗം സമാപിക്കുന്നു. പ്രസംഗകൻ ഒടുവിൽ പ്രാർത്ഥിച്ച് അവസാനിപ്പിച്ച് തന്റെ കസേരയിൽ വന്നിരുന്ന് പിരിഞ്ഞുപോകുന്ന ജനക്കൂട്ടത്തെ നോക്കിക്കാണുകയാണ്. പെട്ടെന്ന് ഒരു ചെറുപ്പക്കാരൻ ആൾക്കൂട്ടത്തെ വകഞ്ഞുമാറ്റി. ധൃതഗതിയിൽ സുവിശേഷകനെ സമീപിച്ചു. സുമുഖനും ആരോഗ്യവാനുമാണയാൾ. പക്ഷേ മുഖത്ത് എന്തെന്നില്ലാത്ത അസ്വാസ്ഥ്യം. തീർത്തും അക്ഷമനുമാണയാൾ.

"ഹലോ" പ്ലാറ്റ്ഫോമിനു താഴെ നിന്നു തന്നെ അയാൾ പ്രസംഗകനെ വിളിച്ചു. സുവിശേഷകൻ കസേരയിൽ നിന്ന് എഴുന്നേറ്റു. അപ്പോഴേക്കും അയാൾ പ്ലാറ്റ്ഫോമിന്റെ രണ്ടുപടികൾ വീതം ഒന്നിച്ചുചാടിക്കയറി വേദിയിലേക്കു വന്നു. തിടുക്കത്തിനിടയിൽ  മൈക്കിന്റെ നീണ്ടുകിടന്ന വയറിൽ കാൽകുരുങ്ങി അയാൾ വേച്ചു വീഴാൻ പോയി. സുവിശേഷകൻ അയാളെ വീഴാതെ പിടിച്ച് അടുത്ത കസേരയിൽ ഇരുത്തി. ഇരുന്നപാടേ അയാൾ പറഞ്ഞു."എനിക്കു ധൃതിയുണ്ട്. ഞാൻ ആത്മഹത്യചെയ്യാൻ പോകുകയാണ്. ഞാൻ അടുത്ത പട്ടണത്തിൽ ഒരു ഹോട്ടലിൽ രാത്രിവളരെ വൈകുന്നതിനു മുൻപ് ചെന്നു മുറിയെടുത്തു പുലർച്ചയോടെ ആത്മഹത്യചെയ്യാനാണു പ്ലാൻ ചെയ്യുന്നത്. കാറിൽ അങ്ങോട്ടു പോകുന്ന വഴിക്കാണു നിങ്ങൾ പ്രസംഗിച്ചവസാനിപ്പിച്ചതു കേൾക്കാൻ ഇടയായത്. 'പ്രശ്നം എന്തുമാകട്ടെ അതിനെല്ലാം പരിഹാരമുണ്ട്' എന്നു നിങ്ങൾ പറഞ്ഞതു ഞാൻ കേട്ടു. അതുകൊണ്ട് നിങ്ങളുടെ പക്കൽ വല്ല പരിഹാരവും ഉണ്ടെങ്കിലോ? ഒന്നു ചോദിക്കുന്നതിൽ തെറ്റില്ലല്ലോ. അതിനാണു ഞാൻ വന്നത് പ്രശ്നപരിഹാരത്തിനു ഒറ്റമൂലി വല്ലതും ഉണ്ടെങ്കിൽ തരൂ. വേഗമാകട്ടെ, എനിക്കു പോണം. സമയമില്ല."

സുവിശേഷകൻ അമ്പരന്നുപോയി. പക്ഷേ നോക്കി നിൽക്കാൻ സമയമില്ല. അയാൾ വളരെ തിടുക്കത്തിലാണ്. പ്രശ്നപരിഹാരത്തിന് ഒറ്റമൂലി നിർദ്ദേശിക്കുന്നതിനു മുൻപ് പ്രശ്നം എന്താണെന്നറിയണമെന്നു സുവിശേഷകൻ പറഞ്ഞു.

ചെറുപ്പക്കാരൻ വിശദീകരിച്ചു. കടം കയറി ബിസിനസ്സ് പൊളിഞ്ഞു. ഇനി രക്ഷയില്ല-ആത്മഹത്യയല്ലാതെ.

സുവിശേഷകൻ ഒരു നിമിഷം ഗൗരവപ്പെട്ടിരുന്നു. പിന്നെ ഒരു തുണ്ടുകടലാസിൽ എന്തോകുറിച്ച് അയാൾക്കു നൽകി. അയാൾ ആ 'മരുന്നു കുറിപ്പടി' വാങ്ങി അലക്ഷ്യമായി പോക്കറ്റിൽ തിരുകി വണ്ടിയോടിച്ചു പോയി.

ഹോട്ടലിൽ മുറിയെടുത്തശേഷം അയാൾ സുവിശേഷകൻ നൽകിയ കുറിപ്പെടുത്തു വായിച്ചു. അതിൽ ഇത്രമാത്രം –'ഫിലിപ്യർ 4:13'.

ബൈബിളിലെ ഒരു വാക്യമാണിതെന്നയാൾക്കു മനസ്സിലായി. ഹോട്ടൽ മുറിയിൽ കണ്ട ബൈബിളിൽ അയാൾ ആ വാക്യംതിരഞ്ഞു: 'എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിനും മതിയാകുന്നു'. ആ വാക്യം അയാളെ സ്പർശിച്ചു. തകർച്ചയിൽ നിന്നു തന്നെ കരകയറ്റുന്ന; ശക്തനായവന്, അയാൾ ആ രാത്രി തന്റെ ജീവിതം സമർപ്പിച്ചു.

ആത്മഹത്യയെപ്പറ്റിപിന്നെ ചിന്തിച്ചതേയില്ല. അയാൾ കാറിൽ തന്നെ നാട്ടിലേക്കു മടങ്ങി. ആ വാക്യം എഴുതി തന്റെ ബിസിനസ്സ് സ്ഥാപനത്തിന്റെ ഓഫീസിൽ തൂക്കി. എല്ലാം ആദ്യം മുതൽ തുടങ്ങി. ക്രമേണ കടങ്ങൾ വീട്ടി. ബിസിനസ്സ് വീണ്ടും പച്ചപിടിച്ചു. ഇപ്പോഴും ആ വാക്യബോർഡ് ഓഫീസിൽ തൂങ്ങിക്കിടക്കുന്നു. 'എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിനും മതിയാകുന്നു.'